പഞ്ചായത്ത് വകുപ്പ്
പ്രസിദ്ധീകരണം

# പഞ്ചായത്ത്‌രാജ്

പുസ്തകം 60 ലക്കം 2 മേയ് 2020




## ജനപ്രിയ സർക്കാർ അഞ്ചാം വർഷത്തിലേക്ക്



'നമ്മുടെ നാട്
ശുചിത്വത്തിന്റെ പാതയിൽ
നാടിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ'
നമ്മുടെ ലക്ഷ്യം മാലിന്യമുക്ത കേരളം
പകർച്ചവ്യാധികളെ അകറ്റി നിർത്തുക പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക

# പഞ്ചായത്ത്‌രാജ്
മേയ് 2020

## അകത്ത്






നവകേരളത്തിന്റെ
നാല് വർഷങ്ങൾ
എ.സി. മൊയ്തീൻ 5

രണ്ടാംഘട്ട ജനകീയാസൂത്രണം
കാര്യക്ഷമതയ്ക്കും ജനകീയ കാഴ്ചപ്പാടിനും ഊന്നൽ 12

കാര്യക്ഷമതയുടെയും സുതാര്യതയുടെയും
പുതുയുഗത്തിലേക്ക് 16

ലൈഫ് - ചരിത്രനേട്ടം 19

മാലിന്യത്തിൽ നിന്ന്
സ്വതന്ത്രമാവുന്ന കേരളം 22

കേരളത്തിന്റെ അഭിമാനമായി
കുടുംബശ്രീ 25

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം
കൂട്ടായ്മയുടെ സർഗ്ഗവസന്തം 29

ആരോഗ്യരംഗത്ത്
പുത്തനുണർവ് 32

നഗര വികസനത്തിന്
7093.44 കോടി 36

തിരുവനന്തപുരം
സ്മാർട്ട് സിറ്റി 37

തൊഴിലുറപ്പിൽ കേരള മാതൃക 38

അയ്യങ്കാളി നഗര തൊഴിലുറപ്പിൽ
വൻ കുതിപ്പ് 41

ഹരിതം മണ്ണും മനസ്സും 43

കൊവിഡ് 19 പ്രതിരോധം
ലോകമാധ്യമങ്ങൾ പറയുന്നത് 46


### പംക്തികൾ


വാർത്തകൾ വിശേഷങ്ങൾ 42
അരങ്ങൊഴിഞ്ഞ വീട്ടുനന്മകൾ - 7 49
എന്ന് വായനക്കാർ 50

മേയ് 2020
പുസ്തകം 60 ലക്കം 2
വാർഷികവരിസംഖ്യ ₹ 120
www.lsgkerala.gov.in
www.dop.lsgkerala.gov.in

# പഞ്ചായത്ത്‌രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഉപദേശക സമിതി

ചെയർമാൻ
**എ.സി.മൊയ്തീൻ**
തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി

അംഗങ്ങൾ
ശാരദാ മുരളീധരൻ ഐ.എ.എസ്
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
യു.വി. ജോസ് ഐ.എ.എസ്
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കെ. തുളസിഭായ് പത്മനാഭൻ
പ്രസിഡന്റ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
സാബ്ലു തോമസ്
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം
ജി. ഹരികൃഷ്ണൻ
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
ഡോ.പി.കെ. ജയശ്രീ ഐ.എ.എസ്
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
ഡോ.പി.കെ. ജയശ്രീ ഐ.എ.എസ്
Email: directorofpanchayat@gmail.com
ഫോൺ: 0471 2323286

അസിസ്റ്റന്റ് എഡിറ്റർ
ജി. ഹരികൃഷ്ണൻ
Email: prmdp2018@gmail.com
ഫോൺ: 0471 2786303
മൊബൈൽ: 9496047036, 7907344705

കവർ ഡിസൈൻ & ലേ ഔട്ട്
നാരായണ ഭട്ടതിരി
പ്രിന്റെയ്ഡ്സ് ലേസർ മീഡിയ

മേൽവിലാസം
എഡിറ്റർ, പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം 695033

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്തം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത് രാജിന് ഉത്തരവാദിത്തമില്ല.

**എഡിറ്റോറിയൽ**

## നവകേരള ദൗത്യങ്ങൾ കൊറോണക്കാലത്തെ നന്മമരങ്ങൾ

കേരളത്തിന്റെ വികസന മുൻഗണനകളിൽ കാതലായ മാറ്റങ്ങൾക്ക് നാന്ദികുറിച്ച നവകേരള ദൗത്യം നാല് വർഷങ്ങൾ പിന്നിടുകയാണ്. പരിസ്ഥിതി, ആരോഗ്യം, വിദ്യാഭ്യാസം, ദാരിദ്ര്യ ലഘൂകരണം എന്നീ മേഖലകളിൽ പുതിയ ഈടുവയ്പുകൾ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. നൂറ്റാണ്ടിന്റെ പ്രളയത്തെ നേരിട്ട് ഒരു വർഷം പിന്നിടുന്നതിനു മുമ്പ് മറ്റൊരു പ്രളയത്തിന്റെ കെടുതികൾ നമുക്ക് അനുഭവിക്കേണ്ടി വന്നു. നിപ്പയ്ക്കു ശേഷം അതിന്റെ പതിന്മടങ്ങ് പ്രഹരശേഷിയോടെ കൊറോണ വൈറസ് വെല്ലുവിളിയുയർത്തി. രാജ്യത്തിനാകെ മാതൃകയാകുന്ന മികവോടെ അതും നമ്മൾ നേരിടുകയാണ്. കീഴടങ്ങി ശീലമില്ലാത്ത ഈ ജനത ഈ വൈതരണിയും മുറിച്ചുകടക്കുക തന്നെ ചെയ്യും.

നവകേരള ദൗത്യങ്ങളുടെ നാളിതു വരെയുള്ള നേട്ടങ്ങൾ സംരക്ഷിച്ചു കൊണ്ടും വികസനത്തുടർച്ച ഉറപ്പാക്കിയും കൊവിഡിനെതിരായ പ്രവർത്തനങ്ങളിലേക്ക് വിഭവങ്ങൾ തിരിച്ചുവിടുകയെന്ന ഇരട്ട വെല്ലുവിളിയാണ് സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങൾ നേരിടുന്നത്. പ്രതിസന്ധികളാണ് പുതിയ സാധ്യതകൾക്ക് വഴി തുറക്കുന്നത്. പ്രളയകാലം കേരളീയ സമൂഹത്തിലെ നന്മകൾ പൂത്ത കാലം കൂടിയായിരുന്നു. അറിയാത്ത സഹോദരങ്ങൾക്കു വേണ്ടി വിശപ്പു മറന്നും ഉറക്കമിളച്ചും പ്രവർത്തിക്കാൻ പതിനായിരങ്ങൾ രംഗത്തിറങ്ങി. കൊറോണക്കാലത്തും അതേ നന്മ മരം പൂക്കുകയാണ്. കൊവിഡ് കണക്കുകൾ മോശമാകുമെന്ന് അറിഞ്ഞു കൊണ്ടു തന്നെ, വിദേശങ്ങളിൽ നിന്നും ഇതര സംസ്ഥാനങ്ങളിൽ നിന്നും മടങ്ങിയെത്തുന്ന കൂടപ്പിറപ്പുകളെ ഇരു കൈയും നീട്ടി സ്വീകരിക്കുന്നു. കൈ നിറയെ പണവും പെട്ടി നിറയെ പണവുമായി വന്നിറങ്ങിയ കാലത്ത് നൽകിയ അതേ സ്നേഹവും കരുതലും രോഗപ്പകർച്ചാ ഭീഷണിയുടെ വേളയിലും കേരളം അവർക്കു നൽകുന്നു.

സംസ്ഥാനത്തിന്റെ പൊതു ജനാരോഗ്യ രംഗത്തിന് പുതു യൗവ്വനം നൽകിയ ആർദ്രം ദൗത്യമാണ് കേരളത്തിലെ കൊറോണ നിവാരണ ദൗത്യത്തിന്റെ കേന്ദ്ര ശക്തി. സ്കൂൾ തുറക്കാൻ വൈകുന്ന സാഹചര്യത്തിൽ പഠന പ്രക്രിയയും അധ്യാപക വിദ്യാർത്ഥി ബന്ധവും കണ്ണി മുറിയാതെ മുന്നോട്ടു കൊണ്ടു പോവുകയെന്ന പുതിയ ദൗത്യം കൂടി പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം ഏറ്റെടുത്തിരിക്കുന്നു. ഹരിത കേരളം ദൗത്യമാകട്ടെ, കേരളത്തിന്റെ മണ്ണും മനസ്സും ഹരിതസമൃദ്ധിയുടെ നന്മകളിലേക്ക് തിരിച്ചു കൊണ്ടുവരുന്ന ഒരു പാരിസ്ഥിതിക നവോത്ഥാനത്തിന്റെ കേളികൊട്ട് ഉയർത്തിയിരിക്കുന്നു. ഇന്ത്യയിലെ ഏറ്റവും ബൃഹത്തും സമഗ്രവുമായ സംസ്ഥാനാവിഷ്കൃത ഭവന പദ്ധതിയായി ലൈഫ് പദ്ധതി ദേശീയ ശ്രദ്ധയിൽ നിൽക്കുന്നു. താഴേ തട്ടിൽ ഈ ദൗത്യങ്ങളുടെ ചുക്കാൻ പിടിക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങളാവട്ടെ, ക്രിയാത്മകവും ഭാവനാപൂർണ്ണവുമായ പ്രവർത്തനങ്ങളിലൂടെ ജനകീയാസൂത്രണത്തിന്റെ രണ്ടാം ഘട്ടത്തെ അതിന്റെ സുവർണ്ണ കാലഘട്ടമായി മാറ്റിയിരിക്കുന്നു. പ്രതിസന്ധികൾ താണ്ടി, വികസനത്തിന്റെ പടവുകൾ പിന്നിട്ട്, നേട്ടങ്ങളുടെ പുതിയ ഔന്നത്യങ്ങളിലേക്ക് നമുക്ക് പ്രയാണം തുടരാം.

**ഡോ. പി.കെ. ജയശ്രീ ഐ.എ.എസ്.**

**"ഭാവി പ്രവചിക്കാൻ ഏറ്റവും നല്ല രീതി അത് സ്വയം നിർമ്മിച്ചെടുക്കാൻ നേരത്തെ കൂട്ടി തീരുമാനിക്കലാണ്."**
**എബ്രഹാം ലിങ്കൺ**

# നവകേരളത്തിന്റെ നാലു വർഷങ്ങൾ



**എ.സി. മൊയ്തീൻ**
**തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി**

**രാജ്യാന്തര തലത്തിലും കൂടുതൽ അംഗീകാരങ്ങൾക്കും പ്രശംസയ്ക്കും പാത്രമായ നാലു വർഷങ്ങളാണ് പിന്നിടുന്നത്. കേരളത്തിലെ ജനകീയാസൂത്രണം ഗ്രാമപഞ്ചായത്ത് വികസന പദ്ധതി (ജി. പി.ഡി.പി.) എന്ന പേരിൽ രാജ്യത്തെ മുഴുവൻ പഞ്ചായത്തുകളിലും നടപ്പിലാക്കാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചത് എടുത്തു പറയാം.**

കൊറോണ വൈറസ് വ്യാപനം സൃഷ്ടിച്ച അസാധാരണ സാഹചര്യത്തെ അസാധാരണ നടപടികൾ കൊണ്ട് നേരിട്ട് കേരളം ലോകശ്രദ്ധയിൽ തലയെടുപ്പോടെ നിൽക്കുന്ന വേളയിലാണ് നിലവിലെ സംസ്ഥാന സർക്കാർ അതിന്റെ നാലു വർഷങ്ങൾ പൂർത്തിയാക്കുന്നത്. നമ്മുടെ നാട് മുമ്പും പ്രതിസന്ധികൾ നേരിട്ടിട്ടുണ്ട്. അതിനെയെല്ലാം നമ്മൾ അതിജീവിച്ചിട്ടുമുണ്ട്. ഇതിന് സമാനമായ മറ്റൊരു ഘട്ടത്തിലൂടെ നാമിതുവരെ കടന്നുപോയിട്ടില്ല. ഇതേ പോലുള്ള സർക്കാർ നടപടികൾക്കും സർക്കാർ സംവിധാനത്തിന്റെ ഇത്രകണ്ട് പഴുതടച്ച സംഘടിത പ്രവർത്തനത്തിനും നാമിതുവരെ സാക്ഷ്യം വഹിച്ചിട്ടുമില്ല. സംസ്ഥാന സർക്കാർ നടുനായകത്വം വഹിക്കുന്ന കൊവിഡ് നിവാരണ പ്രവർത്തനങ്ങൾ താഴേത്തട്ടിൽ ഏകോപിപ്പിച്ച് സൂക്ഷ്മതല സ്പർശിയായി നടപ്പിലാക്കുന്നതിൽ ജനകീയാസൂത്രണത്തിന്റെ അനുഭവങ്ങളും സർക്കാരിന്റെ ജനകീയ വികസന കാഴ്ചപ്പാടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കരുത്താവുകയാണ്.

മേയ് അവസാന വാരത്തിലെ കണക്കുകൾ നോക്കിയാൽ ഏറ്റവും കൂടുതൽ കൊവിഡ്-19 രോഗികളുള്ള ആദ്യ പത്തു രാജ്യങ്ങളുടെ കൂട്ടത്തിൽ ഇന്ത്യയും ഇടംപിടിച്ചിരിക്കുന്നു. മുംബൈ, അഹമ്മദാബാദ്, ചെന്നൈ, ഡെൽഹി എന്നീ വൻനഗരങ്ങളിൽ കൊവിഡ് 19 നിയന്ത്രണാതീതമായി പടർന്നു പിടിക്കുന്നതിന്റെ ചിത്രം രാജ്യത്തെ മുഴുവൻ ഭീതിയിലാഴ്ത്തുന്നു. മറ്റിടങ്ങളിലും സ്ഥിതി ദിവസം തോറും വഷളാവുകയാണ്. കൊറോണ വൈറസ് ഭീഷണിയെ മറ്റൊരിടത്തും ഇല്ലാത്ത വിധം ഫലപ്രദമായി നേരിട്ട്, പ്രതിരോധത്തിന്റെ കോട്ടയായി കേരള സംസ്ഥാനം ലോകത്തിനു മുന്നിൽ തലയുയർത്തി നിലകൊള്ളുന്നു. സ്വദേശികൾക്കുള്ള അതേ പരിഗണന അതിഥി തൊഴിലാളികൾക്കും നൽകുന്നത് നമ്മൾ മാത്രമാണ്.

കൊറോണ വൈറസ് രോഗത്തെ കേരളം നേരിടുന്ന മികവാർന്ന രീതി ലോകത്തിലെ മറ്റു രാജ്യങ്ങളും രാജ്യത്തെ മറ്റു സംസ്ഥാനങ്ങളും പകർത്തണമെന്ന് രാജ്യാന്തര മാധ്യമങ്ങൾ അഭിപ്രായപ്പെടുന്നു. വാസ്തവം പറഞ്ഞാൽ, കേരളത്തിന്റെ പൊതുജനാരോഗ്യക്രമവും അതിനെ താങ്ങി നിർത്തുന്ന കരുത്തുറ്റ തദ്ദേശഭരണ സംവിധാനവും പതിറ്റാണ്ടുകൾ കൊണ്ട് സംസ്ഥാനം കൈവരിച്ച സാമൂഹ്യ വികസന നേട്ടങ്ങളുടെ ഭാഗമാണ്. അതിലെ ഏതെങ്കിലും ഒരു ഘടകം മാത്രം അടർത്തിയെടുക്കാനോ ഒരു സുപ്രഭാതത്തിൽ ആർക്കെങ്കിലും അതേപടി പകർത്താനോ കഴിയില്ല തന്നെ. എല്ലാ വിഭാഗം ജനങ്ങൾക്കും അടിസ്ഥാന ജീവിതസൗകര്യങ്ങളും സാമൂഹ്യസുരക്ഷയും ഉറപ്പുവരുത്തിയാണ് കേരള വികസന മാതൃക ലോകശ്രദ്ധ പിടിച്ചു പറ്റിയത്. ജന്മിത്വത്തിനും




*തദ്ദേശ സ്വയംഭരണ സ്ഥാപനതല ദുരന്ത നിവാരണ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടന സമ്മേളനത്തിൽ മുഖ്യമന്ത്രി പിണറായി വിജയനോടൊപ്പം മന്ത്രി എ.സി. മൊയ്തീൻ. (ഫയൽ ചിത്രം)*

മാടമ്പി വാഴ്ച്ചയ്ക്കും അന്ത്യം കുറിച്ച കേരളത്തിൽ സാമൂഹ്യനീതിയും നിയമസമാധാനവും പുലർന്നു. ഈ വേറിട്ട പന്ഥാവിലൂടെയാണ് 2016ൽ അധികാരമേറ്റ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരും മുന്നോട്ടു പോവുന്നത്.

രണ്ട് മഹാപ്രളയങ്ങൾ അടക്കമുള്ള പരീക്ഷണങ്ങളിലൂടെ കടന്നു പോന്നിട്ടും സംസ്ഥാനത്തിന്റെ വികസനപ്രക്രിയ ഒരു ഘട്ടത്തിലും സ്തംഭനം നേരിട്ടില്ല. ലോകം മുഴുവൻ ആശങ്കയുടെ മുൾമുനയിൽ നിൽക്കുന്ന ഈ കൊറോണ കാലത്തും ഇതേ ആത്മവിശ്വാസവും നിശ്ചയദാർഢ്യവും പ്രാദേശിക സർക്കാരുകളുടെ ജനകീയ പിന്തുണാ സംവിധാനങ്ങളും നമുക്ക് കരുത്താവുകയാണ്. നവകേരളത്തിന് ജനകീയാസൂത്രണം എന്നതാണല്ലോ പതിമൂന്നാം പഞ്ചവൽസര പദ്ധതിയിൽ നമ്മൾ മുന്നോട്ടു വച്ച മുദ്രാവാക്യം. കേരളം ഇന്ന് നേരിടുന്ന വികസന വെല്ലുവിളികൾ മുമ്പത്തേതിൽ നിന്ന് വ്യത്യസ്തമാണ്. വികസന വിദഗ്ധരും ആസൂത്രണ രംഗത്തെ പണ്ഡിതന്മാരും ഇതിനെ "രണ്ടാം തലമുറ വികസന പ്രശ്നങ്ങൾ" എന്ന് വിശേഷിപ്പിക്കുന്നത് പുതിയൊരു വികസന സമീപനം നമുക്ക് ആവശ്യമുണ്ട് എന്ന അർത്ഥത്തിലാണ്. ഈ കാഴ്ചപ്പാട് യാഥാർഥ്യമാക്കിയ നവകേരള ദൗത്യങ്ങൾ കേരള വികസന മാതൃകയ്ക്ക് മാറ്റ് കൂട്ടിയിരിക്കുന്നു.

> 2019 -20 ലേക്കുള്ള പദ്ധതി രൂപീകരണം ഡിസംബർ അവസാനത്തോടെ, അഥവാ പുതിയ സാമ്പത്തിക വർഷം ആരംഭിക്കാൻ മാസങ്ങൾ ബാക്കിയുള്ളപ്പോൾ പൂർത്തിയായി. കൊറോണ വ്യാപനം സൃഷ്ടിച്ച പ്രതിസന്ധിയിലും ഈ വർഷത്തെ പദ്ധതിനിർവ്വഹണം എപ്രിൽ ആദ്യവാരം തന്നെ ആരംഭിച്ചു

### രണ്ടാംഘട്ടം സുവർണ്ണഘട്ടം

ജനകീയാസൂത്രണത്തിന്റെ രണ്ടാം ഘട്ടത്തിൽ പണവും പരിശീലനവും ആൾബലവും ദിശാബോധവും ഒരുമിച്ചു ചേർന്നു എന്ന് നിസ്സംശയം പറയാനാവും. ഓരോ വർഷവും ആഗസ്റ്റ് - സെപ്റ്റംബർ മാസം വരെ പദ്ധതി രൂപീകരണം ഇഴയുകയും നടപടിക്രമങ്ങൾ ഒരു വിധം പൂർത്തിയാക്കി മൂന്നോ നാലോ ഏറിയാൽ അഞ്ചോ മാസങ്ങൾ കൊണ്ട് 70 ശതമാനത്തിനടുത്ത തുക ചെലവു ചെയ്തു തീർക്കുകയും ചെയ്തിരുന്ന അവസ്ഥ ഇന്നില്ല. 2017-18 ലെ വാർഷിക പദ്ധതി ജൂൺ പകുതിയോടെ നടപടിക്രമങ്ങൾ പൂർത്തിയാക്കി നിർവഹണത്തിലേക്ക് കടന്നത് വലിയ നേട്ടമായി അന്ന് ചർച്ച ചെയ്യപ്പെട്ടതാണ്.

അതോടെ 80 ശതമാനത്തിന് താഴെ നിന്ന് പദ്ധതിച്ചെലവ് 90 ശതമാനത്തിന് മുകളിൽ എത്തിച്ച് നമ്മുടെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ നേട്ടം കുറിച്ചു. അവിടെ നിന്ന് പിന്നെയും മുന്നോട്ടു പോയി. പദ്ധതി നിർവ്വഹണത്തിന് 12 മാസം എന്ന രീതിസമ്പ്രദായത്തിന് തുടക്കം കുറിച്ചുകൊണ്ട് ഏപ്രിൽ ആദ്യം തന്നെ നിർവ്വഹണം ആരംഭിക്കാൻ 2018 - 19ൽ നമുക്ക് സാധിച്ചു. പ്രളയം സമ്മാനിച്ച പ്രതിസന്ധികളെ അതിജീവിച്ച് പദ്ധതി ചെലവ് 93 ശതമാനമെന്ന സർവ്വകാല റെക്കോർഡിലെത്തി. ജില്ലാ പദ്ധതികൾ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനങ്ങൾക്ക് കൂടുതൽ എകോപിത സ്വഭാവം നൽകിയിരിക്കുന്നു.

2019-20 ലേക്കുള്ള പദ്ധതി രൂപീകരണം ഡിസംബർ അവസാനത്തോടെ, അഥവാ പുതിയ സാമ്പത്തിക വർഷം ആരംഭിക്കാൻ മാസങ്ങൾ ബാക്കിയുള്ളപ്പോൾ പൂർത്തിയായി. കൊറോണ വ്യാപനം സൃഷ്ടിച്ച പ്രതിസന്ധിയിലും ഈ വർഷത്തെ പദ്ധതി നിർവ്വഹണം എപ്രിൽ ആദ്യവാരം തന്നെ ആരംഭിച്ചു.

നിർവ്വഹണം രണ്ടു മാസം പിന്നിടുമ്പോൾ ചെലവ് 20 ശതമാനത്തോട് അടുക്കുകയാണ്. കടുത്ത സാമ്പത്തിക പ്രയാസങ്ങൾക്കിടയിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനങ്ങൾ താളം തെറ്റാതെ മുന്നോട്ടു നയിക്കാൻ ആവശ്യമായ എല്ലാ സഹായവും കരുതലും സംസ്ഥാന സർക്കാർ നൽകി വരുന്നുണ്ട്.

## കേരളത്തിലെ ജനകീയാസൂത്രണം രാജ്യത്താകെയും

രാജ്യാന്തര തലത്തിലും കൂടുതൽ അംഗീകാരങ്ങൾക്കും പ്രശംസക്കും പാത്രമായ നാലു വർഷങ്ങളാണ് പിന്നിടുന്നത്. കേരളത്തിലെ ജനകീയാസൂത്രണം ഗ്രാമപഞ്ചായത്ത് വികസന പദ്ധതി (ജി. പി.ഡി.പി.) എന്ന പേരിൽ രാജ്യത്തെ മുഴുവൻ പഞ്ചായത്തുകളിലും നടപ്പിലാക്കാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചത് എടുത്തു പറയാം.

## ലൈഫ് -സമാനതകളില്ലാത്ത പാർപ്പിട പദ്ധതി

വ്യാപ്തി കൊണ്ടോ സമീപനം കൊണ്ടോ ലൈഫ് പദ്ധതിയോട് ചേർത്തു പറയാവുന്ന മറ്റൊരു സംസ്ഥാനാവിഷ്കൃത ഭവന പദ്ധതി രാജ്യത്തില്ല. ഈ സർക്കാർ അധികാരമേൽക്കുമ്പോൾ വിവിധ ഭവന പദ്ധതികളിൽ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെട്ട് സർക്കാർ സഹായം ലഭിച്ച അരലക്ഷത്തിലധികം കുടുംബങ്ങൾ വീട് നിർമ്മാണം പൂർത്തിയാക്കാൻ നിവൃത്തിയില്ലാതെ കഴിയുകയായിരുന്നു. മാരകരോഗങ്ങൾ ബാധിച്ച് കട ബാധ്യതയിൽ പെട്ടവരും ഉറ്റവർ മരണപ്പെട്ട് ജീവിതമാർഗ്ഗം അടഞ്ഞവരുമായിരുന്നു അതിൽ നല്ലൊരു പങ്കും. ഇത്തരക്കാർക്കു വേണ്ടിയുള്ള ഒരു പാക്കേജ് കേന്ദ്ര സർക്കാരോ ഏതെങ്കിലും സംസ്ഥാന സർക്കാരോ ഇതുവരെ തയ്യാറാക്കിയിട്ടില്ല. ലൈഫ് അത് ഏറ്റെടുത്തു. 2000 മുതൽ ആദ്യ ഗഡു സഹായം സ്വീകരിച്ച ഇത്തരത്തിലുള്ള 54,117 കുടുംബങ്ങളെ കണ്ടെത്തി അവർക്ക് അധിക സഹായം അനുവദിച്ചു. കൈപ്പറ്റിയതിന്റെ ബാക്കിയല്ല, വീട് പൂർത്തീകരിക്കാൻ പുതിയ നിരക്കിൽ ആവശ്യമായ ആനുപാതിക തുകയാണ് ഇവർക്ക് നൽകിയത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സർക്കാർ വകുപ്പുകളും അവർക്ക് എല്ലാ പിന്തുണയും നൽകി. ഇതിൽ 52,098 വീടുകൾ ഇതിനകം പണി തീർന്നു.

രണ്ടാം ഘട്ടത്തിൽ അനുവദിച്ചതും ചേർത്ത് വീടില്ലാതിരുന്ന 2.19 ലക്ഷം കുടുംബങ്ങൾക്ക് ഇപ്പോൾ സ്വന്തം വീടുണ്ട്. പാർപ്പിട സുരക്ഷയുടെ കാര്യത്തിൽ ഈ സർക്കാരിനു ഒരു സമഗ്ര സമീപനമുണ്ട്. 400 ച. അടി തറ വലിപ്പമുള്ള വീടിന് 4 ലക്ഷം രൂപയാണ് നൽകുന്നത്. പുറമേ, മഹാത്മാഗാന്ധി, അയ്യൻകാളി തൊഴിലുറപ്പ് പദ്ധതികളുടെ സഹായം അടക്കമുള്ള സാമ്പത്തിക സേവനങ്ങളും. യഥാസമയം ഫണ്ട് ലഭ്യമാക്കി, കുറഞ്ഞ കാലയളവിൽ ഇത്രയധികം വീടുകൾ പണി തീർക്കാൻ കഴിഞ്ഞത് കേരളത്തിന്റെ സാമൂഹ്യ വികസന ചരിത്രത്തിൽ വേറിട്ട ഉപാഖ്യാനമാണ്. മാർച്ച് അവസാനത്തിലെ കണക്കുകൾ വച്ച് 7,544.37 കോടി രൂപ ലൈഫ് പദ്ധതിക്കായി ചെലവഴിച്ചു. 6515.85 കോടി രൂപ സംസ്ഥാന സർക്കാരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ചേർന്ന് വിവിധ സ്രോതസുകളിൽ നിന്ന് കണ്ടെത്തി.

ഒരു വർഷത്തിനുള്ളിൽ 1 ലക്ഷം പേർക്കു കൂടി പാർപ്പിടം ലഭ്യമാക്കുക എന്ന ലക്ഷ്യം സർക്കാർ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതാണ്. അടിമാലിയിലെയും അങ്കമാലിയിലെയും ഫ്ലാറ്റ് സമുച്ചയങ്ങൾ ഇതിനകം ഗുണഭോക്താക്കൾക്ക് കൈമാറി. വിവിധ ജില്ലകളിലായി പത്ത് സമുച്ചയങ്ങൾ നിർമ്മാണത്തിലാണ്. 75 എണ്ണത്തിന്റെ പ്രാരംഭ നടപടികൾ പുരോഗമിക്കുന്നു. ഫ്ലാറ്റ് സമുച്ചയങ്ങളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാൻ പ്രി- ഫാബ് അടക്കമുള്ള ആധുനിക സാങ്കേതിക വിദ്യകൾ സർക്കാർ ഉപയോഗപ്പെടുത്തുന്നുണ്ട്. ആദ്യ ഘട്ട ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്താൻ കഴിയാതെ പോയ അർഹരായ ബാക്കിയുള്ളവർക്കു കൂടി ആനുകൂല്യമെത്തിക്കാനുള്ള നടപടികൾ ഉത്തരവാകുന്നതിന് തൊട്ടു മുമ്പാണ് കണക്കുകൂട്ടലുകൾ തെറ്റിച്ച് കൊറോണവൈറസ് വ്യാപനം ഭീഷണിയുയർത്തിയത്.

സംസ്ഥാനത്ത് നഗരവികസനത്തിനുള്ള സമഗ്ര മാസ്റ്റർപ്ലാൻ തയ്യാറായിക്കഴിഞ്ഞു. അമൃത്, സ്മാർട്ട് സിറ്റി മുതലായ കേന്ദ്ര പാക്കേജുകളും സംസ്ഥാന സർക്കാരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഏറ്റെടുത്തു നടത്തുന്ന പ്രോജക്ടുകളും ചേർന്ന് സംസ്ഥാനത്തെ നഗരങ്ങൾക്ക് കാലത്തിനു ചേർന്ന പുതിയ മുഖം നൽകും.

## തദ്ദേശ സ്വയംഭരണം 2017 - 2020 ഭരണ നേട്ടങ്ങൾ ഒറ്റനോട്ടത്തിൽ

- നാലു വർഷം കൊണ്ട് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് 25727.5 കോടി രൂപയുടെ വികസന ഫണ്ട്.
- തദ്ദേശസ്വയംഭരണ പൊതുസർവീസ് രൂപീകരണം അന്തിമഘട്ടത്തിൽ. പ്രിൻസിപ്പൽ ഡയറക്ടേറ്റ് രൂപീകരിച്ചു
- ലൈഫ് മിഷനിലൂടെ 2.19 ലക്ഷം വീടുകൾ .
- സംസ്ഥാനം സമ്പൂർണ്ണ വെളിയിട വിസർജ്ജന മുക്തം.
- 47.94 ലക്ഷം പേർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ. കുറഞ്ഞ പെൻഷൻ 600 രൂപയിൽ നിന്നും 1300 രൂപയായി.
- 939 ഗ്രാമപഞ്ചായത്തുകൾക്കും 152ബ്ലോക്ക് പഞ്ചായത്തുകൾക്കും ഐ.എസ്.ഒ.
- ഖരമാലിന്യ സംസ്കരണത്തിനായി 82 നഗരസഭകളിൽ 295.09 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം. കോഴിക്കോട് 258 കോടി രൂപയുടെ മാലിന്യ പ്ലാന്റ് ഉടൻ.
- വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തിനായി 30000 ത്തോളം ഹരിത കർമ്മ സേനാംഗങ്ങൾ, 837 മെറ്റീരിയൽ കളക്ഷൻ സെന്ററുകൾ, 220 റിസോഴ്സ് റിക്കവറി ഫെസിലിറ്റി സെന്ററുകൾ.
- നഗരങ്ങൾക്കായി 7093.44 കോടി രൂപയുടെ വികസന പദ്ധതികൾ

## ആർദ്രം സമഗ്രം

ആരോഗ്യമുള്ള സമൂഹത്തിലേ വ്യക്തിക്ക് ആരോഗ്യത്തോടെയിരിക്കാൻ കഴിയൂ. ആരോഗ്യം സമൂഹത്തിന്റെ ആവശ്യവും ഓരോ വ്യക്തിയുടെയും ഉത്തരവാദിത്തവുമാണെന്ന സാമൂഹികാരോഗ്യ കാഴ്ചപ്പാടാണ് ഈ സർക്കാരിനുള്ളത്. കൊറോണക്കാലത്തെ നമ്മുടെ പ്രവർത്തനങ്ങളുടെ വിജയം മറ്റ് ഘടകങ്ങൾക്കൊപ്പം സംസ്ഥാന സർക്കാർ സംവിധാനങ്ങളും തദ്ദേശഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന അടിസ്ഥാനതല സംവിധാനങ്ങളും ജനകീയ പിന്തുണാ വേദികളും ഒരേ ചരടിൽ കോർത്ത് നാപ്പിലാക്കിയ ആർദ്രം ദൗത്യത്തിന്റെ നേട്ടങ്ങൾക്ക് അടിവരയിടുന്നു.

മെഡിക്കൽ കോളേജുകൾ മുതൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ സബ് സെന്ററുകൾ വരെയുള്ള ആരോഗ്യരക്ഷാ സംവിധാനം ഒരു വിദഗ്ധ കർമ്മപദ്ധതിയുടെ അടിസ്ഥാനത്തിൽ കൃത്യമായ ഏകോപനത്തോടെ ഉണർന്നു പ്രവർത്തിച്ചു. മുഖ്യമന്ത്രി നേരിട്ട് നിയന്ത്രിക്കുന്ന സെക്രട്ടേറിയറ്റിലെ കൊവിഡ് വാർ റൂമിലിരിക്കുന്ന വിദഗ്ധൻമാർ മുതൽ വീടുകൾ തോറും രോഗ പ്രതിരോധത്തിന്റെ സന്ദേശമെത്തിക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങളിലെ ആശാ വർക്കർമാർ വരെയുള്ള ആരോഗ്യ പ്രവർത്തകർ എണ്ണയിട്ട യന്ത്രം പോലെ സജീവമായി.

രോഗം സ്ഥിരീകരിച്ചവരോ രോഗലക്ഷണങ്ങൾ കാണിക്കുന്നവരോ രോഗം സംശയിക്കുന്നവരോ രോഗാണു വാഹകരാകാൻ സാധ്യതയുള്ളവരോ ആയ ആളുകളുമായി സമ്പർക്കത്തിലിരുന്ന ആളുകൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിരീക്ഷണത്തിലുള്ള വീടുകളിൽ ഐസൊലേഷനിൽ കഴിയുകയാണ്. ഇവർക്ക് ഒരു പ്രയാസവും വരാതിരിക്കാൻ ആയിരക്കണക്കിന് വളന്റിയർമാർ സജീവമായി പ്രവർത്തനരംഗത്തുണ്ട്. 19,489 വാർഡിലും വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ രൂപീകരിച്ചിട്ടുള്ള ആരോഗ്യപ്രവർത്തകർ, ആശാവർക്കർമാർ, കുടുംബശ്രീ ആരോഗ്യ വളന്റിയർമാർ എന്നിവരടങ്ങുന്ന റാപ്പിഡ് റെസ്പോൺസ് ടീമുകൾ ജാഗ്രത്തായി പ്രവർത്തിക്കുന്നു.

കൊവിഡ് മഹാമാരി കേരളത്തെ ബാധിക്കുന്നതിനു മുമ്പുതന്നെ സംസ്ഥാനത്തെ എഴുപത് ശതമാനം ഗ്രാമപഞ്ചായത്തുകളും അറുപത് ശതമാനം നഗരസഭകളും കരട് ദുരന്തനിവാരണ പദ്ധതി തയ്യാറാക്കിയിരുന്നു. മറ്റുള്ളവയാകട്ടെ ഇതിനാവശ്യമായ വിവരശേഖരണം പൂർത്തിയാക്കിയിരുന്നു. കൊവിഡ് ഒരു ആഗോള ദുരന്തമായി വളർന്നപ്പോഴേക്കും അതിനെ നേരിടാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാനുള്ള വിവരങ്ങൾ ഇങ്ങനെ ദുരന്തനിവാരണ പദ്ധതിയിലൂടെ ലഭ്യമാക്കിക്കഴിഞ്ഞിരുന്നു. 21,401 വാർഡുതല ദുരന്തനിവാരണ കമ്മിറ്റികൾ ഏത് സാഹചര്യവും നേരിടാൻ തയ്യാറായി പ്രവർത്തനരംഗത്തുണ്ട്. തദ്ദേശസ്ഥാപനങ്ങൾ 314 ഡോക്ടർമാരെ അധികമായി നിയോഗിച്ചു. കൊവിഡ് കെയർ സെന്ററുകളാക്കാൻ 3,222 കെട്ടിടം കണ്ടെത്തി. ഭക്ഷ്യധാന്യങ്ങൾ സൂക്ഷിക്കാനുള്ള ഗോഡൗണുകളാക്കാൻ 1,474 കെട്ടിടവും കണ്ടെത്തി സജ്ജമാക്കി.

ഈ പ്രവർത്തനങ്ങളുടെ വിജയത്തിൽ സംസ്ഥാന സർക്കാരിന്റെ ഫലപ്രദമായ നേതൃത്വത്തിനൊപ്പം കാൽനൂറ്റാണ്ടുകാലത്തെ ജനകീയാസൂത്രണത്തിന്റെ അനുഭവങ്ങൾക്കും പ്രധാന പങ്കുണ്ട്. മാർച്ച് 25ന് കമ്മ്യൂണിറ്റി കിച്ചൻ എന്ന ആശയം മുഖ്യമന്ത്രി അവതരിപ്പിച്ച് 36 മണിക്കൂറിനകം എഴുനൂറിലധികം കിച്ചനുകൾ സജീവമായി. നാല് ദിവസത്തിനകം 1,034 തദ്ദേശസ്ഥാപനത്തിലും കമ്മ്യൂണിറ്റി കിച്ചൻ ഒരുങ്ങി. 89,47,626 ലക്ഷം ഭക്ഷണപൊതികളാണ് മെയ് 25 വരെ വിതരണം നടത്തിയത്. ഇതിൽ 79,07,442 ലക്ഷം സൗജന്യമാണ്. ലോക്ക്ഡൗൺ പ്രഖ്യാപിച്ചതിന്റെ തൊട്ടടുത്ത ദിവസംതന്നെ നഗര-ഗ്രാമ വ്യത്യാസമില്ലാതെ സംസ്ഥാനത്ത് ഒരിടത്തും ഒരാൾക്കുപോലും തെരുവിൽ അന്തിയുറങ്ങേണ്ട സ്ഥിതിയില്ലെന്ന് ഉറപ്പുവരുത്തി. നഗരങ്ങളിൽ 2,321 പേരെയും ഗ്രാമങ്ങളിൽ 489 പേരെയും ഇത്തരത്തിൽ പുനരധിവസിപ്പിച്ചു.

**സമയബന്ധിതവും ഗുണനിലവാരമുള്ളതുമായ സേവനങ്ങൾ ഉറപ്പാക്കുന്ന കാര്യത്തിൽ സാധ്യമായ എല്ലാ നടപടികളും ഈ സർക്കാർ സ്വീകരിച്ചു വരുന്നു. സംസ്ഥാനത്തെ മുഴുവൻ ബ്ലോക്ക് പഞ്ചായത്തുകളും രണ്ടെണ്ണമൊഴികെയുള്ള എല്ലാ ഗ്രാമ പഞ്ചായത്തുകളും (939) സേവനദാനത്തിലെ രാജ്യാന്തര നിലവാരത്തിനുള്ള അംഗീകാര മെന്നനിലയിൽ ഐ.എസ്.ഒ. നേടിക്കഴിഞ്ഞു.**

## ബദൽ നയം വഴികാട്ടുന്നു

ആഗോളവൽക്കരണത്തിന്റെ വക്താക്കൾ മുന്നോട്ടുവയ്ക്കുന്ന നയത്തിൽ നിന്നു വ്യത്യസ്തമായി, പൊതുവിദ്യാലയങ്ങൾ ശക്തിപ്പെടുത്തുന്നതിനും വിദ്യാഭ്യാസ രംഗത്ത് സാമൂഹ്യനീതിയും ഗുണനിലവാരവും ഉറപ്പുവരുത്തുന്നതിനും ലക്ഷ്യമിട്ട പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഫലമായി സർക്കാർ - എയ്ഡഡ് വിദ്യാലയങ്ങളിലെ എൻറോൾമെന്റ് അഞ്ചു ലക്ഷത്തോളം വർധിച്ചു. നമ്മുടെ പൊതുവിദ്യാലയങ്ങളിൽ പലതും അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർന്നു കഴിഞ്ഞു. സംസ്ഥാനത്ത് അധികാരവികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വിദ്യാലയങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയത് എത്ര കണ്ട് ദീർഘവീക്ഷണത്തോടെയുള്ള തീരുമാനം ആയിരുന്നുവെന്ന് സമീപകാലത്തെ നേട്ടങ്ങൾ സാക്ഷ്യപ്പെടുത്തുന്നു.

കേരളത്തിൽ ഒരു പാരിസ്ഥിതിക നവോത്ഥാനത്തിന് നാന്ദി കുറിച്ച ഹരിത കേരളം ദൗത്യത്തിന്റെ അടുത്ത ചുവടാണ് സുഭിക്ഷ കേരളം. പതിനായിരങ്ങൾ അണിനിരന്ന ദൗത്യങ്ങളിലൂടെ തരിശു വയലുകൾ കൃഷിയോഗ്യമാക്കിയും ജലാശയങ്ങൾ ശുചിയാക്കിയും ജലസംരക്ഷണ യജ്ഞങ്ങളിലൂടെയും ചരിത്രം കുറിച്ച കേരളം പുതിയൊരു ലക്ഷ്യം കൂടി സ്പർശിക്കുകയാണ്. ഹരിത കേരളം ദൗത്യത്തിന്റെ ഭാഗമായി സംസ്ഥാനത്ത് അറുപതിനായിരത്തോളം ജലസേചന കനാലുകളാണ് നിർമ്മിച്ചത്. വിവിധ സർക്കാർ പദ്ധതികൾ കോർത്തിണക്കി അമ്പതിനായിരത്തിലധികം പരമ്പരാഗത ജലസ്രോതസുകൾ പുനരുദ്ധരിച്ചു. പതിനായിരക്കണക്കിന് സന്നദ്ധ പ്രവർത്തകരെ അണിനിരത്തിയ ജനകീയ ദൗത്യങ്ങളിലൂടെ 390

കിലോമീറ്ററിലധികം പുഴയും 36,000 കിലോമീറ്ററിലധികം നീർത്തോടുകളും വൃത്തിയാക്കി. പതിമൂവായിരത്തി എഴുന്നൂറിലധികം കുളങ്ങളും ഇരുപത്തിരണ്ടായിരത്തിലേറെ കിണറുകളും നിർമ്മിച്ചു. അരലക്ഷത്തിലധികം കിണറുകൾ റീചാർജ് ചെയ്തു. കൃഷിയോഗ്യമാക്കിയ തരിശുനിലത്ത് 14,000 കാർഷിക സംഘങ്ങൾ കൃഷി ചെയ്യുന്നു. ഉപേക്ഷിക്കപ്പെട്ടു കിടന്ന കാൽലക്ഷം ഹെക്ടർ വയലുകളിൽ നെൽകൃഷി തിരിച്ചുവന്നു. 160 ഓളം ക്ലസ്റ്ററുകളിലായി 5,000 ലധികം ഹെക്ടർ സ്ഥലത്ത് ജൈവകൃഷി ആരംഭിച്ചു. അസാധ്യമെന്ന് കരുതപ്പെട്ടിരുന്ന ഒരു വികസന ലക്ഷ്യത്തിലേക്ക് കേരളം മുന്നേറുകയാണ്.

## ഊന്നൽ കാര്യക്ഷമതയ്ക്കും സുതാര്യതയ്ക്കും

സമയബന്ധിതവും ഉണനിലവാരമുള്ളതുമായ സേവനങ്ങൾ ഉറപ്പാക്കുന്ന കാര്യത്തിൽ സാധ്യമായ എല്ലാ നടപടികളും ഈ സർക്കാർ സ്വീകരിച്ചു വരുന്നു. സംസ്ഥാനത്തെ മുഴുവൻ ബ്ലോക്ക് പഞ്ചായത്തുകളും രണ്ടെണ്ണമൊഴികെയുള്ള എല്ലാ ഗ്രാമ പഞ്ചായത്തുകളും (939) സേവനദാനത്തിലെ രാജ്യാന്തര നിലവാരത്തിനുള്ള അംഗീകാരമെന്ന നിലയിൽ ഐ.എസ്.ഒ. നേടിക്കഴിഞ്ഞു. സംസ്ഥാന - ജില്ലാതല ഓഫീസുകളും ഐ.എസ്.ഒ. നിലവാരത്തിലേക്ക് ഉയരുകയാണ്. സംസ്ഥാനത്തെ തദ്ദേശസ്വയംഭരണം സമ്പൂർണ്ണ ഇ- ഗവേണൻസിലേക്ക് പടിപടിയായി നീങ്ങുകയാണ്. രാജ്യത്തെ ഏറ്റവും വൈപുല്യമാർന്ന ഇ-ഗവേണൻസ് പരിപാടികളാണ് ഇൻഫർമേഷൻ കേരള മിഷൻ വഴി സംസ്ഥാനത്ത് നടപ്പാക്കിവരുന്നത്. പരീക്ഷണാടിസ്ഥാനത്തിൽ വിന്യസിച്ചിട്ടുള്ള ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് മാനേജ്മെന്റ് സിസ്റ്റം വരും മാസങ്ങളിൽ ഗ്രാമപഞ്ചായത്തുകളിൽ സാർവത്രികമാകുന്നതോടെ പഞ്ചായത്തുകളിലെത്താതെ തന്നെ ജനങ്ങൾക്ക് എല്ലാ സേവനങ്ങളും വിരൽത്തുമ്പിൽ ലഭ്യമാക്കുന്നതിന് കഴിയും. കേരള മുനിസിപ്പാലിറ്റി ബിൽഡിങ് റൂളിലും കേരള പഞ്ചായത്ത് ബിൽഡിങ് റൂളിലും സമഗ്ര മാറ്റങ്ങൾ പ്രാബല്യത്തിൽ കൊണ്ടു വന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിന് സർക്കാർ തുടക്കത്തിലേ പ്രാധാന്യം നൽകി. പഞ്ചായത്ത് വകുപ്പിലെ സീനിയോറിറ്റി സംബന്ധിച്ച തർക്കങ്ങളിലും അതിന്റെ തുടർച്ചയായ കോടതി വ്യവഹാരങ്ങളിലും കുരുങ്ങി, സ്ഥാനക്കയറ്റ നിയമനങ്ങൾ മുടങ്ങിക്കിടന്നത് കേരളത്തിലെ പഞ്ചായത്തീരാജ് സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ കുറച്ചൊന്നുമല്ല ബാധിച്ചത്. വ്യവഹാരങ്ങളിൽ തീർപ്പുണ്ടാക്കി, മുടങ്ങിക്കിടന്ന നിയമനങ്ങളും ഗ്രേഡ് പ്രമോഷനുകളും ഈ സർക്കാർ വന്നതിനു ശേഷം പുനസ്ഥാപിച്ചു. വിവിധ തസ്തികകളിലായി 4,153 ജീവനക്കാർക്ക് ഇത്തരത്തിൽ സ്ഥാനക്കയറ്റ നിയമനം നൽകി. 2013 മുതൽ മുടങ്ങിക്കിടന്ന ജില്ലാ ഓഫീസർമാരുടെ നിയമനങ്ങളും പുനസ്ഥാപിച്ചു.

പി എസ് സി ലിസ്റ്റിൽ നിന്നും നടത്തിയ 7,169 പുതിയ നിയമനങ്ങൾ ഇതിന് പുറമേയാണ്. പഞ്ചായത്ത് വകുപ്പിൽ 448, നഗരകാര്യ വകുപ്പിൽ 1494, എഞ്ചിനീയറിങ്ങ് വിഭാഗത്തിൽ 372, ലൈഫ് മിഷനിൽ 58, ശുചിത്വ മിഷനിൽ 28 എന്നിങ്ങനെ തദ്ദേശസ്വയംഭരണ വകുപ്പിൽ 2400 പുതിയ തസ്തികകൾ സൃഷ്ടിച്ചു. 195 അസി. എഞ്ചിനീയർ തസ്തിക സൃഷ്ടിച്ചതിലൂടെ, ഒരു പഞ്ചായത്തിന് ഒരു എ.ഇ. എന്ന ഏറെ നാളത്തെ ആവശ്യം നിറവേറ്റാൻ കഴിഞ്ഞു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ക്ഷാമം ഏറെക്കുറെ പരിഹരിക്കപ്പെട്ടു കഴിഞ്ഞു എന്നു പറയാം. ഇതിന്റെയൊക്കെ ഫലമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനവും അതോടൊപ്പം വികസന പദ്ധതികളുടെ നിർവ്വഹണവും ക്ഷേമ- സുരക്ഷാ പ്രവർത്തനങ്ങളും കൂടുതൽ ഫലപ്രദമാക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്.

## ശുചിത്വം സംസ്കാരമാവുന്നു

കേന്ദ്ര സർക്കാരിന്റെ പൊതു നിർദേശങ്ങൾക്ക് വിധേയമായി സംസ്ഥാനത്തിന്റെ സവിശേഷതകൾക്ക് ഇണങ്ങുന്ന ഒരു മാലിന്യസംസ്കരണ നയത്തിന് രൂപം കൊടുക്കാൻ നമുക്കായി. ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി വ്യക്തി ശുചിത്വവും സാമൂഹ്യ ശുചിത്വവും ശരാശരി മലയാളിയുടെ ശീലവും സംസ്കാരവും ആയി മാറുകയാണ്. സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും

## തദ്ദേശ സ്വയംഭരണം 2017 - 2020 ഭരണ നേട്ടങ്ങൾ ഒറ്റനോട്ടത്തിൽ

- തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് സിസ്റ്റം, നഗരസഭകളിൽ ഇന്റലിജന്റ് ബിൽഡിംഗ് പ്ലാൻ മാനേജ്മെന്റ് സിസ്റ്റം
- തൊഴിലുറപ്പ് പദ്ധതിയിൽ 30.81 കോടി തൊഴിൽ ദിനങ്ങൾ.
- അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിലൂടെ 55 ലക്ഷം തൊഴിൽ ദിനങ്ങൾ
- റോഡ് നവീകരണവും നിർമ്മാണവും - 2,14,600 കി മീ
- 2385 അംഗനവാടികൾക്ക് പുതിയ കെട്ടിടങ്ങൾ, 1318 പുതിയ ക്ലാസ് മുറികൾ, 1,849 സ്മാർട്ട് ക്ലാസ് റൂമുകൾ, 367 പുതിയ ആശുപത്രി കെട്ടിടങ്ങൾ.
- 56,382 പശുക്കളെയും 12,890 എരുമകളെയും 1,18,755 ആടുകളെയും വിതരണം ചെയ്തു
- 22,83,156 ഏക്കർ സ്ഥലത്ത് തരിശുഭൂമി കൃഷി, കാർഷിക സമൃദ്ധിക്കായി 1,41,471 ജൈവ കൃഷി സംരംഭങ്ങൾ
- 41,962 പുതിയ കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, കുടുംബശ്രീയുടെ നേതൃത്വത്തിൽ 25,000 ത്തോളം വയോജന അയൽക്കൂട്ടങ്ങൾ, 3000 ത്തോളം ഭിന്നശേഷി അയൽക്കൂട്ടങ്ങൾ
- കുടുംബശ്രീക്ക് 1,500 കോടി രൂപയുടെ സാമ്പത്തിക പിന്തുണ

നഗരസഭകളിലും ഹരിത കർമ്മസേനകൾ സജീവമായി. ഹരിതകർമ്മസേനകൾ ശേഖരിക്കുന്ന അജൈവമാലിന്യം ശേഖരിക്കുന്നതിനുള്ള 1402 മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ്) സെന്ററുകളും മാലിന്യങ്ങൾ പുനഃചംക്രമണത്തിനോ റോഡ് ടാറിംഗ് മുതലായ ആവശ്യങ്ങൾക്കോ കൈമാറുന്നതിനായി തയ്യാറാക്കുന്ന 151 റിസോഴ്സ് റിക്കവറി സെന്ററുകളും (ആർ.ആർ.എഫ്.) പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നാല്പതോളം റിക്കവറി സെന്ററുകൾ നിർമ്മാണത്തിലിരിക്കുന്നു. 97 പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റുകളും സ്ഥാപിച്ചിട്ടുണ്ട്.

90 ശതമാനം സബ്സിഡിയോടെ വീടുകളിലും 100 ശതമാനം സബ്സിഡിയോടെ പൊതുസ്ഥാപനങ്ങളിലും ജൈവമാലിന്യ സംസ്കരണോപാധികൾ സ്ഥാപിച്ചുവരുന്നു. 2016 മുതൽ നഗര-ഗ്രാമ പ്രദേശങ്ങളിലായി 94,300 ബയോഗ്യാസ് പ്ലാന്റുകളും 6,36,916 കമ്പോസ്റ്റിംഗ് ഉപാധികളും സജ്ജമാക്കി. മാർക്കറ്റുകൾ, കോളനികൾ, റസിഡന്റ് അസോസിയേഷനുകൾ തുടങ്ങിയവ കേന്ദ്രീകരിച്ച് വലിയ തോതിൽ ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി 2019 സാമൂഹികതല കമ്പോസ്റ്റിംഗ് യൂണിറ്റുകളും 97 വലിയ ബയോഗ്യാസ് പ്ലാന്റുകളും സജ്ജമാക്കി. മാലിന്യക്കൂനകളായിരുന്ന നഗരവീഥികളും പൊതു സ്ഥലങ്ങളും കണ്ടാൽ തിരിച്ചറിയാത്ത വിധം മാറുകയാണ്.

### നഗരഭരണത്തിന് പുതിയ മുഖം

സംസ്ഥാനത്ത് നഗരവികസനത്തിനുള്ള സമഗ്ര മാസ്റ്റർപ്ലാൻ തയ്യാറായിക്കഴിഞ്ഞു. അമൃത്, സ്മാർട്ട് സിറ്റി മുതലായ കേന്ദ്ര പാക്കേജുകളും സംസ്ഥാന സർക്കാരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഏറ്റെടുത്തു നടത്തുന്ന പ്രോജക്റ്റുകളും ചേർന്ന് സംസ്ഥാനത്തെ നഗരങ്ങൾക്ക് കാലത്തിനു ചേർന്ന പുതിയ മുഖം നൽകും.

### നഗര- ഗ്രാമാസൂത്രണ വകുപ്പിൽ ഇ-ഓഫീസ് സംവിധാനം

നഗരങ്ങളിലെ മാസ്റ്റർപ്ലാനുകളുടെയും വിശദ നഗരാസൂത്രണ പദ്ധതികളുടെയും വ്യവസ്ഥകൾ ഇനി മുതൽ ഇന്റർനെറ്റിലൂടെ അറിയാം. അതിനുള്ള വെബ് അധിഷ്ഠിത ജി.ഐ.എസ്സ് സർക്കാർ വികസിപ്പിച്ചിട്ടുണ്ട്. അമൃത് പദ്ധതി നടപ്പിലാക്കുന്ന ഒമ്പത് പട്ടണങ്ങളിൽ നടപ്പിലായിക്കഴിഞ്ഞ ഇന്റലിജന്റ് ബിൽഡിംഗ് പ്ലാൻ മാനേജ്മെന്റ് സിസ്റ്റം (IBPMS) വൈകാതെ എല്ലായിടവും നടപ്പിലാക്കാനാവും.

> രണ്ട് പ്രളയങ്ങൾ മുതൽ കൊറോണ വരെ സമ്പദ് വ്യവസ്ഥയുടെ നട്ടെല്ലൊടിക്കുന്ന പ്രതിസന്ധികൾക്കിടയിലും വമ്പൻ പദ്ധതികൾ വേണ്ടെന്നു വയ്ക്കുകയോ വൈകിപ്പിക്കുകയോ ചെയ്യാതെ 23,409 കോടി രൂപയുടെ ക്ഷേമ പെൻഷൻ വിതരണം ചെയ്താണ് ഈ സർക്കാർ ചരിത്രത്തിൽ വേറിട്ടതാവുന്നത്.

സംയോജിത ജില്ലാവികസന രൂപരേഖകൾ തയ്യാറാക്കുന്ന പദ്ധതി പുനരാരംഭിച്ചു. നഗരാസൂത്രണ മാസ്റ്റർപ്ലാനുകൾ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്ന പ്രവൃത്തി നടന്നുവരുന്നു. കെട്ടിടനിർമ്മാണ അപേക്ഷകൾ വേഗത്തിൽ കൈകാര്യം ചെയ്യുന്നതിനായി തയ്യാറാക്കിയ സുവേഗ സോഫ്റ്റ്‌വെയർ കോഴിക്കോട് നഗരസഭയിൽ നടപ്പിലാക്കി. നെൽവയൽ/തണ്ണീർത്തടത്തിന്റെ സംരക്ഷണവും അതിൽ ഊന്നിയുള്ള വികസനവും സംബന്ധിച്ച് ഇപ്പോൾ നടത്തി വരുന്ന പഠനം പൂർത്തിയായാൽ ശാസ്ത്രീയവും ദീർഘകാലാടിസ്ഥാനത്തിലുള്ളതുമായ നടപടികൾ പ്രതീക്ഷിക്കാം.

### മുന്നണിയിൽ സ്ത്രീ ശക്തി

ഈ സർക്കാർ അധികാരമേറ്റ ശേഷം അഗതി കുടുംബങ്ങളുടെ പുനരധിവാസത്തിനായി ആരംഭിച്ച അഗതിരഹിത കേരളം, അയൽക്കൂട്ടങ്ങൾക്ക് 4% പലിശയ്ക്ക് വായ്പ ലഭ്യമാക്കുന്ന പലിശ സബ്സിഡി സ്കീം, പ്രളയ പുനരധിവാസത്തിന്റെ ഭാഗമായ റിസർജന്റ് കേരള ലോൺ സ്കീം, ഇറച്ചിക്കോഴി ഉൽപാദനം ലക്ഷ്യമിട്ടുള്ള കേരള ചിക്കൻ തുടങ്ങിയ എത്രയെങ്കിലും പദ്ധതികളാണ് കുടുംബശ്രീ വഴി നടപ്പിലാക്കുന്നത്.

നിലവിൽ 1,57,691 കുടുംബങ്ങൾക്ക് അഗതിരഹിത കേരളം പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നു. 2016-17 മുതൽക്ക് നാളിതുവരെ 11,343 കോടി രൂപ പലിശ സബ്സിഡി വായ്പയായി അയൽക്കൂട്ടങ്ങൾക്ക് ലഭ്യമാക്കി. പ്രളയ പുനരധിവാസത്തിനുള്ള റിസർജന്റ് കേരള ലോൺ സ്കീമിൽ 29,771 അയൽക്കൂട്ടങ്ങളിലെ രണ്ട് ലക്ഷത്തോളം ഗുണഭോക്താക്കൾക്ക് 1680 കോടി രൂപ വായ്പ നൽകി. 28,859 വനിതകൾ ഹരിതകർമ്മ സേനയിൽ അംഗങ്ങളായി പ്രവർത്തിക്കുന്നു. സാമൂഹ്യ ശാക്തീകരണത്തിന്റെ ലക്ഷണമൊത്ത മാതൃകയായി കേരളത്തിലെ കുടുംബശ്രീ പ്രസ്ഥാനം ലോകം മുഴുവൻ അംഗീകരിക്കപ്പെട്ടു കഴിഞ്ഞു. നിലവിൽ 20 സംസ്ഥാനങ്ങളിലേക്കും ഏതാനും വിദേശ രാജ്യങ്ങളിലേക്കും കുടുംബശ്രീയുടെ പ്രവർത്തനം വ്യാപിപ്പിച്ചിട്ടുണ്ട്.

### തൊഴിലുറപ്പ് പദ്ധതികൾ

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 2016- 17 മുതൽക്ക് ഓരോ വർഷവും കേന്ദ്ര സർക്കാർ അനുവദിക്കുന്ന ലേബർ ബഡ്ജറ്റിനെ അപേക്ഷിച്ച് ഉയർന്ന തൊഴിൽ ദിനങ്ങളാണ് സംസ്ഥാനം സൃഷ്ടിച്ചത്. 2016- 17ൽ 603.11 ലക്ഷം തൊഴിൽ ദിനങ്ങൾ അനുവദിച്ച സ്ഥാനത്ത് 684.62 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു. 2019- 20ൽ ഇത് 802.30 ലക്ഷമായി ഉയർന്നു. മഹാ പ്രളയം ബാധിച്ച 2018- 19ൽ ലേബർ ബഡ്ജറ്റിന്റെ 140 ശതമാനമായിരുന്നു കേരളത്തിന്റെ നേട്ടം. 2016-17ൽ 1,13,187 കുടുംബങ്ങൾക്ക് 100 ദിവസവും തൊഴിൽ നൽകിയപ്പോൾ 2019-20ൽ അത് 2,51,129 ആക്കി ഉയർത്താനായി. ഹരിതകേരള ദൗത്യം വിജയമാക്കുന്നതിന് തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്താൻ കഴിഞ്ഞു. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിലൂടെ നഗര മേഖലയിൽ 55 ലക്ഷം തൊഴിൽ ദിനങ്ങളും ഇക്കാലയളവിൽ സൃഷ്ടിക്കപ്പെട്ടു. 2015-16 ൽ നഗര തൊഴിലുറപ്പ് പദ്ധതിക്കായി 15 കോടി രൂപയാണ് അനുവദിച്ചിരുന്നത്. എന്നാൽ 2019-20ൽ ബഡ്ജറ്റ് വിഹിതം 500 % വർദ്ധിപ്പിച്ച് 75 കോടി രൂപയാണ് അനുവദിച്ചിട്ടുള്ള ത്.

തൊഴിലുറപ്പ് പദ്ധതിയിലെ പട്ടികവർ

ഗ്ഗക്കാരായ തൊഴിലാളികൾക്ക് അധിക തൊഴിൽ ദിനങ്ങൾ നൽകുന്ന ട്രൈബൽ പ്ലസ് പദ്ധതി, മുൻകൂർ വേതനം നൽകുന്ന റിവോൾവിങ്ങ് ഫണ്ട് തുടങ്ങിയവ രാജ്യത്തെ മറ്റൊരു സംസ്ഥാനത്തും ഇല്ലാത്തതാണ്.

### ഒരു സഹായവും മുടങ്ങില്ല

സംസ്ഥാനത്തെ 1,200 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മാത്രമായി 2020-21 സാമ്പത്തിക വർഷം വിവിധ ഹെഡുകളിലായി 21,174 കോടി രൂപയാണ് സംസ്ഥാന ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്. പദ്ധതി വിഹിതം 12,074 കോടി. സംസ്ഥാനപദ്ധതി അടങ്കലിന്റെ 25.93 ശതമാനമാണിത്. ഇത് മുൻവർഷം 24 ശതമാനമായിരുന്നു.

വികസന ഫണ്ടായി 7,158 കോടി രൂപയും ജനറൽ പർപ്പസ് ഗ്രാന്റ് ആയി 1,717 കോടിയും മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ 2,943 കോടി രൂപയും അർബൻ സർവ്വീസ് ഡലിവറി പദ്ധതിയുടെ 255 കോടി രൂപയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കും. വികസനഫണ്ടിൽ 1,221 കോടി രൂപ പട്ടികജാതി ഉപപദ്ധതിക്കും 183 കോടി പട്ടികവർഗ്ഗ ഉപപദ്ധതിക്കും നീക്കിവച്ചിരിക്കുന്നു. ഇതിനുപുറമെ, കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള 1,411 കോടിയും സംസ്ഥാനാവിഷ്കൃത പദ്ധതികൾക്കുള്ള 1,027 കോടിയും മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് നിർമ്മാണ പദ്ധതിയിലെ 961 കോടിയും ഗ്രാമവികസനത്തിനുള്ള 344 ഉം നഗര വികസനത്തിനുള്ള 1,945 കോടി രൂപയും ലൈഫ് മിഷനുള്ള 2,000 കോടിയും 2020-21ൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാകും. ജനസംഖ്യാനുപാതികമായി നോക്കിയാൽ, രാജ്യത്തെ മറ്റ് സംസ്ഥാനങ്ങൾക്ക് സങ്കൽപ്പിക്കാൻ പോലും കഴിയാത്തതാണ് ഈ തുക. രാജ്യത്തെ സാമ്പത്തിക മുരടിപ്പിന്റെയും കൊറോണ വ്യാപനം സൃഷ്ടിച്ച സാമ്പത്തിക - സാമൂഹ്യ ആഘാതത്തിന്റെയും പശ്ചാത്തലത്തിൽ പോലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സംസ്ഥാന സർക്കാരിൽ നിന്ന് ലഭിക്കേണ്ട സഹായങ്ങൾ നഷ്ടമാകില്ലെന്ന് ഉറപ്പ് നൽകാനാവും.

രണ്ട് പ്രളയങ്ങൾ മുതൽ കൊറോണ വരെ സമ്പദ് വ്യവസ്ഥയുടെ നട്ടെല്ലൊടിക്കുന്ന പ്രതിസന്ധികൾക്കിടയിലും വമ്പൻ പദ്ധതികൾ വേണ്ടെന്ന വയ്ക്കുകയോ വൈകിപ്പിക്കുകയോ ചെയ്യാതെ 23,409 കോടി രൂപയുടെ ക്ഷേമ പെൻഷൻ വിതരണം ചെയ്താണ് ഈ സർക്കാർ ചരിത്രത്തിൽ വേറിട്ടതാവുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇത് (5 വർഷം കൊണ്ട്) 9,270 കോടി മാത്രമായിരുന്നു. കൊവിഡ് കാലത്ത് മാത്രമായി സാമൂഹ്യ സഹായ പെൻഷൻ ഇനത്തിൽ സംസ്ഥാന സർക്കാർ 3711.4 കോടി രൂപ വിതരണം ചെയ്തു. നിലവിൽ 47.95 ലക്ഷം പേർക്കാണ് വിവിധ സാമൂഹ്യ സഹായ പെൻഷനുകളുടെ ആനുകൂല്യം ലഭിക്കുന്നത്.

### പ്രതിസന്ധികൾ സാധ്യതകളാക്കുക

കേരളത്തിന്റെ വികസന ചരിത്രത്തിൽ നാഴികക്കല്ലാവാനൊരുങ്ങുന്ന സുഭിക്ഷ കേരളം പദ്ധതി സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു മുന്നിൽ സുസ്ഥിര വികസനത്തിന്റെ പുതിയ വഴികൾ തുറന്നുവച്ചിരിക്കുന്നു. ഒരു വർഷം കൊണ്ട് 3,860 കോടി രൂപ ചെലവഴിച്ച് 25,000 ഹെക്ടർ തരിശുനിലത്ത് കൃഷിയിറക്കാനും സംയോജിത കൃഷിയുടെയും അനുബന്ധ മേഖലകളുടെയും പ്രോത്സാഹനത്തിലൂടെ ജനങ്ങളുടെ ജീവനോപാധികൾ മെച്ചപ്പെടുത്താനുമാണ് സർക്കാർ ലക്ഷ്യം വയ്ക്കുന്നത്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മുൻകൈയിൽ തരിശുനിലങ്ങൾ കണ്ടെത്തി കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നെല്ല്, പച്ചക്കറി, വാഴ, കിഴങ്ങ് വർഗ്ഗങ്ങൾ, പയർ വർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ എന്നിവ കൃഷി ചെയ്യും. സംയോജിത കൃഷിയിലൂടെ കന്നുകാലി സമ്പത്തും മൽസ്യസമ്പത്തും വർധിപ്പിക്കും. മൂല്യ വർധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണവും പ്രോത്സാഹിപ്പിക്കും. മാംസം, മുട്ട ഇവയുടെ ഉൽപ്പാദനത്തിനും പ്രാധാന്യം നൽകും. ഹരിത കേരള ദൗത്യം മുന്നോട്ടുവച്ച പരിസ്ഥിതി സൗഹൃദ വികസനത്തിന്റെ കർമ്മപരിപാടിക്ക് സുഭിക്ഷ കേരളം കൂടുതൽ കരുത്തു പകർന്നിരിക്കുന്നു.

പ്രതിസന്ധിയെ സാധ്യതയാക്കി ഈ പരീക്ഷണ കാലത്തെ നമുക്ക് മുറിച്ചു കടക്കാം. നേട്ടങ്ങൾ കരുത്താക്കി, വെല്ലുവിളികൾക്കു നേരെ നമുക്കിനിയും ചുവടു വയ്ക്കാം. സർക്കാർ ഒപ്പമുണ്ട്. □

## തദ്ദേശ സ്വയംഭരണം 2017 - 2020 ഭരണ നേട്ടങ്ങൾ ഒറ്റനോട്ടത്തിൽ

- നാലു വർഷം കൊണ്ട് 40,000 കുടുംബശ്രീ സംരംഭങ്ങൾ
- പ്രളയകാലത്ത് കുടുംബശ്രീയിലൂടെ 1,600 കോടിയുടെ പലിശരഹിത വായ്പ
- കൊവിഡ് ആഘാതം ലഘൂകരിക്കുന്നതിനായി 2,000 കോടിയുടെ മുഖ്യമന്ത്രിയുടെ സഹായ ഹസ്തം പലിശ രഹിത വായ്പാ പദ്ധതി.
- ലോക്ക്ഡൗൺ കാലത്ത് 1450 കമ്മ്യൂണിറ്റി കിച്ചണുകളിലൂടെ 90 ലക്ഷം ഭക്ഷണപൊതികൾ വിതരണം നടത്തി.
- പുനരുജ്ജീവിപ്പിച്ച പുഴകൾ - 390, പുനരുജ്ജീവിപ്പിച്ച നീർച്ചാലുകൾ - 36323, റീച്ചാർജ്ജ് ചെയ്ത കിണറുകൾ - 537451, നവീകരിച്ച കുളങ്ങൾ - 15381, പുതിയ കിണറുകൾ - 22,252 , നവീകരിച്ച കിണറുകൾ - 13942, നിർമ്മിച്ച കുളങ്ങൾ - 13738
- ഉറവിട മാലിന്യ സംസ്കരണത്തിനായി 94,300 ബയോഗ്യാസ് പ്ലാന്റുകളും 6,36,916 കമ്പോസ്റ്റിംഗ് സംസ്കരണ ഉപാധികളും സജ്ജമാക്കി.
- പുന: ചംക്രമണ യോഗ്യമല്ലാത്ത 1114.695 മെട്രിക് ടൺ ഷ്രെഡ്ഡഡ് പ്ലാസ്റ്റിക്കുകൾ റോഡ് നിർമ്മാണത്തിനായി ലഭ്യമാക്കി.
- വിവിധ സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച 1452.87 ടൺ ഇ-മാലിന്യങ്ങൾ ശാസ്ത്രീയമായി പുന: ചംക്രമണം നടത്തി.



# രണ്ടാംഘട്ട ജനകീയാസൂത്രണം

# കാര്യക്ഷമതയ്ക്കും ജനകീയ കാഴ്ചപ്പാടിനും ഊന്നൽ

**പൊതുജനാരോഗ്യം, പൊതുവിദ്യാഭ്യാസം, പാർപ്പിടം, ദുർബല വിഭാഗങ്ങളുടെ ശാക്തീകരണം, ക്ഷേമ പ്രവർത്തനങ്ങൾ, പരിസ്ഥിതിസംരക്ഷണം തുടങ്ങിയ മേഖലകളിൽ നടത്തുന്ന ഇടപെടലുകളിലൂടെ ജനകീയാസൂത്രണത്തിന്റെ രണ്ടാം ഘട്ടം അതിന്റെ സുവർണ്ണ കാലഘട്ടമായി മാറിയിരിക്കുന്നു.**

ലക്ഷക്കണക്കിനു പേരുടെ മരണത്തിനും ബില്യൻ കണക്കിന് ഡോളറിന്റെ നഷ്ടത്തിനും ഇടയാക്കി കൊവിഡ് 19 മഹാമാരി സംഹാരതാണ്ഡവം തുടരുമ്പോൾ ലോകത്തേറ്റവും സുരക്ഷിതമായ ഇടമെന്ന് ആഗോള മാധ്യമങ്ങൾ കേരളത്തെ പ്രശംസിക്കുന്നു. വിശ്വസനീയമായ കണക്കുകൾ മുഖവിലയ്ക്കെടുത്താൽ കൊറോണ വൈറസ് വാഹകരായ ആയിരം പേരെങ്കിലും സംസ്ഥാനത്തിന്റെയും രാജ്യത്തിന്റെയും അതിർത്തികൾ കടന്ന് കേരളത്തിലെത്തി. കുടിയേറ്റ തൊഴിലാളികളുടെയും പ്രവാസികളുടെയും വലിയ തോതിലുള്ള മടങ്ങിവരവ് തുടരുകയാണ്. സ്വന്തം ജനങ്ങൾ ഏതു സാഹചര്യത്തിൽ മടങ്ങി വന്നാലും സംസ്ഥാനം അവരെ ഇരുകൈയും നീട്ടി സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി വ്യക്തമാക്കിയിട്ടുണ്ട്. രോഗവാഹകരാവാൻ ഇടയുള്ള ലക്ഷക്കണക്കിനു പേരെ കണ്ടെത്തി അവരെയും അവരുമായി ഇടപഴകിയവരെയും സമ്പർക്കവിലക്കിലാക്കി നിരീക്ഷിച്ചും രോഗം സ്ഥിരീകരിച്ചവർക്ക് മികച്ച ചികിൽസയും പരിചരണവും ഉറപ്പാക്കിയും അവിശ്വസനീയ വ്യാപനശേഷിയുള്ള കൊവിഡ് 19 എന്ന ആഗോള മഹാമാരിയെ കേരളം നിയന്ത്രണത്തിലാക്കിയത് അത്ഭുതമാണെന്ന് ലോക മാധ്യമങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. ഈ "അത്ഭുതം" പിന്തുടരുന്ന ലോകമെങ്ങുമുള്ള വിദഗ്ധർ ചെന്നെത്തുന്നത് കേരള വികസന മാതൃകയുടെ നെടുംതൂണുകളിൽ ഒന്നായ പൊതുജനാരോഗ്യ സംവിധാനത്തിന്റെ വ്യാപ്തിയിലും അതിനെ താങ്ങിനിർത്തുന്ന ജനകീയാസൂത്രണത്തിന്റെ കരുത്തിലുമാണ്. അവിശ്വസനീയ വ്യാപനശേഷിയുള്ള കൊറോണവൈറസിനെ ജനകീയസംവിധാനങ്ങളുടെ കരുത്തിൽ പ്രതിരോധിച്ച് കേരളത്തെ ശവപ്പറമ്പാവാതെ കാത്തതിന് ഈ കാലഘട്ടം ജനകീയാസൂത്രണത്തോട് കടപ്പെട്ടിരിക്കുന്നു. സംസ്ഥാനം നിപ്പ വൈറസ് ഭീഷണിയുടെ മുൾമുനയിൽ നിന്ന നാളുകളിലും രണ്ട് പ്രളയങ്ങൾ നേരിട്ട വേളയിലും തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലുള്ള പിന്തുണാ സംവിധാനങ്ങൾ ഇതുപോലെ തന്നെ ഉണർന്നു

പ്രവർത്തിച്ചു.

പൊതുജനാരോഗ്യം, പൊതുവിദ്യാഭ്യാസം, പാർപ്പിടം, ദുർബല വിഭാഗങ്ങളുടെ ശാക്തീകരണം, ക്ഷേമ പ്രവർത്തനങ്ങൾ, പരിസ്ഥിതിസംരക്ഷണം തുടങ്ങിയ മേഖലകളിൽ നടത്തുന്ന ഇടപെടലുകളിലൂടെ ജനകീയാസൂത്രണത്തിന്റെ രണ്ടാം ഘട്ടം അതിന്റെ സുവർണ്ണ കാലഘട്ടമായി മാറിയിരിക്കുന്നു. ആരോഗ്യമേഖലയിലെ ഇടപെടലുകൾ പോലെ അതേ അളവിൽ പ്രധാനമാണ് പൊതു വിദ്യാഭ്യാസ സംരക്ഷണത്തിനു വേണ്ടിയുള്ള മുൻകൈ പ്രവർത്തനങ്ങളും. ദുരന്തനിവാരണ രംഗത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വങ്ങൾക്ക് കൂടുതൽ വ്യക്തതയും ഔദ്യോഗിക അംഗീകാരവും നിയമ പരിരക്ഷയും കൈവന്നിരിക്കുന്നു. ദുരന്ത നിവാരണ, പുനരധിവാസ പ്രവർത്തനങ്ങളുടെ മുന്നണിപ്പോരാളികളായി തദ്ദേശഭരണ സ്ഥാപനങ്ങൾ മാറിയത് കേരളം ലോകത്തിന് നൽകുന്ന മറ്റൊരു മാതൃകയാണ്. കാലാവസ്ഥാ വ്യതിയാനത്തിനും പരിസ്ഥിതി നാശത്തിനും എതിരായ പ്രവർത്തനങ്ങൾക്ക് പിന്നിൽ ജനങ്ങളെ അണിനിരത്തുന്നതിൽ കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ വിജയിച്ചിരിക്കുന്നു. പദ്ധതി മാർഗരേഖയിലെയും സമീപനത്തിലെയും മാറ്റങ്ങൾ ഈ ദിശയിലുള്ള ഇടപെടലുകൾക്ക് കൂടുതൽ ആധികാരികതയും നിയമപരമായ ഈടും ഉറപ്പാക്കിയിരിക്കുന്നു.

ജനപങ്കാളിത്തത്തിനും ജനകീയ കാഴ്ചപ്പാടിനുമൊപ്പം കാര്യക്ഷമതയ്ക്കും സേവനഗുണനിലവാരത്തിനും ഊന്നൽ നൽകുന്നതാണ് ഈ ഘട്ടത്തിലെ ജനകീയാസൂത്രണത്തിന്റെ സമീപനം. പദ്ധതി പ്രവർത്തനങ്ങളും ക്ഷേമ പ്രവർത്തനങ്ങളും കാര്യക്ഷമമാക്കി കേരളം മുമ്പേ നടക്കുകയാണ്. പദ്ധതി തയ്യാറാക്കലും നിർവഹണവും സമയബന്ധിതമാക്കിയതിലൂടെ, അസാധ്യമെന്ന് കരുതപ്പെട്ടിരുന്നത് നമ്മൾ സാധ്യമാക്കിയിരിക്കുന്നു.

പദ്ധതി രൂപീകരണവും നിർവ്വഹണവും ഇഴഞ്ഞു നീങ്ങിയ കാലം ചരിത്രമായി. ജനുവരി - ഫെബ്രുവരി മാസം ആസൂത്രണ ഗ്രാമ/ വാർഡ് സഭകൾ പൂർത്തിയാവുന്നു. മാർച്ച് മാസത്തോടെ പദ്ധതികൾക്ക് അംഗീകാരം ലഭിക്കുന്നു. ഏപ്രിൽ ഒന്നു മുതൽ നിർവഹണം ആരംഭിക്കുന്നു. വാർഷിക പദ്ധതി നിർവ്വഹണത്തിന് പന്ത്രണ്ട് മാസം സമയം ലഭിക്കുന്നത് കേരളത്തിന്റെ വികസന ചിത്രത്തിൽ ഇതാദ്യമാണ്.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഭവക്ഷാമത്തിന് ആളും അർത്ഥവും നൽകി പരിഹാരമുണ്ടാക്കിയ നാല് വർഷങ്ങളാണ് കടന്നു പോവുന്നത്. മുടങ്ങിക്കിടന്ന പ്രമോഷൻ നിയമനങ്ങൾ പുനസ്ഥാപിച്ചതിനും പി.എസ്.സി. നിയമനങ്ങൾ വേഗത്തിലാക്കിയതിനും പുറമേ, 2400 പുതിയ തസ്തികകളാണ് ഈ കാലയളവിൽ അധികമായി സൃഷ്ടിച്ചത്. ആരോഗ്യ , വിദ്യാഭ്യാസ വകുപ്പുകളിൽ നിന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കിട്ടിയ സ്കൂളുകൾ, ആരോഗ്യ കേന്ദ്രങ്ങൾ മുതലായ ഘടക സ്ഥാപനങ്ങളിൽ സൃഷ്ടിച്ച പുതിയ തസ്തികകൾക്ക് പുറമേയാണിത്.

മുമ്പൊരിക്കലുമില്ലാത്ത ധനകാര്യ പ്രതിസന്ധികൾക്ക് ഇടയിലും, തദ്ദേശഭരണ സ്ഥാപനങ്ങളുടെ ധനസ്ഥിതി മെച്ചപ്പെട

### അംഗീകാരം



ഇന്ത്യാ ടുഡെ സ്റ്റേറ്റ് ഓഫ് ദി സ്റ്റേറ്റ്സ് കോൺക്ലേവ് 2018 ൽ കേരളത്തിന് ലഭിച്ചത് രണ്ട് പുരസ്ക്കാരങ്ങൾ. മികച്ച പരിസ്ഥിതി സംരക്ഷണത്തിനും, മികച്ച ശുചിത്വപ്രവർത്തനത്തിനുമാണ് കേരളത്തിന് പുരസ്ക്കാരങ്ങൾ ലഭിച്ചത്. ഇന്ത്യയിലെ വലിയ സംസ്ഥാനങ്ങളും ചെറിയ സംസ്ഥാനങ്ങളും തരംതിരിച്ച് നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ വലിയ സംസ്ഥാനങ്ങൾക്കുള്ള പുരസ്ക്കാരമാണ് കേരളത്തിന് ലഭിച്ചത്. ഉപരാഷ്ട്ര പതി വെങ്കയ്യ നായിഡുവിൽ നിന്നും തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എ.സി മൊയ്തീൻ കേരളത്തിന് വേണ്ടി പുരസ്ക്കാരങ്ങൾ ഏറ്റുവാങ്ങിയിരുന്നു. (ഫയൽ ചിത്രം)

ദുരന്തനിവാരണ രംഗത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വങ്ങൾക്ക് കൂടുതൽ വ്യക്തതയും ഔദ്യോഗിക അംഗീകാരവും നിയമ പരിരക്ഷയും കൈവന്നിരിക്കുന്നു. ദുരന്ത നിവാരണ, പുനരധിവാസ പ്രവർത്തനങ്ങളുടെ മുന്നണിപ്പോരാളികളായി തദ്ദേശഭരണ സ്ഥാപനങ്ങൾ മാറിയത് കേരളം ലോകത്തിന് നൽകുന്ന മറ്റൊരു മാതൃകയാണ്.

### തദ്ദേശസ്വയംഭരണ വകുപ്പിന് പ്രിൻസിപ്പൽ ഡയറക്ടറേറ്റ്

തദ്ദേശസ്വയംഭരണ രംഗത്തെ ഏകോപനം ഉറപ്പാക്കാൻ പ്രിൻസിപ്പൽ ഡയറക്ടേറ്റ് രൂപീകരിച്ചു. വകുപ്പിനു കീഴിലുള്ള 5 വകുപ്പുകൾ പ്രിൻസിപ്പൽ ഡയറക്ടേറ്റിനു കീഴിൽ ഒരൊറ്റ വകുപ്പായി മാറും. വകുപ്പുതല ഏകോപനവും പദ്ധതി സംയോജനവും നിർവ്വഹണവും മെച്ചപ്പെടുത്താൻ തദ്ദേശഭരണ പൊതുസർവ്വീസ് നിലവിൽ വരും. പൊതുസർവീസ് രൂപീകരണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

## കുട്ടികൾ
## വയോജനങ്ങൾ
## ഭിന്നശേഷിക്കാർ
# കരുതൽ



- കുട്ടികൾക്കു വേണ്ടി കഴിഞ്ഞ നാലു വർഷം കൊണ്ട് 577.62 കോടി രൂപ
- വയോജന ക്ഷേമത്തിനായി 794.45 കോടി
- ഭിന്നശേഷി വിഭാഗങ്ങൾക്കായി 377.42 കോടി
- മറ്റു അരക്ഷിത സമൂഹങ്ങൾക്കായി 377.42 കോടി
- പാലിയേറ്റീവ് കെയർ പരിചരണത്തിനായി 333.22 കോടി
- എസ്സി, എസ്റ്റി യുവതീയുവാക്കളുടെ ഉന്നമനത്തിനായി 388.74 കോടി രൂപ

ത്തുന്നതിൽ സംസ്ഥാന സർക്കാർ വിട്ടുവീഴ്ച ചെയ്തില്ല. സംസ്ഥാനത്തെ വികസന ഫണ്ടിന്റെ 25 ശതമാനവും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്നു. 2011-16 ൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 19,778 കോടി രൂപ ബജറ്റിലൂടെ നൽകിയ സ്ഥാനത്ത്, കഴിഞ്ഞ നാലുവർഷത്തിനിടെ 26,227.50 കോടി രൂപയുടെ ബജറ്റ് വിഹിതം നൽകിക്കഴിഞ്ഞു.

അധികാരവികേന്ദ്രീകരണത്തിന്റെ കേരള മാതൃകയ്ക്ക് ലോകമെങ്ങും കൂടുതൽ സ്വീകാര്യതയും അംഗീകാരവും കൈവന്നിരിക്കുന്നു. കേരളത്തിലെ ജനകീയാസൂത്രണം ഗ്രാമ പഞ്ചായത്ത് വികസന പദ്ധതി എന്ന പേരിൽ രാജ്യം മുഴുവൻ വ്യാപിപ്പിച്ചത് അതിന്റെ സ്വയം സംസാരിക്കുന്ന തെളിവാണ്.

### ആസൂത്രണ മാർഗ്ഗരേഖ പൊളിച്ചെഴുതി

കാലാവസ്ഥാ വ്യതിയാന കാലത്തെ അതിജീവനത്തിന് ഊന്നൽ നൽകി പദ്ധതി മാർഗരേഖയിൽ സമൂല മാറ്റം വരുത്തി.

### പദ്ധതി നടപടിക്രമങ്ങൾ ലളിതമാക്കി

പദ്ധതി തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ സ്വാതന്ത്ര്യവും അയൽസഭകൾക്കും വാർഡ് വികസന സമിതികൾക്കും കൂടുതൽ പങ്കാളിത്തവും നൽകി. പ്രകൃതി ദുരന്തങ്ങളുടെ അനുഭവം ഉൾക്കൊണ്ട് പദ്ധതി പ്രവർത്തനങ്ങൾക്ക് പുതിയ സാഹചര്യങ്ങൾക്കൊത്ത പുതു സമീപനം രൂപപ്പെടുത്തി.

- ജൈവവൈവിധ്യ സംരക്ഷണം, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം എന്നീ മേഖലകൾക്ക് പുതിയ വർക്കിംഗ് ഗ്രൂപ്പ്.
- ഉല്പാദന വർദ്ധനവ് ലക്ഷ്യമിട്ട് സബ്സിഡി മാനദണ്ഡങ്ങളിൽ മാറ്റം വരുത്തി; ത്രിതല പഞ്ചായത്തുകളുടെ 30 ശതമാനം തുകയും നഗര തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 10 ശതമാനം തുകയും ഉല്പാദന മേഖലാ പ്രോജക്ടുകൾക്ക്.
- പ്രോജക്ടുകൾക്ക് ഇനി വാർപ്പു മാതൃകകൾ നിർബന്ധമല്ല; മാർഗരേഖയിൽ പറയാത്ത നൂതന പ്രോജക്ടുകൾ കാറ്റഗറി ഒന്നിൽ ഉൾപ്പെടുത്തി ഏറ്റെടുക്കാം. സവിശേഷ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ നൂതന പരിപാടികൾക്കും അംഗീകാരം.
- പ്രകൃതിക്ഷോഭങ്ങളും ദുരന്തങ്ങളും നേരിടാൻ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളിലും ദുരന്ത നിവാരണ പദ്ധതി. രാജ്യത്ത് ആദ്യമായി പ്രാദേശിക ദുരന്ത നിവാരണ പദ്ധതി നടപ്പിലാവുന്നത് കേരളത്തിൽ
- പ്രാദേശിക പരിഹാരം സാധ്യമല്ലാത്ത പ്രശ്നങ്ങൾക്ക് ജില്ലാ, സംസ്ഥാന തലത്തിൽ പരിഹാരം കാണുന്നു. പദ്ധതികൾക്ക് സമഗ്ര സമീപനം ഉറപ്പാക്കാർ ബഹുതല ആസൂത്രണം.
- പട്ടികജാതി/പട്ടികവർഗ്ഗ ഉപപദ്ധതിയുടെ 5 ശതമാനം തുക വൈകല്യമുള്ളവർക്കും കുട്ടികൾക്കും നീക്കി വയ്ക്കുന്നു. 5 ശതമാനം തുക വൃദ്ധർക്കും പാലിയേറ്റീവ് കെയർ പദ്ധതികൾക്കും നീക്കിവയ്ക്കുന്നു; 10 ശതമാനം തുക വനിതാ ഘടക പദ്ധതിക്ക്.

### പ്രോജക്ടുകൾക്ക് നാല് കാറ്റഗറി

സബ്സിഡി മാർഗരേഖയിൽ പരാമർശിക്കാത്ത നൂതന പ്രോജക്ടുകളാണ് കാറ്റഗറി ഒന്നിൽ വരുന്നത്. വിഹിതം കൈമാറലും ഡെപ്പോസിറ്റ് വർക്കുകളും കാറ്റഗറി രണ്ടിൽ ഉൾപ്പെടും. ഇവയ്ക്ക് വെറ്റിങ്ങ് വേണ്ട. വെറ്റിങ്ങ് ആവശ്യമുള്ള സാധാരണ പ്രോജക്ടുകളാണ് മൂന്നാം കാറ്റഗറി. വെറ്റിങ്ങും സാങ്കേതിക അനുമതിയും ആവശ്യമുള്ള പ്രോജക്ടുകളെ

## നമ്മൾ നമുക്കായ്

### രാജ്യത്ത് ആദ്യമായി പ്രാദേശിക ദുരന്ത നിവാരണ പദ്ധതി നടപ്പിലാവുന്നത് കേരളത്തിൽ

കേരളം നേരിട്ട പ്രകൃതി ദുരന്തങ്ങളുടെ അനുഭവം നമ്മുടെ വികസന കാഴ്ചപ്പാടിലും മുൻഗണനകളിലും ആവശ്യപ്പെടുന്ന മാറ്റത്തിന്റെ സാക്ഷാൽക്കാരമാണ് "നമ്മൾ നമുക്കായ്". രാജ്യത്തിന് മാതൃകയായ ജനകീയാസൂത്രണത്തിന്റെ അനുഭവസമ്പത്തും അതിലൂടെ ശക്തിപ്പെട്ട അടിസ്ഥാനതല ജനകീയ കൂട്ടായ്മകളും ദുരന്ത പ്രതിരോധത്തിനും ദുരന്തനിവാരണത്തിനും പ്രയോജനപ്പെടുത്തുക എന്നതാണ് ഇതിന്റെ കാഴ്ചപ്പാട്. ഇതിന്റെ ഭാഗമായി ലോകത്തിൽ ആദ്യമായി നമ്മുടെ സംസ്ഥാനത്ത് തദ്ദേശസ്വയംഭരണസ്ഥാപന തലത്തിലും വാർഡ് തലത്തിലും ദുരന്ത നിവാരണ കർമ്മസമിതികൾ നിലവിൽ വന്നു. പ്രകൃതിക്ഷോഭങ്ങളും ദുരന്തങ്ങളും നേരിടാൻ എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും ഇതിനോടകം ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

കാറ്റഗറി നാലായി പരിഗണിക്കുന്നു.

### ഉല്പാദന, സേവന മേഖലകൾ ശക്തിപ്പെടുന്നു

- ഉല്പാദന മേഖലയിൽ കൂടുതൽ പ്രോജക്ടുകൾ നടപ്പിലാവുന്നു. 2011-12 മുതലുള്ള അഞ്ചു വർഷം തദ്ദേശഭരണ സ്ഥാപനങ്ങൾ ഉൽപ്പാദന മേഖലയ്ക്ക് നീക്കിവച്ചത് 2326. 31 കോടി രൂപ. കഴിഞ്ഞ നാലു വർഷത്തെ വിഹിതം 4141.44 കോടി രൂപ.

### കാർഷിക, മൃഗസംരക്ഷണ രംഗങ്ങളിൽ വികസന മുന്നേറ്റം

- കന്നുകാലി സമ്പത്തിൽ വർദ്ധനവ്; തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഴി വിതരണം ചെയ്തത് 56,382 പശുക്കൾ, 12,890 എരുമകൾ, 1,18,755 ആടുകൾ.
- 2,521 പുതിയ ഇറച്ചിക്കോഴി യൂണിറ്റുകൾ ആരംഭിച്ചു.
- 3,163,236 മുട്ടക്കോഴികൾ വിതരണം ചെയ്തു.
- 6,61,752 പേർക്ക് പാൽ സബ്സിഡിയായി നൽകിയത് 4,98.17 കോടി രൂപ.

### സേവന മേഖലയിലെ മുതൽമുടക്ക് വർധിച്ചു

2015-16 വരെയുള്ള അഞ്ചു വർഷം തദ്ദേശഭരണ സ്ഥാപനങ്ങൾ സേവന മേഖലയ്ക്ക് നീക്കിവച്ചത് 12,778 കോടി രൂപ - കഴിഞ്ഞ നാലു വർഷം നൽകിയത് 17840 കോടി രൂപ.

### ജില്ലകളുടെ സമഗ്ര വികസനത്തിന് ജില്ലാ പദ്ധതി


- ബഹുതല ആസൂത്രണത്തിന് ജില്ലാ തലത്തിൽ ഏകോപനം ഉറപ്പാക്കി. സർക്കാർ വകുപ്പുകളുടെ പ്രവർത്തനങ്ങൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപന പദ്ധതികൾക്കും ജില്ലാ തലത്തിൽ സംയോജനം.
- ജില്ലാ പദ്ധതിയിലെ വൻകിട പ്രോജക്ടുകൾക്ക് സംസ്ഥാന ബഡ്ജറ്റിൽ തുക നൽകുന്നു.
- ജില്ലാ പദ്ധതിയിലെ സംയോജിത പ്രോജക്ടുകൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ വിഹിതം.
- പദ്ധതികൾക്ക് ഗുണനിലവാരവും സാങ്കേതിക തികവും ഉറപ്പാക്കാൻ പതിന്നാല് ജില്ലകളിലും ജില്ലാ റിസോഴ്സ് സെന്ററുകൾ. ☐

# സുഭിക്ഷ കേരളത്തിലേക്ക് ചുവടുവയ്ക്കാം

സമഗ്ര കർഷിക വികസനത്തിനുള്ള സുഭിക്ഷ കേരളം പദ്ധതിക്ക് സംസ്ഥാനത്ത് തുടക്കമായി. ഭക്ഷ്യസുരക്ഷയും സുരക്ഷിത ഭക്ഷണവുമാണ് പദ്ധതിയുടെ പ്രധാന മുൻഗണനകൾ. കൃഷിയുടെയും മൃഗസംരക്ഷണം, ക്ഷീരവികസനം മുതലായ അനുബന്ധ മേഖലകളുടെയും മൂല്യവർധിത വ്യവസായങ്ങളുടെയും പ്രോത്സാഹനത്തിലൂടെ ഭക്ഷ്യ സ്വയംപര്യാപ്തതയും പ്രാദേശിക സാമ്പത്തിക വികസനവും സാധ്യമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. അരി, പച്ചക്കറി, മുട്ട, കോഴിയിറച്ചി, പാൽ, പഴവർഗങ്ങൾ, പയറുവർഗങ്ങൾ, കിഴങ്ങു വർഗങ്ങൾ, മത്സ്യം എന്നിവയ്ക്ക് മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന സ്ഥിതിയിൽ മാറ്റം വരുത്താനുള്ള വിശദ കർമ്മപദ്ധതി സർക്കാർ തയ്യാറാക്കിയിട്ടുണ്ട്.

കൊവിഡ് 19 ന്റെ വ്യാപനവും അതിനെ ചെറുക്കാൻ ഏർപ്പെടുത്തിയ ലോക്ക് ഡൗണും സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയിൽ കനത്ത ആഘാതമേൽപ്പിച്ച പശ്ചാത്തലത്തിൽ, ജനങ്ങളുടെ ജീവന സുരക്ഷയും വരുമാനവും തിരിച്ചു പിടിക്കാനുള്ള പുനരുജ്ജീവന പാക്കേജിന്റെ ഭാഗമാണ് സുഭിക്ഷ കേരളം. കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, ഫിഷറീസ്, ജലവിഭവം, സഹകരണം, വ്യവസായം തുടങ്ങിയ മേഖലകളെ കൂട്ടിയോജിപ്പിച്ച് കാമ്പെയിൻ രീതിയിലാണ് പദ്ധതി നടപ്പിലാക്കുക. സംസ്ഥാനതലത്തിൽ കൃഷി വകുപ്പും താഴേത്തട്ടിൽ തദ്ദേശഭരണ സ്ഥാപനങ്ങളും ഇതിന്റെ ഭാഗമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകും.

- തരിശുനിലങ്ങൾ കൃഷിയിടങ്ങളാക്കാൻ പഞ്ചായത്തുകളും നഗരസഭകളും നടപടി സ്വീകരിക്കും; ഭൂമി പാട്ടത്തിനെടുത്ത് കാർഷിക ഗ്രൂപ്പുകൾക്ക് കൈമാറും.
- പുരയിട കൃഷി, ഇടവിള കൃഷി, വീട്ടുവളപ്പിലെ കൃഷി, മട്ടുപ്പാവ് കൃഷി, ഗ്രോബാഗ് കൃഷി എന്നിവയ്ക്ക് പ്രോത്സാഹനം നൽകും.
- അക്വാപോണിക്സ്, ഹൈഡ്രോപോണിക്സ്, ലംബകൃഷി തുടങ്ങിയ കൃഷി സമ്പ്രദായങ്ങൾക്ക് പ്രചാരം നൽകും.
- ജൈവ കാർഷിക രീതികൾക്ക് ഊന്നൽ നൽകും.
- കൃഷിക്കൊപ്പം കന്നുകാലികൾ, ആട്, കോഴി, കാട ഇവയുടെ പരിപാലനത്തിനും മത്സ്യകൃഷിക്കും പ്രോൽസാഹനം നൽകും.
- ഡയറി യൂണിറ്റുകൾ വ്യാപകമാക്കും.
- പാലിൽ നിന്ന് തൈര്, ചീസ്, പനീർ തുടങ്ങിയ മൂല്യവർധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കും.
- അസോള ടാങ്ക് നിർമ്മാണം, തീറ്റപ്പുൽ കൃഷി, മത്സ്യക്കുളങ്ങൾ എന്നിവ തൊഴിലുറപ്പ് പദ്ധതിയിലൂടെ നിർവ്വഹിക്കും.
- കൃഷി വകുപ്പ് ഗുണനിലവാരമുള്ള വിത്തും നടീൽ വസ്തുക്കളും വളവും ലഭ്യമാക്കും.
- സഹകരണ സ്ഥാപനങ്ങൾ പലിശയില്ലാതെയോ കുറഞ്ഞ പലിശയ്ക്കോ വായ്പ നൽകും.
- ജലസേചന വകുപ്പ് ജലസേചനത്തിനും ജല നിർഗ്ഗമനത്തിനുമുള്ള സൗകര്യങ്ങൾ ഒരുക്കും.
- കർഷകർക്കും സംരംഭകർക്കും അതതു വകുപ്പുകൾ പരിശീലനം നൽകും.
- മണ്ണ് പരിശോധന, ടിഷ്യൂ കൾച്ചർ ലാബുകൾ, ജൈവവള - ജൈവ കീടനാശിനി ഉൽപ്പാദന കേന്ദ്രങ്ങൾ എന്നിവയും യന്ത്രങ്ങളും കാർഷികോപകരണങ്ങളും ലഭ്യമാക്കുന്നതിനും ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകൾ പ്രോജക്ടുകൾ തയ്യാറാക്കും.
- സംസ്ഥാനമൊട്ടുക്കും വിതരണ കേന്ദ്രങ്ങൾ ആരംഭിക്കും.
- താഴേത്തട്ടിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ തദ്ദേശഭരണസ്ഥാപന തലത്തിലും വാർഡ് തലത്തിലും കമ്മിറ്റികൾ രൂപീകരിക്കും.



# കാര്യക്ഷമതയുടെയും സുതാര്യതയുടെയും പുതുയുഗത്തിലേക്ക്

**ഗുണനിലവാരമുള്ള സേവനം പരമാവധി വേഗത്തിൽ ലഭ്യമാക്കി മികവിന്റെ പുതിയ ഔന്നത്യങ്ങൾ താണ്ടുകയാണ് സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങൾ. സംസ്ഥാനത്തെ 939 ഗ്രാമപഞ്ചായത്തുകളും 152 ബ്ലോക്ക് പഞ്ചായത്തുകളും ഐഎസ്ഒ നിലവാരം കൈവരിച്ചത് സമാനതകളില്ലാത്ത നേട്ടമായി.**

കേരളത്തിലെ തദ്ദേശഭരണ ചരിത്രത്തിൽ സുതാര്യതയുടെയും കാര്യക്ഷമതയുടെയും പുതിയൊരു ഘട്ടത്തിന് നാന്ദി കുറിക്കപ്പെട്ടിരിക്കുന്നു. കെട്ടിട നിർമ്മാണ അനുമതി മുതൽ ക്ഷേമ പെൻഷൻ വരെയുള്ള സേവനങ്ങൾക്ക് അപേക്ഷ നൽകി തീരുമാനത്തിനായി നീണ്ട വേളകൾ കാത്തിരുന്ന കാലം പഴങ്കഥയായി.

ഗുണനിലവാരമുള്ള സേവനം പരമാവധി വേഗത്തിൽ ലഭ്യമാക്കി മികവിന്റെ പുതിയ ഔന്നത്യങ്ങൾ താണ്ടുകയാണ് സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങൾ. സംസ്ഥാനത്തെ 939 ഗ്രാമപഞ്ചായത്തുകളും 152 ബ്ലോക്ക് പഞ്ചായത്തുകളും ഐഎസ്ഒ നിലവാരം കൈവരിച്ചത് സമാനതകളില്ലാത്ത നേട്ടമായി.

## എല്ലാം സുതാര്യമാക്കി വിവര സാങ്കേതികവിദ്യ

സർക്കാർ സേവനങ്ങൾ ഒളിയും മറയുമില്ലാതെ യഥാസമയം ലഭ്യമാക്കാൻ വിവര സാങ്കേതിക വിദ്യകളിലേക്ക് ചുവടുമാറ്റുകയാണ് ലോകത്തെവിടെയുമുള്ള സർക്കാർ സംവിധാനങ്ങൾ. ഭരണ നവീകരണത്തിന് വിവര സങ്കേതങ്ങൾ പ്രയോജനപ്പെടുത്തുന്ന കാര്യത്തിലും കേരളം ഒരു ചുവട് മുന്നിൽ ത്തന്നെ. സർക്കാരിന്റെ ദൈനംദിന പ്രവർത്തനങ്ങൾ മുതൽ വികസന പദ്ധതികളുടെ നിർവഹണം വരെ ഭരണത്തിന്റെ എല്ലാ മേഖലകളിലും ഡിജിറ്റൽ സൗകര്യങ്ങൾ ഏർപ്പെടുത്തി കേരളത്തെ ഒരു ഡിജിറ്റൽ സംസ്ഥാനമാക്കാനുള്ള പ്രവർത്തനങ്ങളിലാണ് ഇൻഫർമേഷൻ കേരള മിഷൻ.

ജനങ്ങളുമായി ഏറ്റവുമടുത്ത് ബന്ധപ്പെടുന്ന തദ്ദേശഭരണ രംഗം വിവരസങ്കേ

തങ്ങളുടെ സഹായത്തോടെ സൂക്ഷ്മതല സ്പർശിയായ മാറ്റങ്ങൾക്ക് വിധേയമായ നാലു വർഷങ്ങളാണ് കടന്നു പോവുന്നത്. സംസ്ഥാനത്തെ വികസന, ക്ഷേമ പ്രവർത്തനങ്ങളുടെ പുരോഗതി എന്നും അപ്ഡേറ്റ് ചെയ്ത് പ്രസിദ്ധപ്പെടുത്തുന്ന കുറ്റമറ്റ ഡിജിറ്റൽ സങ്കേതങ്ങൾ സംസ്ഥാനത്ത് ഒരുങ്ങിക്കഴിഞ്ഞു. ഭരണത്തിൽ ഇനി രഹസ്യങ്ങളില്ല; എല്ലാ വിവരങ്ങളും ജനങ്ങൾക്ക് മുന്നിലെത്തിച്ച് തുറന്നു വച്ച പുസ്തകം പോലെ കേരളത്തിലെ ഭരണരംഗം, വിശേഷിച്ച് തദ്ദേശ സ്വയംഭരണം സുതാര്യമായി മാറുകയാണ്. വ്യക്തിപരമായ കാര്യങ്ങൾക്കോ പൊതു ആവശ്യങ്ങൾക്കോ തദ്ദേശഭരണ സ്ഥാപനങ്ങൾ സന്ദർശിക്കുന്ന ജനങ്ങൾക്ക് അത് സ്വന്തം ഇടമാണെന്ന തോന്നലുണ്ടാവുന്നു.

- തദ്ദേശ സ്വയംഭരണ വകുപ്പുകളിൽ 2,400 പുതിയ തസ്തികകൾ സൃഷ്ടിച്ചു - പഞ്ചായത്തുവകുപ്പിൽ 448, നഗരകാര്യ വകുപ്പിൽ 1494, എഞ്ചിനീയറിംഗ് വിഭാഗത്തിൽ 372, ലൈഫ് മിഷനിൽ 58, ശുചിത്വമിഷനിൽ 28.
- മുനിസിപ്പൽ കോമൺ സർവ്വീസിലെ ജീവനക്കാരെ സർക്കാർ ജീവനക്കാരാക്കി.

**ഭരണത്തിൽ ഇനി രഹസ്യങ്ങളില്ല; എല്ലാ വിവരങ്ങളും ജനങ്ങൾക്ക് മുന്നിലെത്തിച്ച്, തുറന്നു വച്ച പുസ്തകം പോലെ കേരളത്തിലെ ഭരണരംഗം, വിശേഷിച്ച് തദ്ദേശ സ്വയംഭരണം, സുതാര്യമായി മാറുകയാണ്. വ്യക്തിപരമായ കാര്യങ്ങൾക്കോ പൊതു ആവശ്യങ്ങൾക്കോ തദ്ദേശഭരണ സ്ഥാപനങ്ങൾ സന്ദർശിക്കുന്ന ജനങ്ങൾക്ക് അത് സ്വന്തം ഇടമാണെന്ന തോന്നലുണ്ടാവുന്നു.**

- തദ്ദേശസ്വയംഭരണം കാര്യക്ഷമമാക്കാൻ പൊതുസർവീസ് വരുന്നു; നടപടികൾ അന്തിമ ഘട്ടത്തിൽ.
- റിയൽ എസ്റ്റേറ്റ് മേഖലയിലെ തെറ്റായ പ്രവണതകൾക്ക് തടയിടാൻ റിയൽ എസ്റ്റേറ്റ് റഗുലേറ്ററി അതോറിറ്റി (RERA) രൂപീകരിച്ചു.
- 195 അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക സൃഷ്ടിച്ചു. ഓരോ പഞ്ചായത്തിലും ഓരോ അസിസ്റ്റന്റ് എഞ്ചിനിയർ എന്ന ദീർഘകാല ആവശ്യം നിറവേറ്റി. മറ്റ് കാറ്റഗറികളിൽ 373 പുതിയ തസ്തികകൾ.
- 939 ഗ്രാമ പഞ്ചായത്തുകളും 152 ബ്ലോക്ക് പഞ്ചായത്തുകളും ഐ എസ് ഒ സർട്ടിഫിക്കറ്റ് നേടി. സേവനങ്ങൾ രാജ്യാന്തര നിലവാരത്തിലേക്ക്.

### സമ്പൂർണ്ണ ഇ ഭരണത്തിലേക്ക്

- സംസ്ഥാനത്തെ മുഴുവൻ തദ്ദേശഭരണ സ്ഥാപനങ്ങളെയും വിവര സാങ്കേതിക വിദ്യയിലൂടെ കോർത്തിണക്കി പടിപടിയായി സമ്പൂർണ്ണ ഇ-ഗവേണൻസ് സാധ്യമാക്കാൻ വിപുലമായ ഇ-ഗവേണൻസ് പരിപാടികൾ.
- തദ്ദേശഭരണ സ്ഥാപനങ്ങളിലെ വ്യത്യസ്ത ആപ്ലിക്കേഷനുകളെ ഏകീകരിച്ച് ഒറ്റ ലോഗിനിലൂടെ മുഴുവൻ പ്രവർത്തനങ്ങളും കൈകാര്യം ചെയ്യാൻ ERP (Enterprise Resource Plan) സോഫ്റ്റ്‌വെയർ വികസിപ്പിച്ചു. ഇതിനെ വിവിധ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും വിവരങ്ങൾ കൈമാറുന്ന ILGMS (Integrated Local Governance Management System) സംവിധാനവുമായി ബന്ധിപ്പിച്ചു.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നേരിട്ട് ഹാജരാകാതെ അപേക്ഷകൾ അയയ്ക്കാനും സേവനങ്ങൾ ഓൺലൈനിൽ ലഭിക്കാനും ഇൻറഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് മാനേജ്മെൻറ് സിസ്റ്റം (ILGMS) നടപ്പിലാവുന്നു. ചെമ്മരുതി ഗ്രാമ പഞ്ചായത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കിയ ILGMS എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളിലേക്കും വ്യാപിപ്പിക്കും.
- കെട്ടിട നിർമ്മാണ അപേക്ഷകൾ ഓൺലൈനായി കൈകാര്യം ചെയ്യാൻ ഇന്റലിജന്റ് ബിൽഡിംഗ് പ്ലാൻ മാനേജ്മെന്റ് സിസ്റ്റം വികസിപ്പിച്ചു. അമൃത് നഗരങ്ങളിൽ - ആറ് കോർപ്പറേഷനുകളിലും മൂന്ന് മുനിസിപ്പാലിറ്റികളിലും - ഇത് നടപ്പിലാക്കി.
- തദ്ദേശഭരണ സ്ഥാപനങ്ങളിലെ യോഗ നടപടിക്രമങ്ങൾ കൈകാര്യം ചെയ്യാൻ സകർമ്മ വെബ് അധിഷ്ഠിത സോഫ്റ്റ

## കേരളം വ്യവസായ സൗഹൃദമാകാൻ ഈസ് ഓഫ് ഡൂയിങ് ബിസിനസ്സ്

കേരളത്തെ ഒരു വ്യവസായ സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിന്റെ ഭാഗമായി സർക്കാർ നടപ്പിലാക്കിവരുന്ന ഒരു പ്രധാന പദ്ധതിയാണ് ഈസ് ഓഫ് ഡൂയിങ് ബിസിനസ്സ്. വ്യവസായ വളർച്ചയിൽ കേരളത്തെ മറ്റ് മുൻനിര സംസ്ഥാനങ്ങളോടൊപ്പം എത്തിക്കുകയെന്നത് ഇതിന്റെ പ്രധാന ലക്ഷ്യമാണ്. സംസ്ഥാനങ്ങളെ വ്യവസായ നിക്ഷേപ സാധ്യതയുടെ അടിസ്ഥാനത്തിൽ റാങ്ക് ചെയ്യുന്ന കേന്ദ്ര ഗവൺമെന്റിന്റെ ഡിപ്പാർട്ട്മെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആന്റ്ഇന്റേണൽ ട്രേഡിന്റെ (ഡി.പി.ഐ.ഐ.റ്റി) ചുവടുപിടിച്ചാണ് ഈസ് ഓഫ് ഡൂയിങ് ബിസിനസ് നടപ്പിലാക്കുന്നത്. നിലവിലെ നിയമങ്ങൾ ലഘൂകരിക്കുകയും യുക്തിപരമായി നവീകരിക്കുകയും ചെയ്യുക, ക്ലിയറൻസ് സംബന്ധമായ ഭരണ നിർവ്വഹണം കൂടുതൽ ഫലപ്രദവും പ്രയോജനകരവുമാക്കുക, സുതാര്യതയും ജനസൗഹൃദ സമീപനവും ഉറപ്പുവരുത്തുക എന്നിവയ്ക്കാണ് പദ്ധതി ഊന്നൽ നൽകുന്നത്. ഇതിന്റെ ഭാഗമായി വ്യവസായ സംരംഭങ്ങളുടെ സുഗമമായ നടത്തിപ്പിനായി വിവിധ വകുപ്പുകളുടെ കീഴിൽ നിലവിലുള്ള ഏഴു നിയമങ്ങൾ ഭേദഗതി വരുത്തിക്കൊണ്ട് കേരള ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് 2018 എന്ന പേരിൽ പുതിയ നിയമം പുറപ്പെടുവിച്ചിട്ടുണ്ട്. ഈ നിയമത്തിൽ വ്യവസായം തുടങ്ങുവാൻ അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട കാലഹരണപ്പെട്ട നിയമങ്ങളിലാണ് ഭേദഗതി വരുത്തിയിരിക്കുന്നത്. കൂടാതെ 10 ചട്ടങ്ങളും ഭേദഗതി ചെയ്തിട്ടുണ്ട്.

## ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് മാനേജ്മെന്റ് സിസ്റ്റം (ILGMS)

നിലവിൽ സേവന സോഫ്റ്റ് വെയറിലൂടെ ജനന/മരണ/വിവാഹ രജിസ്ട്രേഷനുകളിൽ വിവാഹ രജിസ്ട്രേഷനുള്ള അപേക്ഷയും പേര് ചേർക്കലിനുള്ള അപേക്ഷയും മാത്രമാണ് ഇ- ഫയലിംഗിലൂടെ സാധ്യമാകുന്നത്. അവ ഇ-ഫയൽ ചെയ്താലും രേഖകളൊക്കെ നേരിട്ട് ഹാജരാക്കണം. പുതിയ സോഫ്റ്റ് വെയർ നിലവിൽ വരുന്നതോടെ ജനന/മരണ/വിവാഹ രജിസ്ട്രേഷൻ, പേര് ചേർക്കൽ, തിരുത്തൽ തുടങ്ങി എല്ലാവിധ സേവനങ്ങളും പൂർണ്ണമായി ഓൺലൈനിൽ ലഭ്യമാവും.

വെയർ വികസിപ്പിച്ചു. മലയാളത്തിനു പുറമെ തമിഴ്, കന്നട ഭാഷകളിലും രേഖപ്പെടുത്തലുകൾ നടത്താം. തദ്ദേശഭരണ സ്ഥാപന സെക്രട്ടറിമാർ, മറ്റു ജീവനക്കാർ, ജനപ്രതിനിധികൾ, കൈമാറികിട്ടിയ സ്ഥാപനങ്ങളിലെ ഇംപ്ലിമെന്റിംഗ് ഓഫീസർമാർ തുടങ്ങിയവർക്ക് ഇതിൽ ലോഗിൻ ചെയ്യാം. മിനിട്ട്സ്, മീറ്റിംഗ് നോട്ടീസ്, തീരുമാനങ്ങൾ, തുടർ നടപടികൾ, വിയോജനം, സപ്ലിമെന്ററി അജണ്ട എന്നിവ രേഖപ്പെടുത്താൻ സോഫ്റ്റ്‌വെയറിൽ സൗകര്യം.

- ഗ്രാമസഭാ നടപടികൾ ഹൈടെക്ക് ആക്കാൻ ഓൺലൈൻ ഗ്രാമസഭാ പോർട്ടൽ വികസിപ്പിച്ചു (https://gramasabha.lsgkerala.gov.in/). ഈ ആപ്ളിക്കേഷനിൽ നഗരസഭകളെ കൂടി ഉൾപ്പെടുത്തി വാർഡ് സഭകൾക്ക് അറിയിപ്പുകളും മറ്റും നൽകുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തി.
- സാമൂഹ്യ സേവന പെൻഷന് വെബ് അധിഷ്ഠിത ഏകജാലക സംവിധാനം ഏർപ്പെടുത്തി. പെൻഷൻ ഗുണഭോക്താക്കളുടെ ഡാറ്റാ എൻട്രി, സ്ഥിരീകരണം, അംഗീകാരം, ഡിജിറ്റൽ ഒപ്പ്, പെൻഷൻ ഡാറ്റ തിരുത്തൽ, പെൻഷൻ വിതരണം, വിതരണ സ്റ്റാറ്റസ് തുടങ്ങിയവ ആപ്ലിക്കേഷൻ വഴി ചെയ്യാം. 28 ക്ഷേമ ബോർഡുകളുടെ പെൻഷൻ വിവരങ്ങളും ഇതിൽ ഡാറ്റാ എൻട്രി നടത്താം. പെൻഷൻ ആപ്ലിക്കേഷനിൽ ഡി.ബി.ടി. സംവിധാനം നടപ്പിലാക്കി.
- സാമൂഹ്യ സുരക്ഷ പെൻഷൻ സോഫ്റ്റ്‌വെയർ നാഷണൽ സോഷ്യൽ അസിസ്റ്റൻസ് പ്രോഗ്രാം, മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റ്, ആധാർ, റേഷൻ കാർഡ് വിവരങ്ങൾ, സിവിൽ രജിസ്ട്രേഷൻ എന്നിവയുമായി സംയോജിപ്പിച്ചു.
- അക്ഷയ കേന്ദ്രങ്ങൾ വഴിയും ഇന്റർനെറ്റ് മുഖേന നേരിട്ടും പെൻഷൻ അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള ഇ-ഫയലിംഗ് പൂർത്തീകരിച്ചു. ഗുണഭോക്താക്കളുടെ അർഹത അന്വേഷിച്ച് ഉറപ്പാക്കാൻ സർവ്വേ മൊഡ്യൂൾ (Tab മുഖേന) വികസിപ്പിച്ചു. ആധാർ ഇല്ലാത്തവർക്ക് പെൻഷൻ അനുവദിക്കാനുള്ള ഡേറ്റാ എൻട്രി സംവിധാനം ഉടൻ തയ്യാറാവും.
- ടെണ്ടർ നടപടികളിൽ സുതാര്യത ഉറപ്പാക്കാൻ ഇ-ടെണ്ടർ പ്രോത്സാഹിപ്പിച്ചു. ഇതു വഴി മരാമത്ത് പ്രവർത്തികളുടെ ടെണ്ടർ സേവിംഗ്സ് ഇനത്തിൽ 657.45 കോടി രൂപ ലാഭിച്ചു. ഈ തുക ഉപയോഗിച്ച് പുതിയ പദ്ധതികൾ ഏറ്റെടുത്തു.

**ജനങ്ങളുമായി ഏറ്റവുമടുത്ത് ബന്ധപ്പെടുന്ന തദ്ദേശഭരണ രംഗം വിവരസങ്കേതങ്ങളുടെ സഹായത്തോടെ സൂക്ഷ്മതല സ്പർശിയായ മാറ്റങ്ങൾക്ക് വിധേയമായ നാലു വർഷങ്ങളാണ് കടന്നു പോവുന്നത്. സംസ്ഥാനത്തെ വികസന, ക്ഷേമ പ്രവർത്തനങ്ങളുടെ പുരോഗതി എന്നും അപ്ഡേറ്റ് ചെയ്ത് പ്രസിദ്ധപ്പെടുത്തുന്ന കുറ്റമറ്റ ഡിജിറ്റൽ സങ്കേതങ്ങൾ സംസ്ഥാനത്ത് ഒരുങ്ങിക്കഴിഞ്ഞു.**

- കെട്ടിട നിർമ്മാണ ചട്ടങ്ങൾ സംബന്ധിച്ച നടപടികൾക്ക് സങ്കേതം സോഫ്റ്റ് വെയർ നടപ്പിലാക്കി; ഓഫീസ് നടപടിക്രമങ്ങൾ മുഴുവൻ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്താം.
- തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള സോഫ്റ്റ്‌വെയർ തെരഞ്ഞെടുക്കപ്പെട്ട തദ്ദേശ ഭരണസ്ഥാപനങ്ങളിൽ പൈലറ്റായി നടപ്പിലാക്കി.
- 34 മുനിസിപ്പാലിറ്റികളിലും 4 കോർപ്പറേഷനുകളിലും വ്യാപാര സ്ഥാപന ലൈസൻസിനുള്ള സഞ്ചയ ഡി & ഒ അർബൻ മൊഡ്യൂൾ നടപ്പിലാക്കി.
- 941 ഗ്രാമപഞ്ചായത്തുകളിലും 53 മുനിസിപ്പാലിറ്റികളിലും 4 കോർപ്പറേഷനുകളിലും വസ്തു നികുതി ഇ-പേയ്മെന്റ് നടപ്പിലാക്കി.
- കെട്ടിട നിർമ്മാണ അനുമതി നടപടികൾക്ക് സങ്കേതം സോഫ്റ്റ് വെയർ ; സ്ഥാപനങ്ങളുടെ പ്രൊഫഷണൽ ടാക്സ് നിർണ്ണയിക്കുന്നതിനുള്ള വെബ് അധിഷ്ഠിത സോഫ്റ്റ്‌വെയർ.
- ബിൽഡിംഗ് പെർമിറ്റ് സർട്ടിഫിക്കറ്റ്, കെട്ടിട നിർമ്മാണ പൂർത്തീകരണ സർട്ടിഫിക്കറ്റ്, ഒക്കുപ്പൻസി സർട്ടിഫിക്കറ്റ്, അംഗീകരിച്ച സൈറ്റ് പ്ലാൻ, ബിൽഡിങ്ങ് പ്ലാൻ എന്നിവ ഓൺലൈനിൽ; ആപ്ലിക്കേഷൻ ഫീസ്, പെർമിറ്റ് ഫീസ് എന്നിവയ്ക്ക് ഇ-പേമെന്റ്.
- ലൈഫ് പദ്ധതിയിലെ ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പിനും ഫണ്ട് വിതരണത്തിനും മോണിറ്ററിങ്ങിനും എം.ഐ.എസ് ആപ്ലിക്കേഷൻ നടപ്പിലാക്കി.
- തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ശുചീകരണ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിനായി ശുചിത്വ ജാഗ്രത (https://suchitwajagratha.lsgkerala.gov.in/) പോർട്ടൽ ആരംഭിച്ചു.
- കൊവിഡ്-19 ഡാറ്റ ശേഖരണത്തിനും സംസ്ഥാനതല ക്രോഡീകരണത്തിനും ഡാഷ് ബോർഡ് ഉൾപ്പെടെ https://pandemicmis.lsgkerala.gov.in/ വെബ്സൈറ്റ്.
- കിലയെ മികവിന്റെ കേന്ദ്രമാക്കി. വിവിധ പരിശീലന സ്ഥാപനങ്ങളെ കിലയുമായി സംയോജിപ്പിച്ചു. പുതിയ പരിശീലന കേന്ദ്രങ്ങൾ ആരംഭിച്ചു.

*വിവരങ്ങൾക്ക് കടപ്പാട്: ഇൻഫർമേഷൻ കേരള മിഷൻ*

# ലൈഫ് - ചരിത്രനേട്ടം



**ചരിത്രം സൃഷ്ടിച്ച് മുന്നേറുന്ന ലൈഫ് പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങളിലായി സംസ്ഥാനത്ത് 2.19 ലക്ഷത്തിലധികം വീടുകൾ പണി തീർന്നിരിക്കുന്നു. ഈ കാലയളവിൽ രാജ്യത്തെ മറ്റൊരു സംസ്ഥാനത്തും ഒരു സംസ്ഥാനാവിഷ്കൃത പദ്ധതിയുടെ ഭാഗമായി ഇത്രയധികം വീടുകൾ നിർമ്മിച്ചു നൽകുകയോ ഒരു ഭവന പദ്ധതിക്കു വേണ്ടി ഇത്ര വലിയ തുക ചെലവഴിക്കുകയോ ചെയ്തിട്ടില്ല**

കേരളത്തിലെ അർഹരായ എല്ലാ ഭവനരഹിതർക്കും വീടുകൾ നൽകുക എന്ന ലക്ഷ്യത്തോടെ മൂന്നു ഘട്ടങ്ങളായി നടപ്പിലാക്കുന്ന ലൈഫ് പദ്ധതിയുടെ ആദ്യ രണ്ടു ഘട്ടങ്ങൾ പൂർത്തീകരണത്തോട് അടുക്കുകയാണ്. ചരിത്രം സൃഷ്ടിച്ച് മുന്നേറുന്ന ലൈഫ് പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങളിലായി സംസ്ഥാനത്ത് 2.19 ലക്ഷത്തിലധികം വീടുകൾ പണി തീർന്നിരിക്കുന്നു. ഈ കാലയളവിൽ രാജ്യത്തെ മറ്റൊരു സംസ്ഥാനത്തും ഒരു സംസ്ഥാനാവിഷ്കൃത പദ്ധതിയുടെ ഭാഗമായി ഇത്രയധികം വീടുകൾ നിർമ്മിച്ചു നൽകുകയോ ഒരു ഭവന പദ്ധതിക്കു വേണ്ടി ഇത്ര വലിയ തുക ചെലവഴിക്കുകയോ ചെയ്തിട്ടില്ല. കേരളത്തിന്റെ പല മടങ്ങ് ജനസംഖ്യയും വിഭവ ശേഷിയുമുള്ള വലിയ സംസ്ഥാനങ്ങൾക്ക് കഴിയാത്തതാണ് കേരളം കൈവരിച്ച നേട്ടം.

കേരള സർക്കാരിന്റെ നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി 2016 ലാണ് ലൈഫ് മിഷൻ പ്രഖ്യാപിച്ചത്. കേന്ദ്രാവിഷ്കൃത, സംസ്ഥാന പദ്ധതികളുടെ ഭാഗമായി വിവിധ വകുപ്പുകൾ നടത്തിവന്ന ഭവന നിർമ്മാണ പദ്ധതികൾ ലൈഫ് മിഷനിലൂടെ ഒരു ഏകോപിത സംവിധാനത്തിനു കീഴിൽ കൊണ്ടുവന്നു. ഗുണഭോക്താവിന് വീടു നൽകുക എന്ന ഒരൊറ്റ ലക്ഷ്യം മാത്രമല്ല ലൈഫിനുള്ളത്. ഭാവി കേരളം എന്തായിരിക്കണമെന്ന ഈ തലമുറയുടെ സങ്കൽപ്പത്തിന്റെ രത്നച്ചുരുക്കമാണ് കേരളത്തിലെ ജനങ്ങൾ നെഞ്ചേറ്റിയ നവകേരള ദൗത്യങ്ങൾ. അതിന്റെ ഹൃദയം ഉൾക്കൊള്ളുന്ന ലൈഫ് ഇതുവരെ നടപ്പിലാക്കിയ മറ്റെല്ലാ ഭവന പദ്ധതികളിൽ നിന്നും വ്യത്യസ്തമാണ്. ജീവനോപാധികൾ ഉറപ്പുവരുത്തിയും സാമ്പത്തിക ശാക്തീകരണത്തിലൂടെയും അഭിമാനത്തോടെ ജീവിക്കാൻ ഇവർക്ക് അവസരമൊരുക്കുക എന്നതാണ് ലൈഫ് പദ്ധതിയുടെ കാഴ്ചപ്പാട്. ലൈവ് ലിഹുഡ് ഇൻക്ലൂഷൻ & ഫിനാൻഷ്യൽ എംപവർമെന്റ് (LIFE) എന്ന പേര് അന്വർത്ഥമാക്കുന്നതാണ് പദ്ധതിയിൽ ഇതുവരെ നാം കൈവരിച്ച നേട്ടങ്ങൾ.

ഭൂമിയുള്ളവർക്കാണ് മറ്റു ഭവന പദ്ധതികളുടെ സഹായം പ്രധാനമായി ലഭിച്ചത്. ലൈഫ് പദ്ധതിയിലാവട്ടെ, പാതിവഴിയിൽ നിർമ്മാണം ഉപേക്ഷിക്കപ്പെട്ട വീടുകളുടെ പൂർത്തീകരണവും ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസവും അതേ പ്രാധാന്യത്തോടെ ഏറ്റെടുത്തിരിക്കുന്നു. ഗുണഭോക്താക്കൾക്ക് 20 ലധികം സർക്കാർ വകുപ്പുകളുടെ സേവനം ഒരേ വേദിയിൽ ഒരുക്കിയാണ് സംസ്ഥാനത്തെ എല്ലാ ബ്ലോക്കുകളിലും ലൈഫ് കുടുംബസംഗമങ്ങൾ സംഘടിപ്പിച്ചത്. കേരളത്തിന്റെ വികസന ചരിത്രത്തിൽ ഇതാദ്യമാണ്.



*ലൈഫ് മിഷൻ വഴി രണ്ടു ലക്ഷം വീടുകൾ പൂർത്തിയാകുന്നതിന്റെ ഭാഗമായി കരകുളം ഏണിക്കരയിൽ ചന്ദ്രൻ-ഓമന ദമ്പതികളുടെ വീടിന്റെ ഗൃഹപ്രവേശത്തിന് മുഖ്യമന്ത്രി പിണറായി വിജയൻ എത്തിയപ്പോൾ. (ഫയൽ ചിത്രം)*

### ഒന്നാംഘട്ടം:
### ഭവന പൂർത്തീകരണം

സർക്കാർ സഹായത്തോടെ നിർമ്മാണം ആരംഭിച്ച് വിവിധ കാരണങ്ങളാൽ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണമാണ് പദ്ധതിയുടെ ആദ്യഘട്ടം. വിവിധ ഭവന പദ്ധതികളിൽ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെട്ട് സർക്കാർ സഹായം ലഭിച്ച അരലക്ഷത്തിലധികം കുടുംബങ്ങൾ വീട് നിർമ്മാണം പൂർത്തിയാക്കാൻ നിവൃത്തിയില്ലാതെ കഴിയുകയായിരുന്നു. മാരക രോഗങ്ങൾ ബാധിച്ച് കടബാധ്യതയിൽപ്പെട്ടവരും ഉറ്റവർ മരണപ്പെട്ട് ജീവിതമാർഗ്ഗം അടഞ്ഞവരുമായിരുന്നു അതിൽ നല്ലൊരു പങ്കും. രാജ്യത്ത് ഇത്തരക്കാർക്കു വേണ്ടിയുള്ള ഒരു പാക്കേജ് കേന്ദ്രസർക്കാരോ ഏതെങ്കിലും സംസ്ഥാന സർക്കാരോ ഇതുവരെ തയ്യാറാക്കിയിട്ടില്ല. ലൈഫ് അത് ഏറ്റെടുത്തു. 2000 മുതൽ ആദ്യ ഗഡു സഹായം സ്വീകരിച്ച ഇത്തരത്തിലുള്ള 54,167 കുടുംബങ്ങളെ കണ്ടെത്തി അവർക്ക് അധിക സഹായം അനുവദിച്ചു. വീട് പൂർത്തീകരിക്കാൻ പുതിയ നിരക്കിൽ ആവശ്യമായ ആനുപാതിക തുകയാണ് ഇവർക്ക് നൽകിയത്. ഇത്തരത്തിൽ കണ്ടെത്തിയ വീടുകളിൽ 52,098 (96.18%) എണ്ണം പൂർത്തീകരിച്ചു. 671 കോടി രൂപ ഇതിനായി ചെലവഴിച്ചു.

### രണ്ടാംഘട്ടം:
### ഭൂമിയുള്ളവർക്ക് ഭവനം

ഭൂമിയുള്ള ഭവനരഹിതരുടെ ഭവനനിർമ്മാണമാണ് ഈ ഘട്ടത്തിലെ ലക്ഷ്യം. അർഹരായ 1,02,326 ഗുണഭോക്താക്കളിൽ 94,962 പേർക്ക് സഹായം നൽകി. നാളിതുവരെ 77,424 (81.38%) വീടുകൾ പൂർത്തീകരിച്ചു. ബാക്കിയുള്ളവ നിർമ്മാണത്തിലിരിക്കുന്നു. ഇതിലേക്കായി 3,342 കോടി രൂപ ഗുണഭോക്താക്കൾക്കു ധനസഹായമായി നല്കി.

ലൈഫ് മിഷനിലൂടെ നടപ്പിലാക്കുന്ന ഭവനനിർമ്മാണങ്ങൾക്കു പുറമെ ലൈഫ് -പി.എം.എ.വൈ (അർബൻ) പദ്ധതി പ്രകാരം 48,446 വീടുകളും ലൈഫ് -പി.എം.എ.വൈ (റൂറൽ) പദ്ധതി പ്രകാരം 16,703 വീടുകളും പൂർത്തീകരിച്ചു. ലൈഫ് രണ്ടാം ഘട്ടത്തിനായി സംസ്ഥാന സർക്കാർ ഇതുവരെ ചെലവഴിച്ചത് 5852 കോടിയോളം രൂപയാണ്. ഇതുകൂടാതെ മറ്റു വകുപ്പുകൾ തുടങ്ങിവച്ച ഭവനനിർമ്മാണ പദ്ധതികളും പൂർത്തീകരിച്ചുവരുന്നു. പട്ടികജാതി വകുപ്പിനു കീഴിൽ 19,018 വീടുകളും പട്ടികവർഗ്ഗ വകുപ്പിനു കീഴിൽ 1745 വീടുകളും പൂർത്തീകരിച്ചു. ഫിഷറീസ് വകുപ്പിനു കീഴിൽ പൂർത്തീകരിച്ച വീടുകളുടെ എണ്ണം 3734 ആണ്. ഇതെല്ലാം കൂടി ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതുവരെ പൂർത്തിയാക്കിയത് 2,19,168 വീടുകളാണ്.

### മൂന്നാംഘട്ടം : ഭൂരഹിതർക്ക് പാർപ്പിടം

1,06,925 ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുണ്ട്. ഇവർക്ക് പാർപ്പിടമൊരുക്കുന്നതിന് സംസ്ഥാന സർക്കാരും തദ്ദേശഭരണസ്ഥാപനങ്ങളും ചേർന്ന് നടപടികൾ സ്വീകരിച്ചു വരുന്നു. മൂന്നാംഘട്ടത്തിൽ പ്ര

**ഭൂമിയുള്ള ഭവനരഹിതരുടെ ഭവനനിർമ്മാണമാണ് രണ്ടാം ഘട്ടത്തിലെ ലക്ഷ്യം. അർഹരായ 1,02,326 ഗുണഭോക്താക്കളിൽ 94,962 പേർക്ക് സഹായം നൽകി. നാളിതുവരെ 77,424 (81.38%) വീടുകൾ പൂർത്തീകരിച്ചു. ബാക്കിയുള്ളവ നിർമ്മാണത്തിലിരിക്കുന്നു.**



## അടിമാലി ഭവനസമുച്ചയം

ഇടുക്കി ജില്ലയിലെ അടിമാലി ഗ്രാമപഞ്ചായത്തിലെ മച്ചിപ്ലാവ് എന്ന സ്ഥലത്ത് 24.82 കോടി രൂപയ്ക്ക് ഭവനം ഫൗണ്ടേഷനിൽ നിന്നും വാങ്ങിയ സമുച്ചയം 163 കുടുംബങ്ങൾക്ക് കൈമാറി. ഏഴ് നിലകളുള്ള ഈ കെട്ടിടത്തിലെ ഓരോ യൂണിറ്റിനും രണ്ട് കിടപ്പുമുറികൾ, അടുക്കള, ഹാൾ എന്നിവയുൾപ്പെടെ 460 ച. അടി വിസ്തീർണ്ണമുണ്ട്. ലിഫ്റ്റ് സൗകര്യത്തിന് പുറമെ തുമ്പൂർമുഴി കമ്പോസ്റ്റ് പ്ലാന്റ്, വാഷിംഗ് ഏരിയ, വൈദ്യുത വിളക്കുകൾ, ആരോഗ്യ സബ്സെന്റർ, കുടുംബശ്രീ കൗൺസലിംഗ് സെന്റർ, ക്രഷ്, യൂത്ത് ക്ലബ്, കുടുംബശ്രീ ജൻഡർ ക്ലബ്, കുടുംബശ്രീ അയൽക്കൂട്ടം, റസിഡന്റ്സ് അസോസിയേഷൻ തുടങ്ങിയ സൗകര്യങ്ങളും ഇവിടെ ഒരുക്കിയിരിക്കുന്നു.

## ലൈഫ് - തുക വന്ന വഴി

*ലൈഫ് മിഷനും വിവിധ വകുപ്പുകളും ഭവന നിർമ്മാണത്തിന് ഇതുവരെ ചെലവാക്കിയ തുക (കോടി രൂപയിൽ)*

| | | |
|---|---|---|
| **ഒന്നാംഘട്ടം** | - | 671 |
| **രണ്ടാംഘട്ടം** | | |
| ഹഡ്കോ വായ്പ | - | 1,750 |
| തദ്ദേശ സ്ഥാപന വിഹിതം | - | 1,036 |
| സംസ്ഥാന വിഹിതം | - | 673 |
| ലൈഫ് പിഎംഎവൈ (അർബൻ) | - | 2259.38 |
| ലൈഫ് പിഎംഎവൈ (റൂറൽ) | - | 664.09 |
| എസ് സി വകുപ്പ് | - | 640.00 |
| എസ് റ്റി വകുപ്പ് | - | 58.32 |
| ഫിഷറീസ് വകുപ്പ് | - | 239.49 |
| **മൂന്നാംഘട്ടം** | - | 31 |
| **ആകെ** | - | 8022.28 |

ധാനമായും ഭവനസമുച്ചയങ്ങളാണ് നിർമ്മിക്കുന്നത്. പ്രീഫാബ് സാങ്കേതികവിദ്യയാണ് നിർമ്മാണത്തിനായി ഉപയോഗിക്കുന്നത്.

2020-21ൽ 103 ഭവനസമുച്ചയങ്ങൾ നിർമ്മിക്കും. ഇടുക്കി ജില്ലയിലെ അടിമാലി ഗ്രാമപഞ്ചായത്തിയിലെ 217 അപ്പാർട്ടുമെന്റുകളുള്ള ഭവന സമുച്ചയം ഗുണഭോക്താക്കൾക്ക് കൈമാറി. 12 സമുച്ചയങ്ങളുടെ നിർമ്മാണം ആരംഭിച്ചു. ബാക്കിയുള്ളവയുടെ പ്രാരംഭ നടപടികൾ പൂർത്തിയായി. സഹകരണ വകുപ്പിന്റെ കെയർഹോം പദ്ധതിയിലൂടെ 14 ഭവനസമുച്ചയങ്ങൾ നിർമ്മിക്കാൻ സ്ഥലം കണ്ടെത്തി. 54 സമുച്ചയങ്ങളുടെ നിർമ്മാണ പ്രവർത്തി കൾക്കായുള്ള പ്രോജക്റ്റ് കൺസൾട്ടൻസിയെ തെരഞ്ഞെടുത്തു. മൂന്നാം ഘട്ടത്തിനായി സർക്കാർ ഇതുവരെ ചെലവാക്കിയത് 31 കോടിയോളം രൂപയാണ്.

### വിലക്കുറവിൽ നിർമ്മാണ സാമഗ്രികൾ

ലൈഫ് രണ്ടാം ഘട്ട ഗുണഭോക്താക്കൾക്ക് പെയിന്റ്, സിമന്റ് , ഇലക്ട്രിക്കൽ ഉപകരണങ്ങൾ, വയറിംഗ് ഉപകരണങ്ങൾ, സാനിട്ടറി ഉപകരണങ്ങൾ, വാട്ടർ ടാങ്ക് തുടങ്ങിയ നിർമ്മാണ സാമഗ്രികൾ വിലക്കുറവിൽ ലഭ്യമാക്കി വരുന്നു. ലെഗ്രാന്റ്, നേരോലാക്ക്, വിപ്രോ, മലബാർ സിമന്റ്, ജീറ്റ്, സ്റ്റാർ പൈപ്പ്സ്, വീഗാർഡ്, ഹൈക്കൗണ്ട്, ഏഷ്യൻ പെയിന്റ്സ്, സെറ, ബോൺട്ടൺ കേബിൾസ്, പ്യാരിവെയർ തുടങ്ങിയ പ്രമുഖ കമ്പനികൾ ലൈഫുമായി ഈ ഉദ്യമത്തിൽ സഹകരിക്കുന്നു. കൂടുതൽ കമ്പനികൾ താൽപ്പര്യം പ്രകടിപ്പിച്ച് മുന്നോട്ട് വന്നിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് തിരിച്ചറിയൽ രേഖ കാണിച്ച് ഡീലർമാരിൽ നിന്ന് ഓഫർ വ്യവസ്ഥയിൽ സാധനങ്ങൾ വാങ്ങാം. □

## ഗുണഭോക്തൃ സംഗമങ്ങളും അദാലത്തുകളും



ലൈഫ് ഗുണഭോക്താക്കൾക്ക് സംസ്ഥാന/കേന്ദ്ര സർക്കാരുകളുടെ വിവിധ ക്ഷേമപദ്ധതികളും സേവനങ്ങളും നേരിട്ട് ലഭ്യമാക്കുന്നതിന് ബ്ലോക്ക്/ ജില്ല/ നഗരസഭാ തലങ്ങളിൽ കുടുംബ സംഗമങ്ങളും വിവിധ വകുപ്പുകളുടെ അദാലത്തുകളും സംഘടിപ്പിച്ചു. രണ്ട് ലക്ഷം വീടുകളുടെ പൂർത്തീകരണ പ്രഖ്യാപനം 2020 ഫെബ്രുവരി 29 ന് മുഖ്യമന്ത്രി നിർവ്വഹിച്ചു.

400 ചതുരശ്ര അടി വിസ്തീർണമുള്ള വീടിന് ധനസഹായമായി നാല് ലക്ഷം രൂപയാണ് കേരളം നൽകുന്നത്. ഇന്ത്യയിൽ ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്ന ഏറ്റവും വലിയ തുകയാണിത്.

**ലൈഫ് പൂർത്തിയായ വീടുകളുടെ എണ്ണം** (2020 **മേയ്** 25 **വരെ)**

| ജില്ല | ഘട്ടം1 | ഘട്ടം 2 | PMAY (URBAN) | PMAY (RURAL) | എസ്.സി. വകുപ്പ് | എസ്.റ്റി വകുപ്പ്. | ഫിഷറീസ് വകുപ്പ് | ആകെ |
|---|---|---|---|---|---|---|---|---|
| തിരുവനന്തപുരം | 6043 | 12185 | 8697 | 2942 | 2290 | 2 | 1223 | 33382 |
| കൊല്ലം | 3609 | 7202 | 3863 | 1398 | 1869 | 3 | 694 | 18638 |
| പത്തനംതിട്ട | 1171 | 1698 | 980 | 684 | 1099 | 544 | 0 | 6176 |
| ആലപ്പുഴ | 2711 | 8245 | 2653 | 718 | 1194 | 10 | 524 | 16055 |
| കോട്ടയം | 1093 | 3704 | 1544 | 596 | 875 | 13 | 78 | 7903 |
| ഇടുക്കി | 3007 | 7904 | 1464 | 746 | 798 | 114 | 5 | 14038 |
| എറണാകുളം | 1057 | 4996 | 6074 | 761 | 1892 | 9 | 251 | 15040 |
| തൃശ്ശൂർ | 2989 | 4207 | 4994 | 1472 | 2128 | 13 | 65 | 15868 |
| പാലക്കാട് | 7536 | 9526 | 3645 | 1886 | 2501 | 95 | 5 | 25194 |
| മലപ്പുറം | 2723 | 5441 | 5373 | 2280 | 2023 | 15 | 386 | 18241 |
| കോഴിക്കോട് | 6419 | 4242 | 3159 | 1087 | 1220 | 3 | 265 | 16395 |
| വയനാട് | 8270 | 2845 | 1835 | 880 | 250 | 629 | 0 | 14709 |
| കണ്ണൂർ | 2636 | 2225 | 3074 | 685 | 481 | 279 | 165 | 9545 |
| കാസർഗോഡ് | 2820 | 3004 | 1091 | 568 | 398 | 16 | 73 | 7970 |
| **ആകെ** | 52084 | 77424 | 48446 | 16703 | 19018 | 1745 | 3734 | 219154 |

*വിവരങ്ങൾക്ക് കടപ്പാട്: ലൈഫ് മിഷൻ*




# മാലിന്യത്തിൽ നിന്ന് സ്വതന്ത്രമാവുന്ന കേരളം

**മാലിന്യ സംസ്കരണം സർക്കാരിന്റെ മാത്രം ചുമതലയാണെന്ന പഴയ ധാരണയ്ക്ക് മാറ്റം വന്നിരിക്കുന്നു. ഒരു വശത്ത് നാട്ടു നന്മകളിലേക്ക് തിരിച്ചു പോവുകയും മറുവശത്ത്, അതിനൂതന സാങ്കേതിക വിദ്യകളെ പുണരുകയും ചെയ്യുന്ന പുതിയൊരു ശുചിത്വ സംസ്കാരത്തിലേക്ക് നാട് ഉണരുകയാണ്.**

കേരളം അക്ഷരാർത്ഥത്തിൽ ഒരു ശുചിത്വ വിപ്ലവത്തിന് സാക്ഷ്യം വഹിച്ച കാലയളവാണ് നവകേരള ദൗത്യങ്ങളുടെ ആദ്യ നാലു വർഷങ്ങൾ. മാലിന്യ സംസ്കരണം സർക്കാരിന്റെ മാത്രം ചുമതലയാണെന്ന പഴയ ധാരണയ്ക്ക് മാറ്റം വന്നിരിക്കുന്നു. ഒരു വശത്ത് നാട്ടു നന്മകളിലേക്ക് തിരിച്ചു പോവുകയും മറുവശത്ത്, അതിനൂതന സാങ്കേതികവിദ്യകളെ പുണരുകയും ചെയ്യുന്ന പുതിയൊരു ശുചിത്വ സംസ്കാരത്തിലേക്ക് നാട് ഉണരുകയാണ്.

ഈ സർക്കാർ അധികാരമേറ്റെടുത്തതിന് ശേഷം പഞ്ചായത്തുകൾക്ക് പ്ലാൻ



ഫണ്ടിന്റെ 10 ശതമാനവും നഗരസഭകൾക്കും കോർപ്പറേഷനുകൾക്കും പ്ലാൻ ഫണ്ടിന്റെ 15 ശതമാനവും ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്തുവാൻ കഴിയുന്ന സാഹചര്യം നിലവിൽ വന്നു. ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഹരിതകർമ്മസേന, എം.സി. എഫ്, ആർ.ആർ.എഫ്. എന്നിവയുടെ പ്രവർത്തനം നടന്നുവരുന്നു. ഇതിനുപുറമെ മിനി എം.സി.എഫുകളും സ്ഥാപിക്കുകയുണ്ടായി. ഓഫീസുകളിലും സ്ഥാപനങ്ങളിലും ഗ്രീൻപ്രോട്ടോക്കോൾ നടപ്പാക്കുന്നതിൽ ശ്രദ്ധേയമായ നേട്ടം സാധ്യമായി.

### വലിച്ചെറിയരുത്; സംസ്കരിക്കാൻ സംവിധാനമുണ്ട്

- 1033 പഞ്ചായത്ത് /നഗരസഭകളിലും അജൈവ മാലിന്യങ്ങൾ നീക്കാൻ ഹരിതകർമ്മസേന; 32003 വളന്റിയർമാർ.
- 4,64,842 സ്ഥാപനങ്ങളിലും 47,91,226 വീടുകളിലും ഹരിത കർമ്മ വളന്റിയർമാരുടെ സേവനം.
- അജൈവ പാഴ്വസ്തുക്കൾ സൂക്ഷിക്കാൻ 798 മെറ്റീരിയൽ കളക്ഷൻ സെന്ററുകൾ; 1,482 മിനി കളക്ഷൻ സെന്ററുകൾ.
- പുനഃചംക്രമണത്തിന് 220 റിസോഴ്സ് റിക്കവറി ഫെസിലിറ്റി സെന്ററുകൾ.
- 15,600 വാർഡുകളിൽ പകർച്ചവ്യാധി പ്രതിരോധ ജാഗ്രതോത്സവം; 4,90,830 വിദ്യാർത്ഥികൾ പങ്കെടുത്തു.

### ശാസ്ത്രീയ മാലിന്യ സംസ്കരണം പുതിയ സംസ്കാരം

- ഗാർഹിക തലത്തിൽ 94300 ബയോഗ്യാസ് പ്ലാന്റുകൾ : 6.37 ലക്ഷം ഉറവിട കമ്പോസ്റ്റിംഗ് സംവിധാനങ്ങൾ
- 98 കമ്മ്യൂണിറ്റി ബയോഗ്യാസ് പ്ലാന്റുകൾ: 2019 കമ്മ്യൂണിറ്റിതല കമ്പോസ്റ്റിംഗ് യൂണിറ്റുകൾ:
- 6,36,916 വിവിധ കമ്പോസ്റ്റിംഗ് സംസ്കരണ ഉപാധികൾ
- ദ്രവമാലിന്യ പരിപാലനത്തിന്റെ



ശുചിത്വ സംഗമം 2020 ഉദ്ഘാടനവേദിയിൽ നിന്നും (ഫയൽ ചിത്രം)

ഭാഗമായി 13 സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളുടെനിർമ്മാണ പ്രവർത്തനങ്ങൾക്ക് ഇക്കാലയളവിൽ തുടക്കം കുറിച്ചു.

- പുനഃചംക്രമണ യോഗ്യമല്ലാത്ത 1,114.695 മെട്രിക് ടൺ ഷ്രെഡ്ഡഡ് പ്ലാസ്റ്റിക്കുകൾ റോഡ് നിർമ്മാണത്തിനായി ലഭ്യമാക്കി.
- വിവിധ സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച 1,452.87 ടൺ ഇ-മാലിന്യങ്ങൾ ശാസ്ത്രീയമായി പുനഃചംക്രമണം നടത്തി.
- നഗരങ്ങളിൽ മാലിന്യ നിർമ്മാർജ്ജനത്തിന് സീറോ വേസ്റ്റ് ഓൺ ഗ്രൗണ്ട് ; 17 നരസഭകളിലെ 170 വാർഡുകളിൽ പദ്ധതിക്ക് തുടക്കം.
- 82 നഗരസഭകളിലെ ഖരമാലിന്യ സംസ്കരണത്തിനു 295.09 കോടിയുടെ പദ്ധതി. 57 നഗരസഭകൾക്ക് 37.38 കോടി രൂപ നൽകി.
- 258 കോടി രൂപയുടെ കേന്ദ്രീകൃത മാലിന്യ പ്ലാന്റ് കോഴിക്കോട് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.
- ഗ്രാമപഞ്ചായത്തുകൾക്കു ഖരമാലിന്യ പരിപാലന പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് 10 മുതൽ 20 ലക്ഷം രൂപ വരെ അധികസഹായം.
- വെല്ലിംഗ്ടൺ ഐലന്റിൽ 100 കിലോ ലിറ്റർ സെപ്റ്റേജ് സംസ്കരിക്കാൻ ശേഷിയുള്ള പ്ലാന്റ്.
- എല്ലാ ജില്ലകളിലും ഒരു ആശുപത്രിയിൽ സ്വീവേജ് സംസ്കരണ പ്ലാന്റ്.
- തദ്ദേശഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കിയത് 15,358 മാലിന്യ സംസ്കരണ പ്രോജക്ടുകൾ.
- വ്യവസായ സ്ഥാപനങ്ങളിൽ ഉയർന്ന ശേഷിയുള്ള 1,320 ബയോഗ്യാസ് പ്ലാന്റുകൾ; പൊതു സ്ഥലങ്ങളിൽ 97 കമ്മ്യൂണിറ്റി ബയോഗ്യാസ് പ്ലാന്റുകൾ
- സമ്പൂർണ്ണ ശുചിത്വ പദ്ധതി: 7 നഗരസഭകളും 500 ഗ്രാമ പഞ്ചായത്തുകളും ബീക്കൺ തദ്ദേശഭരണ സ്ഥാപനങ്ങൾ: ബീക്കൺ സ്ഥാപനങ്ങളിൽ നിന്ന് കൊവിഡ് കാലത്ത് 2,915 ടൺ അജൈവ പാഴ്വസ്തുക്കൾ നീക്കി.

### ശുചിത്വ സംഗമം 2020

സംസ്ഥാനത്ത് മാലിന്യസംസ്കരണ മേഖലയിലെ കഴിഞ്ഞ മൂന്നുവർഷത്തെ പ്രവർത്തനങ്ങളിൽ ഉരുത്തിരിഞ്ഞ അനുഭവങ്ങളും മാതൃകകളും പങ്കുവച്ച ശുചിത്വ സംഗമം 2020 ജനുവരി 21, 22 തീയതികളിൽ തിരുവനന്തപുരത്ത് നടന്നു. തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും മാലിന്യ സംസ്കരണ രംഗത്തെ ഏജൻസികളും സർക്കാർ വകുപ്പുകളുടെ പ്രതിനിധികളും കേരളത്തിനു പുറത്തു നിന്നുള്ള വിദഗ്ധരും പാഴ്വസ്തു വ്യാപാര സംരംഭകരുടെ പ്രതിനിധികളും ഉൾപ്പെടെ 2000ലധികം പേർ പങ്കെടുത്തു. മുഖ്യമന്ത്രി പിണറായി വിജയൻ ശുചിത്വ സംഗമം ഉദ്ഘാടനം ചെയ്തു.

### സാങ്കേതിക സഹായം വേണ്ടുവോളം

- മാലിന്യ സംസ്കരണരംഗത്തെ നൂതന സാങ്കേതിക വിദ്യകൾക്ക് സർക്കാർ പിന്തുണ.
- തദ്ദേശ ഭരണസ്ഥാപനങ്ങളുടെ മാലിന്യസംസ്കരണ സംവിധാനങ്ങൾക്ക് സാങ്കേതികസഹായം നൽകാൻ സർക്കാർ എംപാനൽ ചെയ്ത ഏജൻസികൾ.
- മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി മിനി എം.സി.എഫുകൾ, ഉറവിട മാലിന്യ സംസ്കരണത്തിനുള്ള തുമ്പൂർമൂഴി/നാടേപ്പ് കമ്പോസ്റ്റുകൾ, കമ്പോസ്റ്റ് പിറ്റ്, മലിനജല സംരക്ഷണ സോക്കേജ് പിറ്റ് എന്നിവ നിർമ്മിക്കുന്നതിന് നടപടി.



## കളക്ടേഴ്സ് @ സ്കൂൾ

വിദ്യാർത്ഥികളിൽ വൃത്തിയുടെയും ശുചിത്വത്തിന്റെയും സംസ്കാരം രൂപപ്പെടുത്തുന്നതിനും മാലിന്യം തരംതിരിച്ച് സംസ്കരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിനുമായി കളക്ടേഴ്സ് @ സ്കൂൾ പദ്ധതി സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിൽ നടപ്പിലാക്കി. മാലിന്യം രൂപപ്പെടുന്നതിന്റെ അളവ് കുറയ്ക്കുന്നതിനും മാലിന്യം തരംതിരിച്ച് സൂക്ഷിച്ച് കൈമാറേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച സന്ദേശങ്ങൾ വീടുകളിൽ എത്തിക്കുന്നതിനും പദ്ധതിയിലൂടെ കഴിയുന്നു. ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് സഹായകരമാകത്തക്ക രീതിയിൽ വിദ്യാർത്ഥികളിലൂടെ വീടുകളിലേക്കും വീടുകളിൽ നിന്ന് സമൂഹത്തിലേക്കും ശുചിത്വ സംസ്കാരം പ്രചരിപ്പിക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. പദ്ധതിയുടെ ഭാഗമായി 238 വിദ്യാലയങ്ങളിൽ ബിന്നുകൾ സ്ഥാപിച്ചു. 3459 യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു.

- സബ്സിഡി മാർഗ്ഗരേഖയിലും നടപടി ക്രമങ്ങളിലും കാലാനുസൃത മാറ്റങ്ങൾ.
- റോഡ് ടാർ ചെയ്യാൻ പ്ലാസ്റ്റിക്; 630.18 ടൺ പ്ലാസ്റ്റിക് ടാറിംഗിന് ഉപയോഗിച്ചു.

### ജനങ്ങൾ ഏറ്റെടുത്ത ഹരിത ചട്ടം

- മാതൃക കാട്ടി, ഉത്സവങ്ങൾക്കും ആഘോഷങ്ങൾക്കും സ്വകാര്യ ചടങ്ങുകൾക്കും വരെ ഗ്രീൻ പ്രോട്ടോക്കോൾ.
- കില, ലീഗൽ സർവ്വീസസ് അതോറിറ്റി, പോലീസ്, പഞ്ചായത്ത്- നഗരകാര്യ വകുപ്പ്, ഗ്രാമ- നഗരാസൂത്രണ വകുപ്പ്, ഭക്ഷ്യസുരക്ഷാ വകുപ്പ്, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, ആരോഗ്യ വകുപ്പ് എന്നിവ സഹകരിച്ച് നടത്തിയ ഹരിതനിയമ ബോധവത്കരണ പരിപാടികൾക്ക് വൻ സ്വീകാര്യത; ഹരിത നിയമാവലി ജനങ്ങൾ ഏറ്റെടുക്കുന്നു.



### ശുചിത്വ ചലഞ്ചിൽ പങ്കെടുക്കാം

വീടുകൾ മാലിന്യമുക്തമാക്കാൻ ഹരിത കേരളം മിഷന്റെ ഗാർഹിക ശുചിത്വ കാമ്പയിൻ ആരംഭിച്ചു. മിഷന്റെ ഫേസ്ബുക്ക് വഴി ചലഞ്ചിൽ പങ്കെടുക്കാം. സ്വന്തം വീട് വൃത്തിയാക്കി, ജൈവ-അജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന്റെയും ശേഖരിച്ച് കൈമാറുന്നതിനായി സൂക്ഷിക്കുന്നതിന്റെയും ഫോട്ടോയോ വീഡിയോയോ സ്വന്തം ഫേസ്ബുക്കിൽ ടാഗ് ചെയ്ത് ചലഞ്ച് ചെയ്യണം. ഏറ്റവും നന്നായി വീടു വൃത്തിയാക്കുന്ന 100 പേർക്ക് നറുക്കിട്ടെടുത്ത് സമ്മാനം നൽകുന്നു.

### ഹരിത ടൂറിസം
### ഭാവിയിലെ ടൂറിസം

വിനോദ സഞ്ചാരകേന്ദ്രങ്ങൾ മാലിന്യമുക്തമാക്കാൻ ഹരിതടൂറിസം പദ്ധതി; ടൂറിസം വകുപ്പ്, ഗ്രാമപഞ്ചായത്തുകൾ, ജില്ലാ ഭരണകൂടം എന്നിവ സഹകരിച്ച് വഴികാട്ടാൻ വാഗമൺ പദ്ധതിക്ക് തുടക്കം.

### ഒപ്പമുണ്ട് നിയമം

- പ്ലാസ്റ്റിക് കാരിബാഗുകൾക്കും ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്ക് ഉൾപ്പെടെയുള്ള ഉൽപ്പന്നങ്ങൾക്കും 2020 ജനുവരി ഒന്നു മുതൽ നിരോധനം.
- സംസ്ഥാനതലം മുതൽ വാർഡുതലം വരെ ബോധവൽക്കരണ ക്യാമ്പയിൻ.
- പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾക്ക് ബദൽ അവതരിപ്പിച്ച്, സംസ്ഥാനത്ത് 150 സ്ഥലത്ത് ബദൽ ഉൽപ്പന്ന പ്രദർശന മേളകൾ, 625 സെമിനാറുകൾ, 194 ബോധവത്കരണ ജാഥകൾ, 448 റെയ്ഡുകൾ.
- സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളിലും പൊതു സ്ഥാപനങ്ങളിലും ഹരിത പ്രോട്ടോക്കോൾ നിർബന്ധം. 10,010 ഓഫീസുകളിലും 1,21,889 സ്ഥാപനങ്ങളിലും പ്രോട്ടോക്കോൾ പ്രാബല്യത്തിൽ.
- ചട്ടം ലംഘിച്ചതിന് 95199 കേസുകൾ; നിരോധിത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ വിറ്റ 5,633 പേർക്കെതിരെ നിയമനടപടി.
- സർക്കാർ സ്ഥാപനങ്ങളിലെ ഗ്രീൻ പ്രോട്ടോക്കോൾ ഓഡിറ്റിന് പ്രത്യേക ജില്ലാതല ടീമുകൾ.
- ശുചിത്വ സോഷ്യൽ ഓഡിറ്റിന് വിശദ മാർഗരേഖ.

### ഡിജിറ്റൽ മോണിട്ടറിങ്ങ്

മാലിന്യ പരിപാലനത്തിന് ഇ മോണിറ്ററിങ് നടപ്പിലാവുന്നു; മാലിന്യത്തിന്റെ ശേഖരണം മുതൽ സംസ്കരണം വരെയുള്ള പ്രവർത്തനങ്ങൾ നിരീക്ഷിക്കാൻ സ്മാർട്ട് ഗാർബേജ് ആപ് മൊബൈൽ ഫോൺ ആപ്ലിക്കേഷൻ.

### വെളിയിട വിസർജ്ജ്യമുക്ത കേരളം

പുതുതായി 1,74,720 ശൗചാലയങ്ങൾ നിർമ്മിച്ച് ഗ്രാമപ്രദേശങ്ങളെ വെളിയിട വിസർജ്ജ്യമുക്തമാക്കി. 2016 നവംബർ 1 ന് രാജ്യത്തെ വലിയ സംസ്ഥാനങ്ങളിൽ വെളിയിട വിസർജ്ജ്യമുക്തമായി പ്രഖ്യാപിച്ച ആദ്യ സംസ്ഥാനമായി കേരളം മാറി. നഗര പ്രദേശങ്ങളിൽ കൊച്ചി കോർപ്പറേഷനിലെ ഒരു വാർഡൊഴികെ എല്ലാ കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും ഇതിനോടകം വെളിയിട വിസർജ്ജനമുക്തമായി മാറിയിട്ടുണ്ട്.

### പൊതുശുചിമുറികളും ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങളും

ദേശീയ-സംസ്ഥാന പാതയോരങ്ങളിലും പാതയോരങ്ങളിലെ പൊതു ഓഫീസ് പരിസരങ്ങളിലും വാണിജ്യ കേന്ദ്രങ്ങൾ, ബസ് സ്റ്റാന്റ് പരിസരങ്ങളിലും വൃത്തിയും ശുചിത്വവും സുരക്ഷിതത്വവുമുള്ള പൊതുശുചിമുറികളും ടേക്ക് എ ബ്രേക്ക് എന്ന പേരിൽ വിശ്രമ കേന്ദ്രങ്ങളും നിർമ്മിക്കുന്നതിന് പദ്ധതി. നിലവിൽ 149 പദ്ധതികളുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു. 12000 പൊതു ടോയ്‌ലറ്റുകളാണ് വിശ്രമസ്ഥലം, കടിവെള്ളം, നാപ്കിൻ വെന്റിംഗ് മെഷീൻ എന്നീ സൗകര്യങ്ങളോടുകൂടി സംസ്ഥാനത്ത് നിർമ്മിക്കുന്നതിന് ലക്ഷ്യമിടുന്നത്. ☐

*വിവരങ്ങൾക്ക് കടപ്പാട്:*
*ശുചിത്വ മിഷൻ, ഹരിത കേരളം മിഷൻ*



# കേരളത്തിന്റെ അഭിമാനമായി കുടുംബശ്രീ

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഊർജസ്വലമായ നേതൃത്വത്തിൻ കീഴിലാണ് കുടുംബശ്രീ നേട്ടത്തിന്റെ പടവുകൾ ഒന്നൊന്നായി താണ്ടിയത്. ഗ്രാമീണ വ്യവസായങ്ങൾ, കൈത്തൊഴിലുകൾ മുതലായ രംഗങ്ങളിൽ മാത്രമല്ല കൃഷി, മൃഗസംരക്ഷണം എന്നിവയടക്കമുള്ള വിവിധങ്ങളായ മേഖലകളിലും സംയോജന സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താൻ ഇന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നത് കുടുംബശ്രീയുടെ പങ്കാളിത്തമാണ്.**

സ്ത്രീ ശാക്തീകരണ രംഗത്ത് സമീപകാല കേരളം കൈവരിച്ച നേട്ടങ്ങൾക്ക് ശക്തി പകർന്നത് ജനകീയാസൂത്രണമാണ്. ഇതിനകം ലോകശ്രദ്ധ നേടിയ കുടുംബശ്രീയും ജനകീയാസൂത്രണത്തിന്റെ വിജയമാണ്. ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും സ്ത്രീ ശാക്തീകരണത്തിനുമുള്ള ഏക പ്രസ്ഥാനമായി കുടുംബശ്രീയെ മാറ്റിത്തീർത്തു എന്നതാണ് ഇക്കാലയളവിലെ പ്രധാന നേട്ടം.

തുടക്കത്തിൽ, നാട്ടിൻപുറങ്ങളിലെ പാവപ്പെട്ടവരെ സ്വകാര്യ പണമിടപാടുകാരുടെ കെണിയിൽ നിന്ന് രക്ഷിക്കുന്നതിലൂടെയാണ് കുടുംബശ്രീ ശ്രദ്ധ നേടിയതെങ്കിൽ, ഇന്ന് അതൊരു മഹാപ്രസ്ഥാനമായി വളർന്നിരിക്കുന്നു. 2.96 ലക്ഷം അയൽക്കൂട്ടങ്ങളിലായി 44 ലക്ഷം പേർ ഇന്ന് കുടുംബശ്രീ സംഘടനാ സംവിധാനത്തിൽ അംഗങ്ങളാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഊർജസ്വലമായ നേതൃത്വത്തിൻ കീഴിലാണ് കുടുംബശ്രീ നേട്ടത്തിന്റെ പടവുകൾ ഒന്നൊന്നായി താണ്ടിയത്. ഗ്രാമീണ വ്യവസായങ്ങൾ, കൈത്തൊഴിലുകൾ മുതലായ രംഗങ്ങളിൽ മാത്രമല്ല കൃഷി, മൃഗസംരക്ഷണം എന്നിവയടക്കമുള്ള വിവിധങ്ങളായ മേഖലകളിലും സംയോജന സാധ്യതകൾ പരമാവധി പ്രയോജനപ്പെട്ടുത്താൻ ഇന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നത് കുടുംബശ്രീയുടെ പങ്കാളിത്തമാണ്. ലിംഗ പദവി ബോധവൽക്കരണത്തിന്റെ മുന്നണിപ്പടയാളികളായി മാറാനും കുടുംബശ്രീക്ക് ഈ കാലയളവിനുള്ളിൽ കഴിഞ്ഞിട്ടുണ്ട്.

പ്രളയകാലത്ത് കുടുംബശ്രീ നടത്തിയ ഇടപെടലുകൾ അതിജീവനത്തിന്റെ പുതിയ അധ്യായമായി. ഇന്ന് രാജ്യത്തെ ഇരുപതോളം സംസ്ഥാനങ്ങളിൽ കടുംബശ്രീ പ്രവർത്തിക്കുന്നുണ്ട്. കുടുംബശ്രീയെ ശാക്തീകരിക്കുന്നതിന് സഹായകമായ ഉത്തരവുകളും നിർദ്ദേശങ്ങളും യഥാസമയം നൽകുന്നതിലും ആവശ്യമായ ഭരണനടപടികൾ കൈക്കൊള്ളുന്നതിലും മാത്രമല്ല, ആളും അർത്ഥവും നൽകി ഈ പ്രസ്ഥാനത്തെ സഹായിക്കുന്നതിലും സർക്കാർ പ്രത്യേക ശ്രദ്ധ പുലർത്തി.

2015-16 വർഷത്തിൽ 75 കോടി രൂപ ആയിരുന്ന കുടുംബശ്രീയുടെ ബഡ്ജറ്റ് വിഹിതം തൊട്ടടുത്ത വർഷം 130 കോടിയായും 2017-18 ൽ 161 കോടിയായും 2018-19ൽ 188 കോടിയായും ഈ

സർക്കാർ വർധിപ്പിക്കുകയുണ്ടായി. 2019-20ലെ കുടുംബശ്രീയുടെ ബഡ്ജറ്റ് വിഹിതം 258 കോടി രൂപയാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വിവിധങ്ങളായ വികസന പദ്ധതികളിൽ ഉൾപ്പെടുത്തി നീക്കിവച്ച തുകയും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതവും കൂടി ചേർത്താൽ ഇത് 1000 കോടി രൂപ കവിയും.

### സംഘടനാ സംവിധാനത്തിൽ ചരിത്ര മുന്നേറ്റം

- കുടുംബശ്രീക്ക് വലിയ മുന്നേറ്റമാണ് കഴിഞ്ഞ നാലുവർഷമായി ഉണ്ടാക്കാൻ കഴിഞ്ഞത്. സംഘടനാ സംവിധാനം ഏറ്റവുമധികം ശക്തിപ്പെട്ട കാലമായിരുന്നു ഇത്. 42,000 ത്തോളം പൊതു അയൽക്കൂട്ടങ്ങളും 25,000 ത്തോളം വയോജന അയൽക്കൂട്ടങ്ങളും 3,000 ത്തോളം ഭിന്നശേഷി അയൽക്കൂട്ടങ്ങളും ഇക്കാലയളവിൽ രൂപീകരിക്കപ്പെട്ടു. കുടുംബശ്രീയുടെ ഇരുപതു വർഷത്തെ ചരിത്രത്തിനിടയിൽ എല്ലാ കുടുംബശ്രീ അംഗങ്ങളെയും ഉൾക്കൊള്ളിച്ചുള്ള പരിശീലനങ്ങൾ നടത്തിയിരുന്നില്ല. 2017-18, 2018-19 വർഷങ്ങളിൽ എല്ലാവർക്കുമായി കുടുംബശ്രീ സ്കൂൾ പദ്ധതി നടപ്പിലാക്കി. വിവിധ വിഷയങ്ങളിൽ സാധാരണക്കാരായ കുടുംബശ്രീ അംഗങ്ങളെ പ്രാവീണ്യമുള്ളവരാക്കി മാറ്റുക എന്നതായിരുന്നു ഈ പദ്ധതിയുടെ ലക്ഷ്യം.
- 40,000 ത്തോളം സംരംഭങ്ങളാണ് കഴിഞ്ഞ നാലു വർഷങ്ങൾക്കിടയിൽ പ്രവർത്തനമാരംഭിച്ചത്. അരക്ഷിത സമൂഹാംഗങ്ങൾക്കായി രൂപീകരിച്ച പ്രത്യാശ പദ്ധതി, പ്രളയ ആഘാതത്തിൽ നിന്ന് യുവതീയുവാക്കളെ രക്ഷപ്പെടുത്തുന്നതിനായി ആവിഷ്കരിച്ച എറൈസ് നൈപുണ്യ പരിശീലനം, വയോജനങ്ങളുടെ പരിചരണത്തിനായി രൂപീകരിച്ച ഹർഷം ജെറിയാട്രിക് കെയർ, സംരംഭക പൊതുസേവന കേന്ദ്രങ്ങൾ, തീരദേശമേഖലയിലെ പ്രത്യേക സംരംഭ വികസന പ്രവർത്തനങ്ങൾ എന്നിവ ഇക്കാലയളവിൽ പ്രത്യേകമായി നടപ്പാക്കിയ സംരംഭ വികസന പദ്ധതികളാണ്.
- കുറഞ്ഞ പലിശയ്ക്ക് സാധാരണക്കാരുടെ കൈയിലേക്ക് പണമെത്തിക്കുന്നതിനായി നടപ്പിലാക്കുന്ന ലിങ്കേജ് വായ്പയിലൂടെ മാത്രം ഇക്കാലയളവിൽ 11,000 കോടിയിലധികം രൂപയാണ് വിതരണം ചെയ്തത്.



പ്രവർത്തനരഹിതമായിരുന്ന ആശ്രയ പദ്ധതി അഗതി രഹിത കേരളമെന്ന നിലയിൽ പുനഃസംഘടിപ്പിച്ചു. 1.65 ലക്ഷം ഗുണഭോക്താക്കളാണ് ഇതിൽ ഉൾപ്പെടുന്നത്. ഏകദേശം 100 കോടിയോളം രൂപയാണ് കുടുംബശ്രീ മുഖേന മാത്രം ഈ പദ്ധതിക്കായി ചെലവഴിച്ചത്. തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിനു പുറമേയാണിത്.

### റിസർജെന്റ് കേരള

- പ്രളയബാധിതർക്ക് ആശ്വാസമായി









സംസ്ഥാന സർക്കാർ ആവിഷ്കരിച്ച പലിശ രഹിത വായ്പാ പദ്ധതി ആയിരുന്ന റിസർജെന്റ് കേരള ലോൺ. ഇതിന്റെ 9 ശതമാനം പലിശ സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. ഇതിലൂടെ 400 കോടി രൂപയുടെ പലിശ ഇളവാണ് കുടുംബശ്രീ അംഗങ്ങൾക്ക് ലഭിക്കുന്നത്. ആർ കെ എൽ എസ് വായ്പയായി 1600 ഓളം കോടി രൂപ അയൽക്കൂട്ടാംഗങ്ങൾക്ക് ലഭ്യമാക്കി.

- കൊവിഡ് ആഘാതം ലഘൂകരിക്കുന്നതിനായി 2,000 കോടിയുടെ മുഖ്യമന്ത്രിയുടെ സഹായ ഹസ്തം പലിശ രഹിത വായ്പാ പദ്ധതി നടപ്പാക്കി വരുന്നു. ഈ വായ്പയുടെ പലിശ സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്.

**പ്രളയബാധിതർക്ക് ആശ്വാസമായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച പലിശ രഹിത വായ്പാ പദ്ധതി ആയിരുന്ന റിസർജെന്റ് കേരള ലോൺ. ഇതിന്റെ 9 ശതമാനം പലിശ സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. ഇതിലൂടെ 400 കോടി രൂപയുടെ പലിശ ഇളവാണ് കുടുംബശ്രീ അംഗങ്ങൾക്ക് ലഭിക്കുന്നത്.**



### അഗതി രഹിത കേരളം

പ്രവർത്തന രഹിതമായിരുന്ന ആശ്രയ പദ്ധതി അഗതി രഹിത കേരളമെന്ന നിലയിൽ പുനഃസംഘടിപ്പിച്ചു. 1.65 ലക്ഷം ഗുണഭോക്താക്കളാണ് ഇതിൽ ഉൾപ്പെട്ടുന്നത്. ഏകദേശം 100 കോടിയോളം രൂപയാണ് കുടുംബശ്രീ മുഖേന മാത്രം ഈ പദ്ധതിക്കായി ചെലവഴിച്ചത്. തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിനു പുറമേയാണിത്.

നാളിതുവരെ 281 ബഡ്സ് സ്ഥാപനങ്ങളാണ് സംസ്ഥാനത്ത് പ്രവർത്തനം ആരംഭിച്ചത്. ഇതിൽ 95 എണ്ണം മാത്രമാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സ്ഥാപിക്കപ്പെട്ടത്. ഇക്കഴിഞ്ഞ നാലു വർഷം കൊണ്ട് 116 ബഡ്സ് സ്ഥാപനങ്ങൾ നിലവിൽ വന്നു.

### സ്നേഹിത

എട്ടു ജില്ലകളിൽ ഒതുങ്ങി നിന്നിരുന്ന സ്നേഹിത ജെൻഡർ ഹെൽപ് ഡെസ്കിന്റെ പ്രവർത്തനം എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിച്ചു. സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി സംഘടിപ്പിച്ച നീതം ക്യാമ്പയിൻ, സ്ത്രീ പദവി സ്വയം പഠന പ്രക്രിയയുടെ ഭാഗമായി സംഘടിപ്പിച്ച അയൽക്കൂട്ട ചർച്ചകൾ ഇതെല്ലാം അയൽക്കൂട്ടാംഗങ്ങൾക്ക് നൽകിയ ഉണർവ്വും തിരിച്ചറിവും വളരെ വലുതാണ്.

### കാർഷിക, മൃഗ സംരക്ഷണ മേഖലകളിൽ വൻ മുന്നേറ്റം

കാർഷിക, മൃഗ സംരക്ഷണ മേഖലകളിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം കുടുംബശ്രീ വലിയ

മുന്നേറ്റമാണ് നടത്തിയത്. ഈ മേഖലയിൽ 68,388 ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ നിലവിൽ കൃഷി ചെയ്യുന്നു. 55,000 ഹെക്ടർ സ്ഥലത്താണ് ഇവർ കൃഷി ചെയ്യുന്നത്. ലിങ്കേജ് വായ്പയിലൂടെ 1,400 കോടി രൂപ ഗ്രൂപ്പുകൾക്ക് ലഭ്യമാക്കി. 44 കോടി രൂപ ഗ്രൂപ്പുകൾക്ക് സബ്സിഡി ഇനത്തിലും ഇൻസന്റീവായും നൽകി. 3,38,202 സ്ത്രീകൾ നിലവിൽ കാർഷിക വൃത്തിയിൽ ഏർപ്പെട്ടു വരുന്നു.

കുടുംബശ്രീ മൃഗസംരക്ഷണ മേഖല മുഖേന കഴിഞ്ഞ നാല് സാമ്പത്തിക വർഷമായി ക്ഷീരസാഗരം, ആട്ടുഗ്രാമം, കേരള ചിക്കൻ, എബിസി തുടങ്ങിയ പദ്ധതികളുടെ ഭാഗമായി 9070 ഗുണഭോക്താക്കൾക്ക് 20 കോടി രൂപ സാമ്പത്തിക സഹായം നൽകി. തെരുവ് നായ വന്ധ്യംകരണ പദ്ധതിയുടെ ഭാഗമായി 40027 തെരുവുനായ്ക്കളെ പിടികൂടി വന്ധ്യംകരിച്ചു. 8,40,56,700 രൂപ കുടുംബശ്രീ എ.ബി.സി യൂണിറ്റുകൾക്ക് ലഭ്യമായിട്ടുണ്ട്.

## തൊഴിൽ പരിശീലനം

- 63,656 യുവതീയുവാക്കൾക്ക് സൗജന്യ തൊഴിൽ നൈപുണ്യ പരിശീലനം നൽകി.
- വിജയകരമായി പരിശീലനം പൂർത്തിയാക്കിയ 51,744 പേരിൽ 39,981 പേർക്ക് തൊഴിൽ ലഭിച്ചു.
- ഇതിൽ 2432 പേർ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരും 269 പേർ ഭിന്നശേഷിക്കാരുമാണ്. 388 പേർക്ക് വിദേശ ജോലിയും ലഭിച്ചു.
- അഗതിരഹിത കേരളം പദ്ധതിയിലുൾപ്പെട്ട 932 പേർക്ക് പരിശീലനം നൽകുകയും അതിൽ 457 പേർക്ക് ജോലി ലഭിക്കുകയും ചെയ്തു.
- 112 പ്രോഗ്രാം ഇംപ്ലിമെന്റിങ് ഏജൻസികൾ വഴി 126 കോഴ്സുകളിലാണ് പരിശീലനം നൽകുന്നത്.

## ഊരുകളിലും ആശ്വാസമായി കുടുംബശ്രീ

**▸ പുതുതായി 17,400 പട്ടികവർഗ്ഗ കുടുംബങ്ങൾ കുടുംബശ്രീയിൽ**

2016 മുതൽ 1371 അയൽക്കൂട്ടങ്ങൾ പുതുതായി രൂപീകരിച്ച് 17,400 ആദിവാസി കുടുംബങ്ങളെ കുടുംബശ്രീയുടെ ഭാഗമാക്കി. ആകെ 7135 പട്ടികവർഗ്ഗ അയൽക്കൂട്ടങ്ങളിലായി 1,16,878 കുടുംബങ്ങളാണ് അംഗങ്ങളായുള്ളത്. കഴിഞ്ഞ നാല് വർഷത്തിനിടെ 2733 അയൽക്കൂട്ടങ്ങൾക്ക് 10,000 രൂപ വീതം കോർപ്പസ് ഫണ്ടും 1328 അയൽക്കൂട്ടങ്ങൾക്ക് 10,000 രൂപ വീതം റിവോൾവിങ് ഫണ്ടും നൽകി.

**▸ 458 സൂക്ഷ്മ സംരംഭങ്ങളും 3127 കൃഷിസംഘങ്ങളും**

പട്ടികവർഗ്ഗ മേഖലയിൽ കഴിഞ്ഞ നാല് വർഷത്തിനിടെ 458 സൂക്ഷ്മ സംരംഭങ്ങളും 3127 കൃഷിസംഘങ്ങളും ആരംഭിച്ചു. 486 യൂണിറ്റുകൾ മൃഗസംരക്ഷണ മേഖലയിലും ആരംഭിച്ചു. 161 സംരംഭങ്ങൾ പരമ്പരാഗത സംരംഭങ്ങളാണ്.

**▸ സാമൂഹ്യമേഖലയിലെ മുന്നേറ്റം**

ഊരുകളിൽ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തി അവർക്ക് ട്യൂഷൻ സഹായം നൽകുന്ന പ്രവർത്തനം എല്ലാ ജില്ലകളിലും തെരഞ്ഞെടുത്ത ഊരുകളിൽ നടന്നുവരുന്നു. 2016 ൽ തുടക്കമായ ഈ പ്രവർത്തനം വഴി ഇതുവരെ 205 ബ്രിഡ്ജ് കോഴ്സുകൾ നടക്കുന്നു. 130 ലൈബ്രറികളും ആരംഭിച്ചു. 14 ട്രൈബൽ ഫെസ്റ്റും ഇക്കാലയളവിൽ നടത്തി. 112 പുതിയ കൗമാര ക്ലബ്ബുകളും ആരംഭിച്ചു. □

*വിവരങ്ങൾക്ക് കടപ്പാട്:*
*കുടുംബശ്രീ മിഷൻ*



## കേരള ചിക്കൻ

മികച്ച ഗുണനിലവാരമുള്ള കോഴിയിറച്ചി ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനും അമിത വിലയ്ക്ക് പരിഹാരം കാണുന്നതിനുമായി കേരള ചിക്കൻ പദ്ധതി 2018-19 വർഷം ആരംഭിച്ചു. പദ്ധതിയുടെ ഭാഗമായി കുടുംബശ്രീയുടെ നേതൃത്വത്തിൽ 800 ബ്രോയ്‌ലർ ഫാമുകൾ ആരംഭിച്ചു. കുടുംബശ്രീ അംഗങ്ങളായ ഇറച്ചിക്കോഴി കർഷകരെ ഉൾപ്പെടുത്തി കുടുംബശ്രീ ബ്രോയ്‌ലർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ് എന്ന പേരിൽ പ്രൊഡ്യൂസർ കമ്പനി രൂപികരിച്ചു. കമ്പനിയുടെ നേതൃത്വത്തിൽ ഇന്റഗ്രേഷൻ ഫാമിങ് അഥവാ കോൺട്രാക്ട് ഫാമിങ്ങിന്റെ (1 ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങൾ, മരുന്ന്, തീറ്റ എന്നിവ കോഴി കർഷകർക്ക് നൽകി 40 ദിവസം പ്രായമാകുമ്പോൾ തിരിച്ചെടുത്ത് വിപണിയിലെത്തിക്കുന്ന പ്രവർത്തനം) നാലാം ഘട്ടം നടക്കുന്നു. ആദ്യ ഇന്റഗ്രേഷനിൽ 38 കർഷകർക്ക് 1.03 ലക്ഷം, രണ്ടാം ഇന്റഗ്രേഷനിൽ 56 കർഷകർക്ക് 1.61 ലക്ഷം, മൂന്നാം ഇന്റഗ്രേഷനിൽ 56 കർഷകർക്ക് 1.52 ലക്ഷം കോഴിക്കുഞ്ഞുങ്ങളെ നൽകി.



# പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

# കൂട്ടായ്മയുടെ സർഗ്ഗവസന്തം

**പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ സ്വകാര്യ സ്ഥാപനങ്ങളുമായി മത്സരിക്കാനാവാതെ പിൻതള്ളപ്പെട്ടു പോയ പൊതു വിദ്യാലയങ്ങൾ, വിശേഷിച്ച് സർക്കാർ സ്കൂളുകൾ, മികവിന്റെ പാതയിൽ തിരിച്ചെത്തിയിരിക്കുന്നു. കഴിഞ്ഞ മൂന്ന് അക്കാദമിക് വർഷങ്ങളിലായി 5.05 ലക്ഷം കുട്ടികൾ അധികമായി പൊതുവിദ്യാലയങ്ങളിൽ പ്രവേശനം നേടിയത് വലിയൊരു മാറ്റത്തിന്റെ സൂചനയാണ്.**

നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായുള്ള പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം കേരളീയ വിദ്യാഭ്യാസ വികാസത്തിൽ ഒട്ടേറെ കാര്യങ്ങൾ ഇതിനകം തന്നെ അടയാളപ്പെടുത്തിയിട്ടുണ്ട്. പൊതുവിദ്യാലയങ്ങൾ സംരക്ഷിക്കേണ്ടത് സാമൂഹികമായ ഒരു ആവശ്യമാണെന്ന് സമൂഹത്തെ ബോധ്യപ്പെടുത്തുക എന്നതായിരുന്നു അതിൽ ഏറ്റവും പ്രധാനം. രണ്ടു പ്രളയങ്ങളും നിപ്പ, കൊവിഡ് മഹാമാരികളും പൊതുഇടങ്ങളുടെ പ്രസക്തിയും അനിവാര്യതയും കൃത്യമായി ജനങ്ങളിലേക്ക് എത്തിക്കാൻ സഹായകമായിട്ടുണ്ട്. എല്ലാ കുട്ടികളെയും പൊതുവിദ്യാലയങ്ങളിലേക്ക് ആകർഷിക്കുക, അങ്ങനെ എത്തിച്ചേരുന്ന മുഴുവൻ കുട്ടികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുക എന്നതാണ് ഈ മഹത് യജ്ഞത്തിന്റെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങളും വിദ്യാഭ്യാസ വകുപ്പിലെ വിവിധ ഏജൻസികളും കൂട്ടായി ചെയ്തുവരുന്നത്. അതിന്റേതായ മുന്നേറ്റവും ഫലപ്രദമായി കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയിൽ സാങ്കേതികവിദ്യ വിവേകത്തോടെ പ്രോത്സാഹിപ്പിക്കുന്നതിനായി കൈക്കൊണ്ട ചുവടുകളാണ് ഈ കൊവിഡ് കാലത്ത് അകലങ്ങളിൽ ഇരുന്ന് പരിശീലനം നേടാൻ അധ്യാപകർക്ക് സൗകര്യമൊരുക്കിയത്. സാങ്കേതിക വിദ്യാസാദ്ധ്യതകളെ വിദ്യാഭ്യാസ രംഗത്ത് ഉൾച്ചേർക്കാനുള്ള നൈപുണിയും മനോഭാവവും ഉണ്ടായിവന്നിട്ടുണ്ട്. അതിനാലാണ് നാമാരും ഒറ്റയ്ക്കല്ല എന്ന ആത്മവിശ്വാസം കുട്ടികളിൽ ഉണ്ടാക്കും വിധം ഡിജിറ്റൽ മാധ്യമങ്ങളിലൂടെ കുട്ടികളെ പ്രവർത്തന നിരതരാക്കുന്ന പ്രവർത്തനങ്ങൾ ഈ അവധിക്കാലത്ത് വ്യാപകമായി നടന്നത്.

പൊതുവിദ്യാലയങ്ങളുടെ മികവുകൾ, നന്മകൾ പൊതുസമൂഹത്തിനു മുമ്പിൽ



പഠനത്തെളിവുകളായി അനാവരണം ചെയ്തു കൊണ്ടിരുന്ന ഘട്ടത്തിലാണ് ലോക് ഡൗൺ പ്രഖ്യാപിക്കപ്പെട്ടത്. പഠനോത്സവങ്ങൾ എന്ന നിലയിൽ നടന്ന ഈ പ്രവർത്തനങ്ങൾ കുട്ടികൾ ആർജ്ജിച്ച അറിവും കഴിവും നൈപുണിയും വിനിമയം ചെയ്യപ്പെടുന്ന വേദികളായി മാറി. ഈ നേട്ടങ്ങളെ എല്ലാം നിലനിർത്തിയും പരിമിതികളെ മറികടന്നും മുന്നേറാനുള്ള പ്രവർത്തനങ്ങളാണ് കൊറോണ കാലത്തിലൂടെ കടന്നു പോകുമ്പോഴും കൊവിഡ് അനന്തര കാലത്തും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ചെയ്യാനുദ്ദേശിക്കുന്നത്.

പൊതു വിദ്യാഭ്യാസസംരക്ഷണ യജ്ഞം കേരളീയ സമൂഹത്തിലുണ്ടാക്കിയ ആത്മവിശ്വാസം വിളിച്ചോതുന്നതാണ്

**പൊതു വിദ്യാഭ്യാസസംരക്ഷണ യജ്ഞം കേരളീയ സമൂഹത്തിലുണ്ടാക്കിയ ആത്മവിശ്വാസം വിളിച്ചോതുന്നതാണ് പൊതുവിദ്യാലയങ്ങളിൽ ഉണ്ടായ എൻറോൾമെന്റ് വർദ്ധനവ്. 2017-18, 2018 -19, 2019-20 അക്കാദമിക് വർഷങ്ങളിലായി 5.05 ലക്ഷം കുട്ടികൾ മുൻവർഷത്തേക്കാൾ അധികമായി പൊതുവിദ്യാലയങ്ങളിൽ പ്രവേശനം നേടി**



പൊതുവിദ്യാലയങ്ങളിൽ ഉണ്ടായ എൻറോൾമെന്റ് വർദ്ധനവ്. 2017-18, 2018 -19, 2019-20 അക്കാദമിക് വർഷങ്ങളിലായി 5,04,851 (5.05 ലക്ഷം) കുട്ടികൾ മുൻവർഷത്തേക്കാൾ അധികമായി പൊതുവിദ്യാലയങ്ങളിൽ പ്രവേശനം നേടി. 10കുട്ടികളിൽ കുറവുള്ള 11319 ക്ലാസ് ഡിവിഷനിലാണ് 2018-19 അക്കാദമിക വർഷം ഉണ്ടായിരുന്നത്. 2019- 20 അക്കാദമിക് വർഷം 6263 ഡിവിഷനുകളാണ് കുട്ടികളുടെ എണ്ണത്തിൽ വർധന ഉണ്ടായിട്ടുണ്ട്. ഇത് 55.33 ശതമാനം വരും.ഇതിൽ സർക്കാർ സ്കൂളിൽ വന്ന മാറ്റം 56.42 ശതമാനമാണ്.

പൊതുവിദ്യാലയങ്ങളുടെ ഭൗതിക സൗകര്യം വികസിപ്പിക്കുക എന്നത് പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ പ്രധാനപ്പെട്ട ഊന്നൽ മേഖലയാണ്. വിവിധ ഏജൻസികൾ വഴിയാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നത്. ആദ്യഘട്ടത്തിൽ വിവിധ സ്കീമുകളിലൂടെ 1500ലധികം വിദ്യാലയങ്ങളിൽ അടിസ്ഥാന സൗകര്യ വികസനം നടക്കുന്നു. കിഫ് ബി സഹായത്തോടെ 970 സ്കൂളുകളിലും പദ്ധതി വിഹിതത്തിലൂടെ 550 സ്കൂളുകളിലും കെട്ടിട നിർമ്മാണം നടക്കുന്നു. കൂടാതെ നബാഡ് സ്കീമിലൂടെയും എയ്ഡഡ് വിദ്യാലയങ്ങളിൽ ചലഞ്ച് ഫണ്ട് സ്കീമിലൂടെയും കെട്ടിടനിർമ്മാണങ്ങൾ നടക്കുന്നുണ്ട്. 500 കുട്ടികളിൽ കൂടുതലും 1000 കുട്ടികളിൽ കുറവുമുള്ള 446 വിദ്യാലയങ്ങൾക്ക് ഒരുകോടി രൂപ വീതം ഉള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ നേതൃത്വം നൽകുന്നത് കിലയാണ്.

### അടിസ്ഥാന ഭൗതിക സൗകര്യ വികസനം കിഫ്ബി സഹായത്തോടെ

- 141 സ്കൂളുകൾക്ക് 5കോടി രൂപവീതം
- 395 സ്കൂളുകൾക്ക് 3 കോടി രൂപ വീതം
- 446 സ്കൂളുകൾക്ക് 1കോടിരൂപ വീതം
- എയ്ഡഡ്വിദ്യാലയങ്ങൾക്ക്ചാലഞ്ച് ഫണ്ട്
- പ്ലാൻ ഫണ്ടിലൂടെ 500ലധികം വിദ്യാലയങ്ങളിൽ അടിസ്ഥാന സൗകര്യം

### ഡിജിറ്റൽ സാങ്കേതികവിദ്യ മുഴുവൻ സ്കൂളുകളിലും

- എല്ലാ പ്രൈമറി സ്കൂളുകളിലും കമ്പ്യൂട്ടർ ലാബ്
- 45,000 സെക്കന്ററി - ഹയർസെക്കന്ററി ക്ലാസ് മുറികൾ ഹൈടെക്
- 1,19,054 ലാപ്ടോപ്പുകൾ
- 69,943 മൾട്ടിമീഡിയ പ്രോജക്ടുകൾ
- 4,578 ക്യാമറകൾ, 4,720 വെബ്ക്യാമുകൾ
- 1,00,472 യു.എസ്.ബി സ്പീക്കറുകൾ,
- 43,250 മൗണ്ടിങ് കിറ്റ്

### അക്കാദമിക ഗുണമേന്മ

- വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ
- നീതി ആയോഗ് നടത്തിയ സ്കൂൾ വിദ്യാഭ്യാസ ഗുണനിലവാര സൂചിക (SEQI - School Education Quality Index) പ്രകാരം കേരളം ഒന്നാമത്.

### ഭാഷാശേഷി വികാസത്തിന്

- മലയാളത്തിളക്കം
- ഹലോ ഇംഗ്ലീഷ്
- സുരീലി ഹിന്ദി

### പഠനപിന്തുണ ആവശ്യമുള്ളവർക്ക്

- 10ാം ക്ലാസ് വരെ ശ്രദ്ധ പൊതു പ്ലാറ്റ്ഫോം.
- ഗണിതത്തെ കുട്ടികൾക്ക് ആയാസരഹിതമായി പഠിക്കാനുള്ള പഠനാനുഭവങ്ങൾ
- 1, 2 ക്ലാസുകാർക്ക് ഉല്ലാസ ഗണിതം,
- 3-7 ക്ലാസുകാർക്ക് ഗണിതവിജയം.
- ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുന്നതിനായി നാട്ടിലെ വൈദഗ്ധ്യം പ്രയോജനപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ ഒരു ലക്ഷത്തിലധികം കുട്ടികൾ പങ്കെടുത്ത ഗണിതോത്സവങ്ങൾ.
- കുട്ടികളുടെ പഠന പുരോഗതി കൃത്യമായി വിലയിരുത്തുന്നതിനും അവർ അഭിമുഖീകരിക്കുന്ന പലതരം പ്രശ്നങ്ങൾ ആത്മവിശ്വാസത്തോടെ തരണം ചെയ്യുന്നതിനും സഹായകമായ മെന്ററിങ് പദ്ധതി. ഇതിനായി 'സഹിതം' പോർട്ടൽ.
- കുട്ടികളുടെ വൈവിധ്യമാർന്ന പ്രതിഭകളെ കണ്ടെത്താനും അവ പരിപോഷിപ്പിക്കാനുമായി ടാലന്റ് ലാബ്. കുട്ടികളുടെ സർഗ്ഗശേഷി വികാസത്തിന് സർഗ്ഗവിദ്യാലയ പദ്ധതി.
- ജൈവവൈവിധ്യ ഉദ്യാനങ്ങൾ 12000 സ്കൂളുകളിൽ. ആഗോളതാപനം, കാലാവസ്ഥാ വ്യതിയാനം തുടങ്ങിയവ സംബന്ധിച്ച കാര്യങ്ങൾ അറിയുന്നതിനും പരിഹാരം അന്വേഷിക്കുന്നതിനും പാരിസ്ഥിതികാവബോധം വികസിപ്പിക്കുന്നതിനുമായുള്ള അന്വേഷണം.
- മലയാളത്തിളക്കം പദ്ധതിയുടെ ഭാഗമായി വായനയ്ക്ക് പ്രാധാന്യം നൽകി ഒന്ന് രണ്ട് ക്ലാസ്സുകളിലെ കുട്ടികൾക്കായി വായനാ കാർഡ്.
- കുട്ടികളിൽ ശാസ്ത്രീയ മനോഭാവവും പ്രക്രിയാശേഷികളും വികസിപ്പിക്കുന്നതിനായി എൽ.പി തലത്തിൽ ശാസ്ത്ര കൗതുകം പദ്ധതി നടപ്പാക്കി.
- നാട്ടിലെ പ്രതിഭകളുടെ വൈദഗ്ധ്യങ്ങൾ പരിചയപ്പെടുത്തുന്നതിനായി 'വിദ്യാലയം പ്രതിഭകളിലേക്ക്



പദ്ധതി.
- ഭരണഘടന കുട്ടികളെ പരിചയപ്പെടുത്താനും സ്വന്തം സ്കൂളിന് ഒരു ഭരണഘടന രൂപപ്പെടുത്താനും ആവിഷ്കരിച്ച നൈതീകം പദ്ധതി.
- എസ്.ഐ.ഇ.ടി.യുടെ നേതൃത്വത്തിൽ ദൃശ്യസാങ്കേതിക വിദ്യകളെ പരിചയപ്പെടാനും സിനിമകൾ നിർമ്മിക്കാനും കുട്ടികൾക്ക് പരിശീലനം.
- കുട്ടികൾ കുറവുള്ള വിദ്യാലയങ്ങൾ മെച്ചപ്പെടുത്തുവാൻ തദ്ദേശഭരണസ്ഥാപനങ്ങളുടെ സഹായത്തോടെ വിപുലമായ പ്രവർത്തനങ്ങൾ.
- 2019-20 അക്കാദമിക വർഷം നടത്തിയ ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രവർത്തനമായിരുന്നു മുഴുവൻ ക്ലാസ് മുറികളിലും ലൈബ്രറി എന്നത്. തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ജില്ലയിലെ മുഴുവൻ വിദ്യാലയങ്ങളിലും ഇത് സാർത്ഥകമാക്കി.
- വിക്ടേഴ്സ് ചാനൽ വഴി 2020-21 അധ്യയന വർഷത്തെ ഓൺലൈൻ അദ്ധ്യാപക പരിശീലനത്തിന്റെ ഒന്നാം ഘട്ടം നടത്തി.
- കുട്ടികൾക്കുള്ള ക്ലാസുകൾ ജൂൺ മാസം മുതൽ ഓൺലൈൻ ആയി നടത്തുന്നതിനുള്ള മുന്നൊരുക്കങ്ങൾ നടത്തി.

☐

*വിവരങ്ങൾക്ക് കടപ്പാട്*
*പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം.*

## ആരോഗ്യ- വിദ്യാഭ്യാസ മേഖലകളിലെ അടിസ്ഥാന സൗകര്യ വികസനം

ആർദ്രം മിഷൻ, പൊതുവിദ്യാഭ്യാസ യജ്ഞം, കിഫ്ബി ഫണ്ട്, മറ്റു പദ്ധതികൾ എന്നിവയ്ക്കു പുറമെ ആരോഗ്യ, വിദ്യാഭ്യാസ മേഖലകളുടെ വളർച്ചയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഗണ്യമായ സംഭാവനകളാണ് ഇക്കഴിഞ്ഞ നാല് വർഷങ്ങളിൽ നൽകിയത്. അംഗനവാടികൾക്ക് 2,037 കെട്ടിടങ്ങൾ നിർമ്മിച്ചു. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, ആശുപത്രികൾ എന്നിവയ്ക്കായി 393 കെട്ടിടങ്ങളും ഇക്കാലയളവിൽ നിർമ്മിച്ചു. 1318 ക്ലാസ് മുറികൾ നിർമ്മിക്കുകയും 1849 ക്ലാസ് മുറികൾ സ്മാർട്ട് ക്ലാസ് റൂമുകളായി പരിവർത്തനം ചെയ്യുകയും ചെയ്തു. 133 ലാബുകളാണ് ഇക്കാലയളവിൽ വിദ്യാർത്ഥികൾക്കായി സജ്ജമാക്കിയത്. 353.53 കോടിരൂപ ഈ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റേതിനേക്കാൾ 50% തുക കൂടുതലായി ഈ നാലു വർഷം കൊണ്ടു ഈ മേഖലയിൽ ചെലവഴിക്കാനായി.




# ആരോഗ്യരംഗത്ത് പുത്തനുണർവ്

**ജനങ്ങൾക്കിടയിൽ ഭീതി വിതച്ച നിപ്പ വൈറസിനെ തുരത്തുന്നതിലും പ്രളയകാലത്ത് പകർച്ചവ്യാധികളെ പ്രതിരോധിക്കുന്നതിലും ഇപ്പോൾ കൊവിഡ് മഹാമാരിയെ പ്രതിരോധിക്കുന്നതിലും ലോകശ്രദ്ധയാകർഷിച്ച രീതിയിൽ ഇടപെടാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്.**

ഇന്ത്യയടക്കമുള്ള വിവിധ രാജ്യങ്ങൾ കൊവിഡ് മഹാമാരിയുടെ വ്യാപനത്തെ പിടിച്ചു നിർത്താനുള്ള മഹായത്നത്തിലാണ്. ഇന്ത്യയിലെ പൊതു അവസ്ഥയിൽ നിന്നും, മറ്റ് പല വികസിത രാജ്യങ്ങളിൽ നിന്നും വ്യത്യസ്ഥമായി, ഈ മഹാവിപത്തിനെ മുൻകൂട്ടി കണ്ടെത്താനും ചിട്ടയായ പ്രവർത്തനപരിപാടികളിലൂടെ വലിയൊരു പരിധിവരെ നിയന്ത്രണവിധേയമാക്കാനും കേരളത്തിന് കഴിയുകയുണ്ടായി. വിദേശ രാജ്യങ്ങളിൽ നിന്നും ഇതരസംസ്ഥാനങ്ങളിൽ നിന്നും, രോഗബാധയുമായി നിരവധിപേർ കേരളത്തിലേക്ക് മടങ്ങിവരുന്ന മൂന്നാംഘട്ടത്തിന്റെ വെല്ലുവിളിയാണ് നാമിപ്പോൾ മികച്ചരീതിയിൽ നേരിട്ടുകൊണ്ടിരിക്കുന്നത്. ഐക്യരാഷ്ട്രസഭയുടെ സുസ്ഥിര വികസനലക്ഷ്യം മുൻനിർത്തിയാണ്, ഈ സർക്കാർ ആരോഗ്യരംഗത്ത് പ്രവർത്തിച്ചു വരുന്നത്. ജനങ്ങൾക്കിടയിൽ ഭീതി വിതച്ച നിപ്പ വൈറസിനെ തുരത്തുന്നതിലും പ്രളയകാലത്ത് പകർച്ചവ്യാധികളെ പ്രതിരോധിക്കുന്നതിലും ഇപ്പോൾ കൊവിഡ് മഹാമാരിയെ പ്രതിരോധിക്കുന്നതിലും

ലോകശ്രദ്ധയാകർഷിച്ച രീതിയിൽ ഇടപെടാൻ നമുക്ക് കഴിയുന്നുണ്ട്.

ഒരു ജനതയുടെ ആരോഗ്യമെന്നത്, വിവിധ മേഖലകളുടെ കൂട്ടായ പ്രവർത്തനങ്ങളുടെ ആകെത്തുകയാണെന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിലും വികേന്ദ്രീകൃത ആസൂത്രണത്തിന്റെ ജീവസുറ്റ ചട്ടക്കൂടിലുമാണ് ആർദ്രം മിഷന്റെ പ്രവർത്തനങ്ങൾ മുന്നേറിക്കൊണ്ടിരിക്കുന്നത്. വ്യക്തമായ കാഴ്ചപ്പാടോടെയുള്ള ആരോഗ്യരംഗത്തെയും അനുബന്ധമേഖലകളിലെയും പ്രവർത്തന പരിപാടികളും, ആർദ്രം മിഷൻ വഴിയുള്ള പ്രത്യേക ഇടപെടലുകളും ഏതൊരു പ്രതിസന്ധി ഘട്ടത്തെയും ആത്മവിശ്വാസത്തോടെ നേരിടുന്നതിന് ഇന്ന് നമ്മെ പ്രാപ്തരാക്കിയിരിക്കുന്ന പ്രാദേശിക സർക്കാരുകളുടെ സഹകരണത്തോടെ ത്രിതല ആരോഗ്യസംവിധാനങ്ങളെ ശക്തിപ്പെടുത്തിക്കൊണ്ട ജീവിത ശൈലിരോഗങ്ങൾ ഉൾപ്പെടെ പകർച്ചവ്യാധികളും ദുരന്ത നിവാരണങ്ങളുമടങ്ങുന്ന ഏതൊരു അവസ്ഥയെയും നേരിടുന്നതിനു നമ്മുടെ ആരോഗ്യ സംവിധാനത്തെ സജ്ജമാക്കുക എന്ന സമീപനമാണ് ആരോഗ്യ മേഖലയിൽ ഈ സർക്കാർ കൈക്കൊണ്ടത്.

ഭാവിയെ മുന്നിൽ കണ്ടുള്ള ഒരു സമഗ്ര ആരോഗ്യ നയത്തിന്റെ അടിസ്ഥാനത്തിലാണ് ഈ സർക്കാർ പ്രവർത്തിക്കുന്നത്. മഴക്കാലപൂർവ്വ തയ്യാറെടുപ്പുകൾ വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന ആരോഗ്യ ജാഗ്രതാ പരിപാടിയാക്കി വികസിപ്പിച്ചത് ഈ നയത്തിന്റെ അടിസ്ഥാനത്തിലാണ്. ആരോഗ്യ ജാഗ്രത കാര്യക്ഷമമാക്കാനും ജനപങ്കാളിത്തത്തോടെ നയങ്ങൾ ആവിഷ്ക്കരിക്കാനും മുൻഗണന നിശ്ചയിച്ച് നടപ്പാക്കാനും ഇ- ഹെൽത്ത് പ്രോഗ്രാമിലൂടെ സാധിക്കും. പ്രോഗ്രാമിന്റെ ഭാഗമായി, 2.9 കോടി ജനങ്ങൾക്ക് ഇതിനകം ഇ-ഹെൽത്ത് രജിസ്ട്രേഷൻ നൽകി.

## മുഖഛായ മാറുന്ന ആരോഗ്യകേന്ദ്രങ്ങൾ

ആരോഗ്യ കേന്ദ്രങ്ങളെ ശക്തിപ്പെടുത്താൻ ലക്ഷ്യമിടുന്ന കുടുംബാരോഗ്യ പരിപാടിയുടെ ഭാഗമായി, സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറുകയാണ്. ആദ്യ ഘട്ടത്തിൽ തെരഞ്ഞെടുത്ത 170 കേന്ദ്രങ്ങളിൽ പ്രളയബാധിതമായവയും പ്രധാന നിർമ്മാണ പ്രവർത്തനം വേണ്ടിവന്നവയുമൊഴികെ മറ്റു കേന്ദ്രങ്ങളെല്ലാം നല്ലരീതിയിൽ പ്രവർത്തിച്ചുവരികയാണ്. രണ്ടാം ഘട്ടത്തിൽ 504 കേന്ദ്രങ്ങളിൽ ഏറ്റെടുത്ത അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ ഇപ്പോൾ അന്തിമഘട്ടത്തിലാണ്. അവശ്യ സൗകര്യങ്ങൾ ഒരുങ്ങുന്നതോടെ, വൈകുന്നേരം 6.00 മണി വരെയുള്ള ഒ.പി. സേവനം എല്ലാ ആരോഗ്യ കേന്ദ്രങ്ങളിലും ലഭ്യമാവും.

രോഗിസൗഹൃദമായ രീതിയിൽ റെജിസ്ട്രേഷനും കാത്തിരിപ്പ് മുറികളും പരിശോധനാ മുറികളും നേഴ്സ്മാരുടെ പ്രീ ചെക്കപ്പും കുടിവെള്ള - ടോയ്ലറ്റ് സൗകര്യങ്ങളുമൊക്കെ വിപുലപ്പെടുത്തി അധിക പ്രവർത്തനസമയവും സേവനങ്ങളുമായാണ് സംസ്ഥാനത്തെ പി.എച്ച്.സികളെയെല്ലാം കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നത്.

- പ്രവർത്തന സമയം രാവിലെ 9 മുതൽ വൈകിട്ട് 6 വരെ
- കൂടുതൽ ഡോക്ടർമാരും പാരാമെഡിക്കൽ ജീവനക്കാരും
- ലബോറട്ടറി സൗകര്യം
- നിത്യേനയുള്ള ജീവിതശൈലി രോഗ ക്ലിനിക്കുകൾ
- ആസ്ത്മ, ശ്വാസംമുട്ട് രോഗങ്ങൾക്കുള്ള ശ്വാസ് ക്ലിനിക്ക്
- ഗർഭിണികളുടെ മാനസികാരോഗ്യത്തിനുള്ള അമ്മ മനസ്,
- മാനസിക ആരോഗ്യപരിചരണത്തിനുള്ള 'ആശ്വാസം' ക്ലിനിക്ക്
- നവജാത ശിശുക്കളിലെ ഹൃദ്രോഗം കണ്ടെത്തി ശസ്ത്രക്രിയയിലൂടെ പരിഹരിക്കുന്ന ഹൃദ്യം,
- സമ്പൂർണ്ണമാനസിക ആരോഗ്യപരിപാടി ഫീൽഡ്തലത്തിൽ
- ആരോഗ്യഉപകേന്ദ്രങ്ങൾ ശക്തിപ്പെടുത്തി, നിത്യേനയുള്ള ക്ലിനിക്കുകൾ
- ആരോഗ്യസേന വളണ്ടിയർമാർ

## പുതിയ നിയമനങ്ങൾ

ആവശ്യത്തിന് ഡോക്ടർമാരുടെയും ജീവനക്കാരുടെയും തസ്തികകൾ ഇല്ലാതിരുന്ന ആരോഗ്യ കേന്ദ്രങ്ങളിലും താലൂക്ക്, ജില്ലാ ആശുപത്രികളിലും പുതിയ തസ്തികകൾ സൃഷ്ടിക്കാനും അടിയന്തര പ്രാധാന്യത്തോടെ നിയമനനടപടികൾ പൂർത്തീകരിക്കാനും അധികാരമേറ്റ് ഒരു വർഷം തികയുന്നതിനിടയിൽ സർക്കാരിനായി. കുടുംബാരോഗ്യ കേന്ദ്രങ്ങളിലേക്ക് മാത്രം ഒന്നാം ഘട്ടത്തിൽ 170 ഡോക്ടർമാർ 170 ലാബ്ടെക്നീഷ്യൻ 340 സ്റ്റാഫ് നേഴ്സ് 150 ഫാർമസിസ്റ്റുകളടക്കം 830 തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുകയുണ്ടായി. രണ്ടാം ഘട്ടത്തിൽ വിവിധ വിഭാഗങ്ങളിലായി 1000 തസ്തികകളും സൃഷ്ടിച്ച് നിയമനം നടത്തി.

ജില്ലാ - താലൂക്കതല ആശുപത്രികളിൽ സൂപ്പർസ്പെഷ്യാലിറ്റി വിഭാഗം ഡോക്ടർമാ





രടക്കം 891 തസ്തികകൾ സൃഷ്ടിച്ചു.

### തദ്ദേശഭരണ സ്ഥാപനങ്ങളുടെ പിന്തുണയും നേതൃത്വവും

- കുടുംബാരോഗ്യകേന്ദ്രങ്ങളാക്കുന്ന പ്രവർത്തനങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പിന്തുണയും നേതൃത്വവും.
- അടിസ്ഥാന സൗകര്യവികസനത്തിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടുകളും മറ്റ് പ്രാദേശിക വിഭവസമാഹരണവും
- . മനുഷ്യവിഭവശേഷിയുടെ കുറവ് പരിഹരിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾവഴി ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും നിയമനം.
- ആരോഗ്യരംഗത്തെ പ്രവർത്തനങ്ങൾ വ്യക്തമായൊരു കാഴ്ചപ്പാടോടെ നടപ്പിലാക്കുന്നതിനും കൊവിഡ് നിയന്ത്രണമാക്കാനുമുള്ള പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾ ഒത്തൊരുമയോടെ ചിട്ടയായി നടത്തുന്നതിനും തദ്ദേശഭരണ സ്ഥാപന ജനപ്രതിനിധികൾക്കും സെക്രട്ടറിമാർക്കും ഡോക്ടർമാർക്കും മറ്റ ജീവനക്കാർക്കുമൊപ്പം സംഘപരിശീലനങ്ങൾ
- ബ്ലോക്കുതല കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളും കുടുംബാരോഗ്യ കേന്ദ്രങ്ങളാകും: ആദ്യഘട്ടത്തിൽ 76 എണ്ണത്തിന്റെ മോഡിഫിക്കേഷൻ പ്രവർത്തനങ്ങൾക്കു ഭരണാനുമതി.

## ആർദ്രം ജനകീയ ക്യാമ്പൈൻ

ആരോഗ്യരംഗത്ത് കേരളം ഇന്ന് അഭിമുഖീകരിക്കുന്ന കാതലായ പ്രശ്നങ്ങളായ ജീവിതശൈലീരോഗങ്ങൾ, മാനസിക ആരോഗ്യപ്രശ്നങ്ങൾ, പകർച്ചവ്യാധികൾ എന്നിവയ്ക്ക് സ്ഥായിയായ പരിഹാരം കാണാനും ആർദ്രം മിഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ ജനകീയമാക്കാനുമായി ആർദ്രം ജനകീയ ക്യാമ്പൈൻ 2019 നവംബർ മുതൽ സംസ്ഥാന വ്യാപകമായി നടപ്പിലാക്കിവരികയാണ്. നമ്മുടെ ആരോഗ്യം നമ്മുടെ ഉത്തവാദിത്വം എന്ന മുദ്രാവാക്യവുമായി മുന്നേറുന്ന ഈ ക്യാമ്പൈനിന്റെ ഘടകങ്ങൾ താഴെ പറയുന്നവയാണ്.

- ആരോഗ്യകരമായ ഭക്ഷണശീലം
- വ്യായാമം ദിനചര്യയുടെ ഭാഗമാക്കൽ
- മാനസിക ആരോഗ്യവും ലഹരിവർജ്ജനവും
- ശുചിത്വവും മാലിന്യസംസ്കരണവും
- രോഗപ്രതിരോധ, ആരോഗ്യവർദ്ധക പ്രവർത്തനങ്ങളുടെയും ആരോഗ്യ സേവനങ്ങളുടെയും ഫലപ്രദമായ ഉപയോഗം ഉറപ്പുവരുത്തൽ

### രോഗീസൗഹൃദ സൗകര്യങ്ങളോടെ

ആയിരക്കണക്കിന് രോഗികൾ നിത്യേന ചികിത്സയ്ക്കെത്തുന്ന നമ്മുടെ സർക്കാർ ആശുപത്രികളിലെ ഒ.പി വിഭാഗങ്ങളിലെ തിരക്ക് കുറയ്ക്കാനും സൗകര്യങ്ങൾ ചിട്ടപ്പെടുത്താനുമുള്ള പ്രവർത്തനങ്ങൾ മുന്നേറുന്നു. ചിട്ടയായ രെജിസ്ട്രേഷൻ സൗകര്യങ്ങൾ, ആവശ്യത്തിന് കാത്തിരിപ്പ് മുറികളും കസേരകളും കുടിവെള്ള ടോയ്‌ലറ്റ് സൗകര്യങ്ങൾ, ഇലക്ട്രോണിക് ഡിസ്പ്ലേ ബോർഡുകൾ, ആരോഗ്യബോധവത്കരണ സൗകര്യങ്ങൾ, സ്വകാര്യതയുള്ള പരിശോധനാമുറികൾ തുടങ്ങിയവയെല്ലാം സജ്ജമാക്കുകയാണ്. ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്ത എട്ട് ഗവൺമെന്റ് മെഡിക്കൽ കോളേജുകളുടെയും രണ്ടാംഘട്ടത്തിൽ 5 ജില്ലാതല ആശുപത്രികളുടെയും പ്രവർത്തികൾ പൂർത്തിയായി.



### കാത്ത്‌ലാബുകളും ഡയാലിസിസ്സ് യൂണിറ്റുകളും

- ജില്ലാ - താലൂക്ക് തല ആശുപത്രികളിൽ സൂപ്പർസ്പെഷ്യാലിറ്റി - സ്പെഷ്യാലിറ്റി സൗകര്യങ്ങൾ വികസിപ്പിക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.
- കിഫ്ബിയിൽ ഉൾപ്പെടുത്തി 3,000 കോടിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ.
- കാത്ത്‌ലാബ് സൗകര്യങ്ങളോടെ കാർഡിയോളജി, യൂറോളജി, നെഫ്റോളജി, ന്യൂറോളജി വകുപ്പുകളിൽ ഡോക്ടർമാരെ നിയമിച്ചു.
- 10 കാത്ത്‌ലാബ് കൊറോണറി കെയർ യൂണിറ്റുകളിൽ (8 - ആരോഗ്യവകുപ്പ്, 2 - മെഡിക്കൽ കോളേജുകൾ) നാല് എണ്ണം പ്രവർത്തിച്ചു തുടങ്ങി.
- 44 ഡയാലിസിസ് യൂണിറ്റുകളിൽ രണ്ടെണ്ണമൊഴികെ എല്ലാം പ്രവർത്തനസജ്ജം.

☐

*വിവരങ്ങൾക്ക് കടപ്പാട്: ആർദ്രം മിഷൻ*



# സാമൂഹ്യ സുരക്ഷാ പെൻഷൻ 4 വർഷം 20,531.33 കോടി

## കുറഞ്ഞ പെൻഷൻ തുക 1300 രൂപയായി ഉയർത്തി

വികസ്വര രാജ്യങ്ങളിൽ ഒരിടത്തും കാണാത്ത സമഗ്രമായ ക്ഷേമ പെൻഷൻ സംവിധാനമാണ് ഇപ്പോൾ കേരളത്തിലുള്ളത്. അർഹരായ മുഴുവൻ പേരെയും ക്ഷേമപെൻഷൻ പരിധിയിൽ കൊണ്ടുവരാൻ സർക്കാർ നടത്തിയ മുൻകൈ പ്രവർത്തനത്തിന്റെ ഫലമായി 13,96 ലക്ഷം പേരെ പെൻഷൻ ഗുണഭോക്താക്കളുടെ ലിസ്റ്റിൽ പുതുതായി ഉൾപ്പെടുത്താൻ കഴിഞ്ഞു. സംസ്ഥാനത്ത് നിലവിൽ 47.95 ലക്ഷം പേർക്ക് വിവിധ സാമൂഹ്യ സഹായ പെൻഷനുകൾ ലഭിക്കുന്നുണ്ട്. 2015 - 16 ൽ ഇപ്രകാരം പെൻഷൻ വാങ്ങുന്നവരുടെ എണ്ണം 33.99 ലക്ഷം ആയിരുന്നു.

20,531.33 കോടി രൂപയുടെ ക്ഷേമ പെൻഷൻ 2016 ജൂൺ മുതൽ വിതരണം ചെയ്തു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കേവലം 8,429 കോടി രൂപ മാത്രമാണ് വിതരണം ചെയ്തത്. കുറഞ്ഞ പെൻഷൻ തുക 600 ൽ നിന്ന് 1,300 രൂപയാക്കി ഉയർത്തി. 75 വയസ് കഴിഞ്ഞവർക്ക് 1,500 രൂപ പെൻഷനായി ലഭിക്കും. 21 ലക്ഷത്തിലേറെ പേർക്ക്, പെൻഷൻ തുക നേരിട്ട് വീട്ടിൽ എത്തിച്ചാണ് നൽകുന്നത്.

വാർദ്ധക്യകാല പെൻഷൻ, വികലാംഗ പെൻഷൻ, വിധവാ പെൻഷൻ, 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ എന്നിവയാണ് തദ്ദേശഭരണ സ്ഥാപനങ്ങളിലൂടെ വിതരണം ചെയ്യുന്ന പെൻഷനുകൾ.


കൊറോണ

ഇവർ ശ്രദ്ധിക്കുക...



**വയോജനങ്ങൾ കൂടുതൽ ശ്രദ്ധിക്കുക!**

കൊറോണ അണുബാധ ഉണ്ടായാൽ അത് കൂടുതൽ ദോഷകരമായി ബാധിക്കാവുന്ന ഒരു വിഭാഗം 60 വയസ്സിനു മുകളിൽ പ്രായമുള്ളവരാണ്. അതിനാൽ വയോജനങ്ങൾ സുരക്ഷയ്ക്കായി താഴെപ്പറയുന്ന മുൻകരുതലുകൾ എടുക്കേണ്ടതാണ്.

**ഇവർ നിർബന്ധമായും ഇക്കാര്യങ്ങൾ പാലിക്കുക**

- ദൂരയാത്രകൾ കഴിഞ്ഞുവരുന്നവരുമായുള്ള സമ്പർക്കം പൂർണ്ണമായും ഒഴിവാക്കുക. പ്രത്യേകിച്ച് കൊറോണ അണുബാധിത പ്രദേശങ്ങളിൽ നിന്ന് എത്തിയവരുമായുള്ള സമ്പർക്കം
- പൊതുപരിപാടികൾ, കൂട്ടായ്മകൾ, സിനിമാശാലകൾ, ആഘോഷങ്ങൾ, ഉത്സവങ്ങൾ, വിവാഹങ്ങൾ എന്നിവയിൽ നിന്ന് വിട്ട്നിൽക്കുക
- പനി, ചുമ, ജലദോഷം, ശ്വാസതടസ്സം, തൊണ്ടവേദന തുടങ്ങിയ രോഗലക്ഷണങ്ങൾ ഉള്ളവരുമായി സമ്പർക്കം പുലർത്താതിരിക്കുക
- കൈകൾ ഇടയ്ക്കിടെ സോപ്പും വെള്ളവും ഉപയോഗിച്ച് 20 സെക്കന്റെങ്കിലും കഴുകുക
- ആരോഗ്യകരമായ ഭക്ഷണരീതിയും നിലവിലുള്ള ചികിത്സാക്രമങ്ങളും തുടരുക

**കൊറോണ താഴെപ്പറയുന്ന ആരോഗ്യപ്രശ്നങ്ങൾ ഉള്ളവരെയും ഗുരുതരമായി ബാധിക്കാം.**

| | | | |
|---|---|---|---|
| കീമോതെറാപ്പി എടുക്കുന്നവർ | വൃക്കരോഗികൾ | ശ്വാസകോശരോഗം ഉള്ളവർ | ഹൃദ്രോഗികൾ |
| രോഗപ്രതിരോധശേഷികുറഞ്ഞ അവസ്ഥയിലുള്ളവർ | | അവയവമാറ്റശസ്ത്രക്രിയയ്ക്ക് വിധേയമായവർ | |

രതീഷ് വിൻസെന്റ്

കൂടുതൽ വിവരങ്ങൾക്ക് ദിശ 1056/0471 2552056

"നമ്മുടെ ആരോഗ്യം നമ്മുടെ ഉത്തരവാദിത്തം"

ആരോഗ്യ - കുടുംബക്ഷേമ വകുപ്പ്

ഇൻഫർമേഷൻ-പബ്ലിക് റിലേഷൻസ് വകുപ്പ്, കേരള സർക്കാർ



# നഗര വികസനത്തിന് 7093.44 കോടി

**3818.19 കോടി രൂപ ചെലവിട്ട് നടപ്പിലാക്കുന്ന തിരുവനന്തപുരം, കൊച്ചി സ്മാർട്ട് സിറ്റി വികസനം, 2076 കോടിയുടെ അമൃത് പദ്ധതി, 571.59 കോടിയുടെ വൈറ്റില മൊബിലിറ്റി ഹബ്, ഇംപാക്ട് കേരള മുഖേന നടപ്പിലാക്കുന്ന 550 കോടി രൂപയുടെ കിഫ്ബി പദ്ധതികൾ എന്നിവ ഇതിൽ ഉൾപ്പെടും.**

സംസ്ഥാനത്ത് ദ്രുതഗതിയിലുള്ള നഗരവത്ക്കരണം ഉയർത്തുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി നഗര തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക പദ്ധതി രൂപീകരണ മാർഗ്ഗരേഖ സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചു. കുടിവെള്ള വിതരണം, മാലിന്യ പരിപാലനം, നഗര ശുചീകരണം, വാഹന പാർക്കിംഗ്, നഗരങ്ങളുടെ മനോഹാരിത വർദ്ധിപ്പിക്കൽ എന്നിങ്ങനെ 7093.44 കോടി രൂപയുടെ പ്രത്യേക നഗര വികസന പ്രവർത്തനങ്ങളാണ് തദ്ദേശസ്വയം ഭരണവകുപ്പിനു കീഴിൽ നടപ്പിലാക്കുന്നത്.

3818.19 കോടി രൂപ ചെലവിട്ട് നടപ്പിലാക്കുന്ന തിരുവനന്തപുരം, കൊച്ചി സ്മാർട്ട് സിറ്റി വികസനം, 2076 കോടിയുടെ അമൃത് പദ്ധതി, 571.59 കോടിയുടെ വൈറ്റില മൊബിലിറ്റി ഹബ്, ഇംപാക്ട് കേരള മുഖേന നടപ്പിലാക്കുന്ന 550 കോടി രൂപയുടെ കിഫ്ബി പദ്ധതികൾ എന്നിവ ഇതിൽ ഉൾപ്പെടും.

### ചട്ടങ്ങൾ മാറ്റിയെഴുതി

- അവ്യക്തതകൾ നീക്കി കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ KMBR(Kerala Municipality Building Rules), KPBR (Kerala Panchayath Building Rules) സമഗ്ര മാറ്റം വരുത്തി.
- നഗര-ഗ്രാമാസൂത്രണ വകുപ്പിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കി.
- കെട്ടിടനിർമ്മാണ പെർമിറ്റ് നടപടികൾ സുതാര്യമാക്കി. അപേക്ഷകൾ വേഗത്തിൽ കൈകാര്യം ചെയ്യാൻ തയ്യാറാക്കിയ സുവേഗ ആട്ടോമേറ്റഡ് ഇന്റലിജന്റ് സോഫ്റ്റ്‌വെയർ കോഴിക്കോട് നഗരസഭയിൽ നടപ്പിലാക്കി.

### അമൃത് നഗരം

ശുദ്ധജല വിതരണം, സ്വിവറേജ് ആന്റ് സെപ്റ്റേജ് മാനേജ്മെന്റ്, സ്റ്റോം വാട്ടർ ഡ്രെയിനേജ്, അർബൻ ട്രാൻസ്പോർട്ട്, പാർക്ക് എന്നീ അഞ്ച് മേഖലകളിലായി 2357.66 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരമായി. ചെറുതും വലുതുമായ1008 പദ്ധതികൾ ഇതിന്റെ ഭാഗമായി നടപ്പിലാവും. 2280.80 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതിയായി. 782.61 കോടിയുടെ പദ്ധതികൾ പൂർത്തിയാക്കി. 1751.92 കോടി രൂപയുടെ 953 പ്രവൃത്തികൾ നടന്നുവരുന്നു.

### കൊച്ചിയുടെ മുഖം മാറ്റാൻ കൊച്ചി സ്മാർട്ട് മിഷൻ

- **നഗരവികസന പ്രോജക്ടുകൾ**

അടിസ്ഥാന സൗകര്യവികസനത്തിനുള്ള 625 കോടി രൂപയുടെ വികസനപദ്ധതികൾ നിർവ്വഹണത്തിന്റെ വ്യത്യസ്ത ഘട്ടങ്ങളിൽ

- **ഇ ഹെൽത്ത് സൊല്യൂഷൻ**

നഗരത്തിലെ ആരോഗ്യ സംബന്ധിയായ പ്രശ്നങ്ങൾ എളുപ്പത്തിൽ കണ്ടെത്തി പരിഹാരം തേടാൻ ഇ ഹെൽത്ത് പ്രോജക്റ്റ്. കേന്ദ്രീകൃത ആരോഗ്യ വിവരങ്ങൾ, ഇലക്ട്രോണിക് ഹെൽത്ത് റെക്കോർഡുകൾ, സെൻട്രൽ ഡെമോഗ്രാഫിക് ഡാറ്റാബേസ് എന്നിവ ഉയർന്ന ബാൻഡ്‌വിഡ്ത്ത് ശൃംഖലയിലൂടെ സുഗമമാക്കുന്നു. ഫ്രഞ്ച് സർക്കാരിന്റെ സഹായത്തോടെ കേന്ദ്ര നഗര കാര്യവകുപ്പ് നടപ്പാക്കുന്ന

# തിരുവനന്തപുരം സ്മാർട്ട് സിറ്റി



1,538 കോടി രൂപയുടെ 43 പദ്ധതികളാണ് തിരുവനന്തപുരം സ്മാർട്ട് സിറ്റി പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കേന്ദ്ര വിഹിതം 500 കോടി, കേരള -സംസ്ഥാന വിഹിതം 500 കോടി, നഗരസഭാ വിഹിതം 135.7 കോടി, കേന്ദ്രത്തിൽ നിന്നുള്ള മറ്റു പദ്ധതികൾക്ക് (കൺവർജൻസ് പ്രോജക്ട്) 260.1 കോടി, സ്വകാര്യ പങ്കാളിത്തം (PPP) 142.39 കോടി. നഗരസഭാ പരിധിയെ എ.ബി.ഡി സോൺ, പാൻസിറ്റി സോൺ എന്നിങ്ങനെ രണ്ട് സോണുകളായി തിരിച്ചാണ് പ്രോജക്ടുകൾ നടപ്പിലാക്കുന്നത്.

അടിസ്ഥാനസൗകര്യ വികസനത്തിനുള്ള പതിനഞ്ചും സ്ഥലവിനിയോഗം ഫലപ്രദമാക്കാനുള്ള അഞ്ചും പൈതൃക സാംസ്കാരിക സംരക്ഷണത്തിനായി ഒമ്പതും പരിസ്ഥിതി സംരക്ഷണത്തിനുള്ള മൂന്നും പദ്ധതികൾ നടപ്പിലാക്കും. അടിസ്ഥാനസൗകര്യ വികസനത്തിന് 771.57 കോടി രൂപയും സ്ഥലവിനിയോഗ പ്രോജക്ടുകൾക്ക് 238 കോടിയും പൈതൃക സാംസ്കാരിക സംരക്ഷണത്തിന് 126.48 കോടിയും പരിസ്ഥിതി സംരക്ഷണത്തിനായി 143.68 കോടി രൂപയും സാമൂഹ്യ പിന്നോക്കാവസ്ഥ നേരിടുന്നവരുടെ ഉന്നമനത്തിന് മൂന്ന് പദ്ധതികളിലായി 106.44 കോടി രൂപയും ചെലവഴിക്കും.

പാൻ സിറ്റി മേഖലയിൽ 152.07 കോടി രൂപയുടെ വികസന പ്രോജക്ടുകൾ ഏറ്റെടുക്കും. 174.32 കോടി രൂപയുള്ള പ്രവൃത്തികൾ ഇതിനകം പൂർത്തിയായി. 203.15 കോടി രൂപയുടെ പ്രവൃത്തികൾ ആരംഭിച്ചു. 934 കോടി രൂപയുടെ പ്രോജക്ടുകൾ ടെൻഡർ ചെയ്തു. സ്മാർട്ട് ബസ്സ് ഷെൽട്ടറുകൾ, കുടിവെള്ള കിയോസ്കുകൾ, പൊതു ശൗചാലയങ്ങളുടെ നവീകരണം, ഓപ്പൺ ജിം, മൾട്ടിലെവൽ കാർ പാർക്കിംഗ്, സോളാർ റൂഫ് ടോപ്പ്, പബ്ലിക്ക് ബൈക്ക് ഷെയറിംഗ്, ഇ-ഓട്ടോ, സ്മാർട്ട് വെബ് സൈറ്റ് എന്നീ പദ്ധതികൾക്കാണ് മുൻതൂക്കം. 600 കോടി രൂപ അടങ്കൽ വരുന്ന സ്മാർട്ട് റോഡുകൾ നിർമ്മിക്കും. ചേരിവികസനത്തിന് 100 കോടി രൂപയും പാളയം മാർക്കറ്റ് നവീകരണത്തിന് 90 കോടിയും ചെലവിടും.

CIITIS പ്രോജക്ടിൽ ഈ പദ്ധതി ഉൾപ്പെടുത്തി. കേന്ദ്ര നഗരകാര്യ വകുപ്പിന്റെ 2019 ലെ പുരസ്കാരം നേടി.

▶ **റൂഫ് ടോപ് സോളാർ**

സ്കൂൾ, ഹോസ്പിറ്റൽ, കോടതി സമുച്ചയം, ഫയർ സ്റ്റേഷൻ തുടങ്ങിയ 28 ഗവൺമെന്റ് കെട്ടിടങ്ങളിലായി 3,000 യൂണിറ്റ് ശേഷിയുള്ള സൗരോർജ്ജ വൈദ്യുതി പ്ലാന്റുകൾ സ്ഥാപിച്ചു.

- ഭവനതല ഖരമാലിന്യ ശേഖരണം: 20,000 വീടുകളിൽ ഖരമാലിന്യം ശേഖരിക്കാൻ ബിന്നുകൾ സ്ഥാപിച്ചു.
- പബ്ലിക് ബൈക്ക് ഷെയറിങ് സ്കീം നടപ്പാക്കി
- സൈക്ലിംഗ് കൂടുതൽ ജനപ്രിയമാക്കി അന്തരീക്ഷ മലിനീകരണം കുറയ്ക്കാനും നോൺ മോട്ടോറൈസ്ഡ് ട്രാൻസ്പോർട്ട് പ്രോത്സാഹിപ്പിക്കാനും പദ്ധതി.
- ഗ്രീൻ കൊച്ചി ക്ലീൻ കൊച്ചി പരിപാടിയുടെ ഭാഗമായി 100 ആളുകൾ പങ്കെടുത്ത സൈക്കിൾ റാലി.

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ

## അടിസ്ഥാന സൗകര്യ വികസനം

- മുഖ്യമന്ത്രിയുടെ പ്രാദേശിക റോഡ് വികസന പദ്ധതിയിലൂടെ 961 കോടി രൂപയുടെ പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. ഇതിൽ 743 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതിയായി.
- അടിസ്ഥാന സൗകര്യ വികസനത്തിനായി കഴിഞ്ഞ നാലു വർഷം കൊണ്ടു 9,540.82 കോടി രൂപ വകയിരുത്തി. മുൻ സർക്കാരിന്റെ അഞ്ചു വർഷത്തെ തുകയേക്കാൾ 1,000 കോടി രൂപ കൂടുതലാണിത്.
- 2,14,600 കി. മീ റോഡുകളാണ് ഇക്കാലയളവിൽ നിർമ്മാണവും നവീകരണവും നടത്തിയിട്ടുള്ളത്.
- 9,137 ഫുട്ട്പാത്തുകൾ നിർമ്മിക്കുകയും 4,287 എണ്ണം നവീകരിക്കുകയും ചെയ്തു.
- 926 പാലങ്ങൾ, 2,389 കൾവെർട്ടുകൾ എന്നിവ നിർമ്മിച്ചു.
- 2,345 പുതിയ കെട്ടിടങ്ങൾ, 14,800 കെട്ടിടങ്ങളുടെ പുനരുദ്ധാരണം.
- 825 ശ്മശാനങ്ങൾ നിർമ്മിച്ചു.
- 1,935 ടോയ്‌ലറ്റ് ബ്ലോക്കുകളുടെ നിർമ്മാണം.
- 12,385 അംഗനവാടികളുടെ പുനരുദ്ധാരണം, 8,705 സ്കൂളുകളുടെ നവീകരണം.


# തൊഴിലുറപ്പിൽ കേരള മാതൃക

**കേന്ദ്ര നിയമത്തിന്റെ ചട്ടക്കൂടിനു ള്ളിൽ നിന്നു കൊണ്ട് സംസ്ഥാന ത്തിന്റെ ആവശ്യങ്ങൾക്കും പ്രത്യേക സാഹചര്യങ്ങൾക്കും ഇണങ്ങുന്ന രീതിയിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ ഉപയോഗപ്പെടുത്തുകയായിരുന്നു സംസ്ഥാന സർക്കാർ കഴിഞ്ഞ നാലു വർഷങ്ങളിൽ ചെയ്തത്.**

30.81 കോടി തൊഴിൽദിനങ്ങൾ സൃഷ്ടിക്കുകയെന്ന ചരിത്രനേട്ടമാണ് കഴിഞ്ഞ നാല് വർഷങ്ങളിൽ തൊഴിലുറപ്പ് പദ്ധതിയിൽ കേരളത്തിന് കൈവരിക്കാനായത്. കേന്ദ്ര നിയമത്തിന്റെ ചട്ടക്കൂടിനുള്ളിൽ നിന്നു കൊണ്ട് സംസ്ഥാനത്തിന്റെ ആവശ്യങ്ങൾക്കും പ്രത്യേക സാഹചര്യങ്ങൾക്കും ഇണങ്ങുന്ന രീതിയിൽ തൊഴിലുറപ്പ് പദ്ധതിയെ ഉപയോഗപ്പെടുത്തുകയായിരുന്നു സംസ്ഥാന സർക്കാർ കഴിഞ്ഞ നാലു വർഷങ്ങളിൽ ചെയ്തത്. പദ്ധതി നടത്തിപ്പിൽ മാതൃകാപരമായ നിരവധി പ്രവർത്തനങ്ങൾ സംസ്ഥാനത്ത് അങ്ങോളമിങ്ങോളം നടപ്പാക്കാൻ നമുക്ക കഴിഞ്ഞിട്ടുണ്ട്. പട്ടികവർഗ്ഗക്കാർക്ക് നൂറു ദിവസം അധിക ജോലി നൽകുന്ന ട്രൈബൽ പ്ലസ്, മുൻകൂർ വേതനം തുടങ്ങിയ പദ്ധതികൾ രാജ്യത്തിന് തന്നെ മാതൃകയാണ്. ഹരിതകേരളം പദ്ധതിയുടെ ഭാഗമായി മണ്ണ് -ജലസംരക്ഷണ പ്രവൃത്തികളും തൊഴിലുറപ്പ് പദ്ധതിയിൽ വ്യാപകമായി നടപ്പിലാക്കി വരുന്നുണ്ട്.

- 3081.77 ലക്ഷം തൊഴിൽദിനങ്ങൾ സൃഷ്ടിച്ചു.
- കൂലിയിനത്തിൽ 8653.36 കോടി രൂപ ചെലവഴിച്ചു. :
- സാധനസാമഗ്രികൾക്ക് 968.39 കോടി രൂപ ചെലവഴിച്ചു.
- തൊഴിലുറപ്പ് പദ്ധതിയൊഴികെ 1.48 കോടി തൊഴിൽ ദിനങ്ങൾ വനിതകൾക്കായി കഴിഞ്ഞ നാലു വർഷം സൃഷ്ടിച്ചു.
- 2016-17 ൽ 114%, 2017 -18 ൽ 137%, 2018 -19 ൽ 140%, 2019 -20 ൽ 114.61% എന്നിങ്ങനെയാണ് തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിലെ നേട്ടം.

തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടുന്നതോടൊപ്പം തൊഴിലിന് വരുന്ന പരമാവധി കുടുംബങ്ങൾക്ക് 100 ദിവസത്തെ തൊഴിൽ ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങളാണ് പദ്ധതിയിൽ ഏറ്റെടുത്ത് നടത്തിയത്. 4,41,174



പദ്ധതിയിൽ ഏർപ്പെട്ടുവരുന്ന പട്ടികവർഗ്ഗ കുടുംബങ്ങളെ സഹായിക്കുന്നതിനായി ട്രൈബൽ പ്ലസ്, മുൻകൂർ വേതനം തുടങ്ങിയ പദ്ധതികൾ സംസ്ഥാന സർക്കാർ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയതിലൂടെ ഇവരുടെ ഉയർന്ന പ്രാതിനിധ്യമുറപ്പാക്കാനും തൊഴിൽ ലഭ്യമാക്കി കൂടുതൽ വരുമാന മുറപ്പാക്കാനും കഴിഞ്ഞിട്ടുണ്ട്.

കുടുംബങ്ങളാണ് 2018-19 വർഷത്തിൽ 100 ദിവസം പൂർത്തിയാക്കിയത്. 100 ദിവസം പൂർത്തിയാക്കിയ കുടുംബങ്ങളുടെ കണക്കിൽ പദ്ധതിയുടെ ചരിത്രത്തിൽ ഏറ്റവും മികച്ച നേട്ടമാണ് കൈവരിച്ചത്.

തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങളെ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിൽ മാത്രമായി പരിമിതപ്പെടുത്താതെ, സ്ഥായിയായ ആസ്തികളായ അങ്കണവാടികൾ, റോഡുകൾ, കുളങ്ങൾ, ഭവനങ്ങൾ, സാനിട്ടറി കോംപ്ലക്സുകൾ, സർക്കാർ സ്കൂളുകളിൽ ചുറ്റുമതിൽ, കളിക്കളങ്ങൾ, പാചകപ്പുര, ഡൈനിംഗ് ഹാൾ എന്നിവ നിർമ്മിക്കുന്നതിനും ഭവന നിർമ്മാണ ഗുണഭോക്താക്കൾക്കുവേണ്ട നിർമ്മാണ സാമഗ്രി ഉത്പാദനത്തിനും ഫലപ്രദമായി സംസ്ഥാനം ഉപയോഗപ്പെടുത്തി.

കൂടാതെ പദ്ധതിയിൽ ഏർപ്പെട്ടുവരുന്ന പട്ടിക വർഗ്ഗ കുടുംബങ്ങളെ സഹായിക്കുന്നതിനായി ട്രൈബൽ പ്ലസ്, മുൻകൂർ വേതനം തുടങ്ങിയ പദ്ധതികൾ സംസ്ഥാന സർക്കാർ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയതിലൂടെ ഇവരുടെ ഉയർന്ന പ്രാതിനിധ്യ മുറപ്പാക്കാനും തൊഴിൽ ലഭ്യമാക്കി കൂടുതൽ വരുമാനമുറപ്പാക്കാനും കഴിഞ്ഞിട്ടുണ്ട്.

വ്യക്തിഗത ആസ്തികളുടെ നിർമ്മാണത്തിന് ഊന്നൽ നൽകിയ ഇടങ്ങളിൽ ശാസ്ത്രീയമായ രീതിയിലുള്ള തൊഴുത്തുകളും ആട്ടിൻകൂടുകളും നിർമ്മിച്ച് നൽകാനാണ് പ്രാധാന്യം നൽകിയത്. തൊഴുത്തുകളിലെ ശുചിത്വത്തിന്റെയും മുഴുവൻ സമയ കുടിവെള്ളത്തിന്റെയും അപര്യാപ്തത കന്നുകാലികൾക്ക് രോഗം വരുത്തുന്നതിനും പാലുല്പാദനത്തെയും ബാധിക്കുമെന്ന് മനസ്സിലാക്കി ക്ഷീരവികസനം, മൃഗസംരക്ഷണം എന്നീ വകുപ്പുകളുടെ സാങ്കേതിക ഉപദേശം സ്വീകരിച്ചുകൊണ്ട് ശാസ്ത്രീയമായ ഡിസൈൻ തൊഴിലുറപ്പ് പദ്ധതിയിൽ തയ്യാറാക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ നിർമ്മിച്ച നൽകിയ തൊഴുത്തുകൾ കർഷകർക്ക് ഒരു അനുഗ്രഹമാണ്. കൂടുതൽ കുടുംബങ്ങളിലേക്ക് ഇതിന്റെ



## കേരള ട്രൈബൽ പ്ലസ്

തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലിൽ ഏർപ്പെടുന്ന കുടുംബങ്ങൾക്ക് 100 ദിവസത്തെ തൊഴിൽ നൽകുന്നതിനാണ് കേന്ദ്ര സർക്കാർ സഹായം ലഭ്യമാക്കുന്നത്. എന്നാൽ സംസ്ഥാനത്തെ മുഴുവൻ പട്ടിക വർഗ്ഗ കുടുംബങ്ങൾക്കും 200 ദിവസത്തെ തൊഴിൽ ദിനങ്ങൾ ലഭ്യമാക്കുന്നതിനാവശ്യമായ തുക സംസ്ഥാന ബഡ്ജറ്റിൽ നീക്കിവയ്ക്കുകയും, കേന്ദ്ര സഹായമായി ലഭിക്കുന്ന 100 ദിവസത്തിന് ഉപരിയായി 100 തൊഴിൽ ദിനങ്ങൾ കൂടി ലഭ്യമാക്കുന്നതിന് കേരള ട്രൈബൽ പ്ലസ് പദ്ധതി നടപ്പിലാക്കുകയും ചെയ്തു. പട്ടിക വർഗ്ഗ മേഖലയിൽ സംസ്ഥാന സർക്കാർ നടത്തിയ ഇടപെടലിന്റെ ഫലമായി തൊഴിലുറപ്പ് പദ്ധതിയിൽ പട്ടിക വർഗ്ഗ കുടുംബങ്ങളുടെ പങ്കാളിത്തം ഗണ്യമായി വർദ്ധിക്കുകയുണ്ടായി. കഴിഞ്ഞ രണ്ടു വർഷങ്ങളിലായി 32.95 കോടി രൂപ സംസ്ഥാനം ഈ മേഖലയിൽ ചെലവഴിച്ചു.

## പട്ടികവർഗ്ഗ കുടുംബങ്ങൾക്കു മുൻകൂർ വേതനം

തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽ ചെയ്ത് 15 ദിവസങ്ങൾക്കകം വേതനം ലഭിക്കണമെന്നാണ് പദ്ധതി നിഷ്കർഷിക്കുന്നതെങ്കിലും കേന്ദ്രസർക്കാരിൽ നിന്നും കൃത്യസമയത്ത് വേതനം ലഭിക്കാത്തത് പട്ടികവർഗ്ഗ തൊഴിലാളികൾക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ആവിഷ്കരിച്ച പദ്ധതിയാണിത്. വയനാട് ജില്ലയിലും പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്ക്, കണ്ണൂർ ജില്ലയിലെ ആറളം ഫാം പ്രദേശത്തുമാണ് കുടുംബശ്രീയുടെ സഹകരണത്തോടെ പദ്ധതി നടപ്പിലാക്കി വരുന്നത്. 11.13 കോടി രൂപയാണ് അഡ്വാൻസ് തുക നൽകുന്നതിലേക്ക് കുടുംബശ്രീ മുഖേന 11.13 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്.

ഗുണഫലം എത്തിച്ച് മാതൃകയാവാൻ വിവിധ തദ്ദേശ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്.

- 2019-20ൽ 17429 പശുത്തൊഴുത്തുകൾ, 7919 ആട്ടിൻ കൂടുകൾ, 7689 കോഴിക്കൂടുകൾ, 77 പന്നിക്കൂടുകൾ എന്നീ വ്യക്തിഗത ആസ്തികൾ സൃഷ്ടിച്ചു.

### പ്രളയശേഷം സംസ്ഥാനത്ത് 7.63 കോടി തൊഴിൽദിനങ്ങൾ

സംസ്ഥാനത്തെ പ്രളയ ബാധിത മേഖലയിൽ പ്രളയത്തിൽ അകപ്പെട്ട കുടുംബങ്ങൾക്ക് ഉപജീവനം ഒരുക്കുന്നതിൽ തൊഴിലുറപ്പ് പദ്ധതിയിൽ സംസ്ഥാനം നടത്തിയ ഇടപെടൽ നിർണ്ണായകമായി. 2018-19ൽ 4.83 ലക്ഷം കുടുംബങ്ങൾ പ്രളയശേഷം തൊഴിലുറപ്പ് പദ്ധതിയിൽ പങ്കാളികളായവരാണ്. പ്രളയശേഷം സംസ്ഥാനത്ത് 7.63 കോടി തൊഴിൽദിനങ്ങൾ സൃഷ്ടിക്കുകയും അതിലൂടെ 2679 കോടി രൂപയുടെ വരുമാനം ഗ്രാമീണ ജനതയ്ക്ക് ഉറപ്പുവരുത്തുകയും ചെയ്തു.

### ലൈഫ് ഗുണഭോക്താക്കൾക്ക 24390 രൂപയുടെ അധിക സഹായം

ലൈഫ് മിഷൻ ഗുണഭോക്താക്കൾക്ക ഭവന നിർമ്മാണത്തിന് ധനസഹായമായി നൽകി വരുന്ന 4 ലക്ഷം രൂപയ്ക്ക് ഉപരിയായി 90 ദിവസത്തെ അവിദഗ്ദ്ധ തൊഴിൽ, തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും നൽകി



## ഗ്രാമപഞ്ചായത്തുകളുടെ കാര്യശേഷി വർദ്ധനവിന്

### രാഷ്ട്രീയ ഗ്രാമസ്വരാജ് അഭിയാൻ

**കഴിഞ്ഞ നാലു വർഷത്തെ നേട്ടങ്ങൾ**

- ഗ്രാമപഞ്ചായത്തുകളിലെ ജനപ്രതിനിധികൾക്കും ജീവനക്കാർക്കും കാര്യശേഷി വികസനത്തിന് പരിശീലന പരിപാടികൾ.
- വീഡിയോ കോൺഫറൻസിംഗിനും ഓൺലൈൻ പരിശീലനത്തിനും സംസ്ഥാനത്തൊട്ടാകെ 33 വെർച്ച്വൽ ക്ലാസ്സ്റൂമുകൾ.
- സംസ്ഥാനത്തെ 939 ഗ്രാമപഞ്ചായത്തുകൾക്ക് ISO അംഗീകാരം.
- ജില്ലകളിൽ ജില്ലാ പഞ്ചായത്ത് ഡിസ്ട്രിക്ട് റിസോഴ്സ് സെന്ററുകളുടെ നിർമ്മാണം അന്തിമഘട്ടത്തിൽ.
- അസിസ്റ്റന്റ് എഞ്ചിനീയർമാർ നിലവിലില്ലാത്തതും ജോലിഭാരം കൂടുതലുള്ളതുമായി 99 ഗ്രാമപഞ്ചായത്തുകളിൽ കരാറടിസ്ഥാനത്തിൽ താത്കാലിക അസിസ്റ്റന്റ് എഞ്ചിനീയർമാരെ നിയമിച്ചു.

24390 രൂപ കൂടി ലഭിക്കുന്നതിനുള്ള അവസരം ലഭ്യമാക്കി.

- ഭവന നിർമ്മാണത്തിനുള്ള സാമഗ്രികൾ കുറഞ്ഞ നിരക്കിൽ നിർമ്മിച്ച് നൽകി. സംസ്ഥാനത്തൊട്ടാകെ 587 നിർമ്മാണ സാമഗ്രി യൂണിറ്റുകൾ സ്ഥാപിച്ചു.
- 33,47,558 എണ്ണം സിമന്റ് കട്ടകൾ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കി.

### അംഗീകാരങ്ങൾ

- 2017ൽ ആധാർ അധിഷ്ഠിത സേവനത്തിൽ മികച്ച പ്രവർത്തനത്തിന് ദേശീയതലത്തിൽ ഒന്നാം സ്ഥാനം. ജിയോടാഗിംങ് പ്രവർത്തനങ്ങൾക്ക് തൃശ്ശൂർ ജില്ലയ്ക്ക് ദേശീയതലത്തിൽ രണ്ടാം സ്ഥാനം. വീയ്യപുരം ഗ്രാമപഞ്ചായത്തിന് മികച്ച പ്രവർത്തനങ്ങൾക്കുള്ള ദേശീയ അവാർഡ്.
- 2018ൽ ദേശീയതലത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽ 4 പുരസ്കാരങ്ങൾ. മിഷൻ വാട്ടർ കൺസർവേഷൻ പദ്ധതി നടത്തിപ്പിൽ ദേശീയതലത്തിൽ ഒന്നാം സ്ഥാനവും ബെയർഫൂട്ട് ടെക്നീഷ്യൻ, സമയബന്ധിത കൂലിവിതരണം എന്നിവയിൽ മൂന്നാം സ്ഥാനവും ലഭിച്ചു. പദ്ധതി നടത്തിപ്പിൽ മികച്ച പഞ്ചായത്തിനുള്ള പുരസ്കാരം ആലപ്പുഴ ജില്ലയിലെ ബുധനൂരിന്.
- 2019 ൽ സെക്യൂർ വെബ് ആപ്ലിക്കേഷൻ ദേശീയ തലത്തിൽ നടപ്പിലാക്കുന്നതിന് സംസ്ഥാനം നൽകിയ സേവനം പരിഗണിച്ചു പ്രത്യേക ദേശീയ അവാർഡ്.
- മീനന്തലയാർ - കോടൂരാർ പുനരുജ്ജീവന പ്രവർത്തനങ്ങൾക്ക് കോട്ടയം ജില്ലയ്ക്ക് ദേശീയ അവാർഡ്.
- ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിന് ദേശീയതലത്തിൽ മികച്ച പ്രവർത്തനം കാഴ്ചവച്ചതിന് അവാർഡ്.

### കേരളം നടപ്പിലാക്കിയ മറ്റ് പ്രവർത്തനങ്ങൾ

- 2016-17, 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ 100 ദിവസം പൂർത്തിയാക്കിയ കുടുംബങ്ങൾക്ക് കുടുംബം ഒന്നിന് 1000 രൂപ നിരക്കിൽ സംസ്ഥാന സർക്കാർ ഓണ സമ്മാനമായി 67.20 കോടി രൂപ നൽകി.
- സംസ്ഥാന ഔഷധ സസ്യബോർഡുമായി സംയോജിപ്പിച്ചുകൊണ്ട് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഗൃഹചൈതന്യം എന്ന പദ്ധതി 471 ഗ്രാമപഞ്ചായത്തുകളിൽ നടപ്പാക്കി.

*വിവരങ്ങൾക്ക് കടപ്പാട്*
*മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് മിഷൻ*



# അയ്യങ്കാളി നഗര തൊഴിലുറപ്പിൽ വൻ കുതിപ്പ്

**സംസ്ഥാന ബഡ്ജറ്റിൽ 2015-16ൽ പദ്ധതിക്കായി 15 കോടി രൂപ അനുവദിച്ചപ്പോൾ 2019-20ൽ അത് അഞ്ചിരട്ടി വർദ്ധിപ്പിച്ച് 75 കോടി രൂപയായി ഉയർത്തി**

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മാതൃകയിൽ കേരളം സംസ്ഥാനത്തെ നഗരപ്രദേശങ്ങളിൽ നടപ്പാക്കിയ അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി 2016-17 സാമ്പത്തിക വർഷം മുതൽ ശ്രദ്ധേയമായ പുരോഗതിയാണ് കൈവരിച്ചത്. പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പ്രവർത്തികൾ, സമൂഹത്തിൽ അവശത അനുഭവിക്കുന്ന ജനവിഭാഗങ്ങളുടെ ആസ്തി സംരക്ഷണ പ്രവർത്തനങ്ങൾ, സർക്കാർ ധനസഹായത്തോടെ നിർമ്മിക്കുന്ന ഭവന നിർമ്മാണത്തിലെ അവിദഗ്ധ കായിക തൊഴിൽ ഘടകവും നിർമ്മാണ സാമഗ്രികളുടെ ഉല്പാദനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, നഗരങ്ങളിലെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തുടങ്ങിയവ വളരെ ഫലപ്രദമായ രീതിയിൽ കേരളത്തിലെ നഗരസഭകളിൽ അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി വഴി ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് കഴിഞ്ഞ നാല് വർഷങ്ങളിൽ സാധിച്ചിട്ടുണ്ട്.

- സംസ്ഥാന ബഡ്ജറ്റിൽ 2015-16ൽ പദ്ധതിക്കായി 15 കോടി രൂപ അനുവദിച്ചപ്പോൾ 2019-20ൽ അത് അഞ്ചിരട്ടി വർദ്ധിപ്പിച്ച് 75 കോടി രൂപയായി ഉയർത്തി.
- 2015-16 ൽ 7.48 കോടി ആയിരുന്ന പദ്ധതിയുടെ ചെലവ് 2018-19ൽ 600% വർദ്ധിച്ച് 45.97 കോടി രൂപയായി.
- 2019-20ൽ 64.95 കോടി രൂപ ചെലവും 26.80 ലക്ഷം തൊഴിൽ ദിനങ്ങളും സൃഷ്ടിച്ചു.
- പ്രളയാനന്തര ശുചീകരണ പ്രവർത്തനങ്ങളിൽ 2019-20ൽ 51,485 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു.
- 2018-19ൽ 1225 കുടുംബങ്ങൾക്കും 2019-20ൽ 2871 കുടുംബങ്ങൾക്കും 100 ദിവസം തൊഴിൽ.
- ഇപ്പോൾ ക്ഷീര കർഷകരും അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ ഗുണഭോക്താക്കൾ. രണ്ടിൽ കൂടുതൽ കന്നുകാലികളുള്ള, പ്രതിദിനം 10 ലിറ്ററിൽ കുറയാതെ പാൽ ക്ഷീര സഹകരണ സംഘത്തിന് നൽകുന്ന ക്ഷീര കർഷകർക്ക് ഒരു ദിവസത്തെ വേതനം (പരമാവധി 100 ദിവസം) അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയിൽ നൽകുന്നു.
- ലൈഫ് ഗുണഭോക്താക്കൾക്കുള്ള ഭവന നിർമ്മാണ സാമഗ്രികൾ അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയിലൂടെ നിർമ്മിച്ച് വിതരണം ചെയ്യുന്നു.
- 2018 ലെ പ്രളയവുമായി ബന്ധപ്പെട്ട് ചരൽ, മാലിന്യം നീക്കം ചെയ്യുന്നതിന് 51485 തൊഴിൽ ദിനങ്ങൾ

## സൃഷ്ടിച്ച ആസ്തികൾ

▸ 3888 കനാലുകൾ ▸ 7048 കുളങ്ങൾ ▸ 418 കിണറുകൾ ▸ 317513 ചെടികൾ വച്ചുപിടിപ്പിച്ചു ▸ 690 ഖരമാലിന്യ സംസ്കരണ പദ്ധതികൾ ▸ 258 കന്നുകാലി വളർത്തൽ (ഷെഡ് നിർമ്മാണം) ▸ 3566 കിണറുകളുടെ റീ-ചാർജ്ജിംഗ് ▸ 1,00,000 മഴക്കുഴികൾ ▸ 60,000 പി.എം.എ.വൈ (യു) വീടുകൾ ▸ 42,857 കമ്പോസ്റ്റ് കുഴികൾ ▸ ജൈവ കൃഷിക്കു വേണ്ടി തരിശു ഭൂമി വൃത്തിയാക്കൽ ▸ 868 അരുവി/ നദി പുനരുജ്ജീവന പ്രവൃത്തികൾ ▸ 860 കക്കൂസുകളുടെ നിർമ്മാണം.

## മാതൃകാപരമായ പ്രവർത്തനങ്ങൾ

- പുനലൂർ, ഏലൂർ നഗരസഭകൾ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പദ്ധതിയുമായി സംയോജിപ്പിച്ച് നടത്തി വരുന്നു.
- തിരുവല്ല, അങ്കമാലി നഗരസഭകൾ പി എം എ വൈ ഗുണഭോക്താക്കൾക്കുള്ള ഭവനനിർമ്മാണ സാമഗ്രികൾ നിർമ്മിച്ച് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു വരുന്നു.
- വടക്കാഞ്ചേരി നഗരസഭ സ്ത്രീ തൊഴിലാളികളെ കിണർ നിർമ്മാണം പരിശീലിപ്പിച്ച് 329 കിണറുകൾ നിർമ്മിച്ചു.

# വാർത്തകൾ വിശേഷങ്ങൾ

▸ കൊവിഡ് 19 -പ്രതിരോധ പ്രവർത്തനങ്ങൾ വിദേശങ്ങളിൽ നിന്നും ഇതര സംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന മലയാളികളുടെ ക്വാറന്റൈൻ -പാലിയേറ്റിവ് ചികിത്സയിൽ കഴിയുന്ന രോഗികൾ ഉള്ള വീടുകളിൽ ഹോം ക്വാറന്റൈൻ ഒഴിവാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ. (സ.ഉ(ആർ.ടി) 963/2020/തസ്വഭവ, തീയതി 25/05/2020)

▸ കൊവിഡ് 19 - എസ് എസ് എൽ സി / ഹയർ സെക്കണ്ടറി പരീക്ഷകൾ - വിദ്യാർത്ഥികളുടെ ശരീരോഷ്മാവ് പരിശോധിക്കു ന്നതിന് തെർമൽ സ്കാനർ വാങ്ങി നൽകാൻ ജില്ലാ പഞ്ചായത്തു കൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും അനുമതി. (സ.ഉ(ആർ.ടി) 960/2020/തസ്വഭവ, തീയതി 25/05/2020)

▸ സുഭിക്ഷ കേരളം പദ്ധതി വാർഷിക പദ്ധതിയുടെ ഭാഗമാ ക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ (സ.ഉ(ആർ.ടി) 928/2020/ തസ്വഭവ, തീയതി 20/05/2020)

▸ ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് –കൊവിഡ് 19-സുഭിക്ഷ കേരളം –ഭക്ഷ്യോൽപാദന വർധനവിനുള്ള മഹായ ജ്ഞം-മാർഗ്ഗരേഖ. (സ.ഉ(എം.എസ്) 14/2020/ആ.സ.വ, തീയതി 18/05/2020)

▸ തദ്ദേശ സ്ഥാപനങ്ങൾ റോഡ് പ്രവർത്തികളിൽ ഷ്രഡഡ് പ്ലാസ്റ്റിക്ക് ഉപയോഗിക്കുന്നത് 3119/2016/തസ്വഭവ ഉത്തരവ്-ഭേദ ഗതി. (സ.ഉ(ആർ.ടി) 895/2020/തസ്വഭവ, തീയതി 15/05/2020)

▸ തദ്ദേശ സ്വയംഭരണ വകുപ്പ് -ഇൻഫർമേഷൻ കേരളാ മിഷൻ വികസിപ്പിച്ച ILGMS സോഫ്റ്റ് വെയറിന്റെ പൈലറ്റ് ഇമ്പ്ലിമെന്റഷൻ ചെമ്മരുതി ഗ്രാമ പഞ്ചായത്തിൽ വച്ച് നടത്തുന്ന തിനും തുടർന്ന് സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാ പനങ്ങളിലും വിന്യസിക്കുന്നതിനും അനുമതി നൽകി. (സ.ഉ(ആർ. ടി) 886/2020/തസ്വഭവ തീയതി, 14/05/2020)

▸ ആരോഗ്യ ക്ഷേമ വകുപ്പ്-സംസ്ഥാനത്ത് കൊവിഡ് 19 നിയന്ത്രണം –ഹോം ക്വാറന്റൈൻ പരിശോധന നടപടിക്രമങ്ങൾ. (വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ. (857/2020/H&FWD, തീയതി 10/05/2020)

▸ കൊവിഡ് പകർച്ച വ്യാധിയുടെ പശ്ചാത്തലത്തിൽ തദ്ദേശ സ്ഥാപനത്തിലെ ജനപ്രതിനിധികളുടെ ഓണറേറിയം കുറവ് ചെയ്യുന്നത് സംബന്ധിച്ച്. (സ.ഉ(എം.എസ്) 73/2020/തസ്വഭവ, തീയതി 05/05/2020)

▸ സാമൂഹ്യ പെൻഷൻ -ഡിജിറ്റൽ സൈൻ ഇല്ലാത്തതി നാൽ തടഞ്ഞുവയ്ക്കപ്പെട്ട വിധവാ / 50 വയസ്സിനു മുകളിലുള്ള വർക്കുള്ള അവിവാഹിത പെൻഷൻ -ഗുണഭോക്താക്കൾക്കു പെൻഷൻ അനുവദിച്ച ഉത്തരവ്. (സ.ഉ(ആർ.ടി) 2941/2020/ ധന, തീയതി 05/05/2020)

▸ അയ്യങ്കാളി തൊഴിൽ ഉറപ്പ് പദ്ധതി -കൊവിഡ് 19 പകർച്ചവ്യാധിയുടെ പശ്ചാത്തലത്തിൽ പ്രവൃത്തികൾ ആരം ഭിക്കുന്നതിനു മാർഗ്ഗനിർദ്ദേശങ്ങൾ. (സ.ഉ(ആർ.ടി) 828/2020/ തസ്വഭവ, തീയതി 05/05/2020)

▸ മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധ തി(CMLRRP )-മാർഗ്ഗനിർദ്ദേശങ്ങൾ (സ.ഉ(ആർ.ടി) 818/2020/തസ്വഭവ, തീയതി 04/05/2020)

▸ 2020 -21 വാർഷിക പദ്ധതി -കാർഷിക മേഖലയിലെ പ്രോജക്ടുകളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനു ള്ള നടപടിക്രമങ്ങൾ നിശ്ചയിച്ച് ഉത്തരവ്. (സ.ഉ(ആർ.ടി) 794/2020/തസ്വഭവ, തീയതി 29/04/2020)

▸ കൊവിഡ് 19-തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടക കുടിശ്ശിക പിഴയും പലിശയും ഒഴിവാക്കി ഒടുക്കുന്നതിനുള്ള സമയപരിധി 05.06.2020 വരെ ദീർഘിപ്പിച്ച ഉത്തരവ്. (സ.ഉ(ആർ.ടി) 802/2020/തസ്വഭവ, തീയതി 29/04/2020)

▸ ആരോഗ്യ ജാഗ്രത -പകർച്ചവ്യാധി പ്രതിരോധ പ്രവർ ത്തനങ്ങൾ - കൊതുക് ജന്യ പകർച്ചവ്യാധികൾ ഉൾപ്പെടെ തടയുന്നതിന്റെ ഭാഗമായുള്ള മഴക്കാലപൂർവ്വ ശുചീകരണം സംബന്ധിച്ച്. (സർക്കുലർ 237/ഡി സി.1/20/തസ്വഭാവ, തീയതി 28/05/2020)

▸ മഴക്കാല പൂർവ്വ പ്രതിരോധ പ്രവർത്തനങ്ങൾ -തദ്ദേശ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട അടിയന്തര നടപടികൾ (സർക്കുലർ ഡിഎ1/142/2020/തസ്വഭവ, തീയതി 27/05/2020)

▸ കൊവിഡ് -19 വ്യാപനത്തോടനുബന്ധിച്ചുള്ള ലോക്ക്ഡൗണിനു ശേഷം സംസ്ഥാനത്തെ വിദ്യാലയങ്ങൾ തുറന്നു പ്രവർത്തിക്കുന്നത് സംബന്ധിച്ച്. (സർക്കുലർ 232/ ഡി സി1/20/തസ്വഭവ, തീയതി 27/05/2020)

▸ ലോക്ക്ഡൗൺ കാലയളവിൽ നിർമ്മാണ അനുമതി യുടെ കാലാവധി അവസാനിച്ച കെട്ടിടങ്ങൾക്ക് നിർമ്മാണ അനുമതി 31.12.2020 വരെ ദീർഘിപ്പിച്ചു. (സർക്കുലർ ആർഎ1/168/2020/തസ്വഭവ, തീയതി 07/05/2020)

▸ വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജും- 2011 ലെ കേരള മുനിസിപ്പാലിറ്റി ചട്ടങ്ങളിലെയും 2011 ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെയും ചട്ടം 24ൽ വ്യക്തത വരുത്തി നിർദ്ദേശം പുറപ്പെടുവിച്ചു. (സർക്കുലർ ആർസി2/100/2020/തസ്വഭവ, തീയതി 03/05)

**തദ്ദേശസ്വയംഭരണവകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണരൂപം** www.lsgkerala.gov.in, www.dop.lsgkerala.gov.in **എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്.**



# ഹരിതം മണ്ണും മനസ്സും

**മാലിന്യമകന്ന് തെളിഞ്ഞൊഴുകുന്ന പുഴകളും നീർച്ചാലുകളും കേരളത്തിന്റെ പ്രകൃതി ഭംഗിയും നാട്ടു നന്മകളും തിരിച്ചു കൊണ്ടു വരാനാകുമെന്ന പ്രതീക്ഷ വീണ്ടും ഉണർത്തിയിരിക്കുന്നു. അസാധ്യമെന്ന് കരുതിയ നാഴികക്കല്ലുകൾ താണ്ടി ഹരിത കേരള ദൗത്യം മുന്നേറുകയാണ്**

മാഞ്ഞു പോയ പച്ചപ്പും നഷ്ടമായ ജലസമൃദ്ധിയും പ്രകൃതിയുടെ ലോല ഭാവങ്ങളും തിരികെയെത്തിക്കാൻ കേരളത്തിലെ ജനങ്ങൾ കൈകോർത്ത നാലു വർഷങ്ങൾ ഒരു പാരിസ്ഥിതിക നവോത്ഥാനത്തിന് നാന്ദി കുറിച്ചിരിക്കുന്നു. മാലിന്യമകന്ന് തെളിഞ്ഞൊഴുകുന്ന പുഴകളും നീർച്ചാലുകളും കേരളത്തിന്റെ പ്രകൃതി ഭംഗിയും നാട്ടു നന്മകളും തിരിച്ചു കൊണ്ടു വരാനാകുമെന്ന പ്രതീക്ഷ വീണ്ടും ഉണർത്തിയിരിക്കുന്നു. അസാധ്യമെന്ന് കരുതിയ നാഴികക്കല്ലുകൾ താണ്ടി ഹരിത കേരള ദൗത്യം മുന്നേറുകയാണ്.

വെള്ളം, വൃത്തി, വിളവ് എന്നീ ആശയങ്ങളിലൂന്നി ജലസമൃദ്ധി-ജലസംരക്ഷണം, ശുചിത്വ മാലിന്യ സംസ്കരണം, കൃഷി വികസനം എന്നീ മേഖലകളിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടന്നുവരികയാണ്. കൃഷി, ജലവിഭവം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുടെ നേതൃത്വത്തിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയുടെ ഭാഗമായും ജനകീയ പങ്കാളിത്തത്തോടെയുമാണ് ഹരിതകേരളം മിഷൻ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടപ്പാക്കുന്നത്.

### കാർഷിക സമൃദ്ധി തിരിച്ചു വരുന്നു

തരിശുനിലങ്ങളിലെ കൃഷിവ്യാപനം, ഹരിതസമൃദ്ധി വാർഡ്, കര നെൽകൃഷിയുൾപ്പെടെ അധിക നെൽകൃഷി, സാധ്യമായിടത്ത് ഒരുപൂവിള ഇരുപ്പൂവാക്കിയത്, ജൈവ പച്ചക്കറി കൃഷിവ്യാപനം, സ്കൂൾ വളപ്പുകളിലും സ്ഥാപനങ്ങളുടെ ഭൂമിയിലും പച്ചക്കറികൃഷി, സംയോജിതകൃഷി പ്രോത്സാഹനം എന്നിങ്ങനെ കൃഷി മേഖലയിൽ കാതലായ നേട്ടങ്ങൾ കൈവരിക്കാൻ സർക്കാരിന്റെ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞു.

- തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കൃഷിക്ക് പ്രോത്സാഹനം
- 24000 ഹെക്ടർ തരിശ് നിലങ്ങളിൽ നെൽകൃഷി ; 240 ക്ലസ്റ്ററുകളിൽ ജൈവ പച്ചക്കറി.

### തരിശു രഹിത പഞ്ചായത്ത് പദ്ധതിക്ക് വൻ പിന്തുണ

- 208 ഗ്രാമ പഞ്ചായത്തുകളിലെ 988 വാർഡുകൾ തരിശു രഹിത ഹരിതസമൃദ്ധി വാർഡുകളാക്കി. 2500 സ്കൂളുകളിൽ പച്ചക്കറി കൃഷി; എല്ലാ വീടുകളിലും പച്ചക്കറി കൃഷി നടപ്പിലാക്കാൻ ഹരിതസമൃദ്ധി കാമ്പയിൻ -3,41,038 വീടുകൾ പരിപാടിയുടെ ഭാഗം.
- പൊതുമേഖലാ സ്ഥാപനങ്ങളിലും സർക്കാർ സ്ഥലങ്ങളിലും വിദ്യാലയങ്ങളിലും കൃഷി.
- പാറശ്ശാല, കാട്ടാക്കട, വാമനപുരം, ചിറയിൻകീഴ്, ചാത്തന്നൂർ, തളിപ്പറമ്പ്, കൊട്ടാരക്കര നിയോജക മണ്ഡലങ്ങളിൽ സമ്പൂർണ്ണ തരിശ് രഹിത പദ്ധതി.
- സുഭിക്ഷ കേരളം പദ്ധതിയിലുൾപ്പെടുത്തി 34 പൊതുമേഖലാ സ്ഥാപനങ്ങളിൽ കൃഷിയിറക്കി.

### ദേവഹരിതം പദ്ധതി

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള 1428 ക്ഷേത്രങ്ങളുടെ 3000 ഏക്കർ ഭൂമിയിൽ പച്ചക്കറികൾ, നെല്ല്, ഫലവൃക്ഷങ്ങൾ, ഔഷധ സസ്യങ്ങൾ, ക്ഷേത്രത്തിനാവശ്യമായ പൂകൃഷി തുടങ്ങിയവ കൃഷി ചെയ്യുന്ന പദ്ധതിക്ക് തുടക്കം.

**മാപ്പത്തോൺ**

ഒരു പ്രദേശത്തെ ജനങ്ങൾക്ക് അവിടെയുള്ള ചെറിയ സവിശേഷതകൾ പോലും ഭൂപടത്തിലൂടെ കൃത്യമായി അറിയാനാകും വിധം ഓരോ പ്രദേശത്തിന്റെയും പ്രത്യേകതകൾ മനസ്സിലാക്കി, ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ സ്പഷ്ടതയുള്ള വിഭവ ഭൂപടം തയ്യാറാക്കുന്ന പദ്ധതിയാണ് മാപ്പത്തോൺ. മാപ്പത്തോൺ ഉപയോഗിച്ച് നീർച്ചാലുകളുടെ മാപ്പിംഗ് നടന്നു വരുന്നു.

കോട്ടയം, കൊല്ലം ജില്ലകളിൽ മാപ്പത്തോൺ പൂർത്തിയായി. എറണാകുളം, കണ്ണൂർ, തൃശ്ശൂർ, ഇടുക്കി എന്നീ ജില്ലകളിൽ 80 ശതമാനവും കാസർഗോഡ്, തിരുവനന്തപുരം ജില്ലകളിൽ 70 ശതമാനവും മറ്റു ജില്ലകളിൽ 50 ശതമാനവും മാപ്പിങ്ങ് പൂർത്തിയായി.

## പച്ചത്തുരുത്ത്

കാലാവസ്ഥാ വ്യതിയാനത്തിന്റെ ദൂഷ്യഫലങ്ങളെ ചെറുക്കുന്നതിനുള്ള നടത്തിയ പ്രായോഗിക ഇടപെടലാണ് പച്ചത്തുരുത്ത്. അര സെന്റ് മുതൽ എത്ര ചെറിയ സ്ഥലത്തും ചെറുവനങ്ങൾ വെച്ചു പിടിപ്പിക്കുന്ന ഉദ്യമം.

370 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 536 ഏക്കർ വിസ്തൃതിയിൽ 1,66,177 വൃക്ഷത്തൈകൾ നട്ട് 627 പച്ചത്തുരുത്തുകൾ സൃഷ്ടിച്ചു. 1000 പച്ചത്തുരുത്തുകൾ ലക്ഷ്യം.



## പുഴകൾക്കും നീർച്ചാലുകൾക്കും പുതുജീവൻ

തദ്ദേശഭരണസ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ പൊതുജന കൂട്ടായ്മയിലൂടെയും പങ്കാളിത്തത്തോടെയും ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച പുഴ പുനരുജ്ജീവന പ്രവർത്തനങ്ങളും ജലസ്രോതസ്സുകളുടെ ശുചീകരണ പ്രവർത്തനങ്ങളും ഏറെ ഫലം കണ്ടു. പുനരുജ്ജീവിപ്പിച്ച പുഴകളുടെ സുസ്ഥിരത ഉറപ്പാക്കുന്നതിനുള്ള തുടർ പ്രവർത്തനങ്ങളും ആരംഭിച്ചു.

- കുട്ടമ്പേരൂർ പുഴ, കിള്ളിയാർ, കോലറയാർ, വടക്കേപ്പുഴ, ചാലംകോട് തോട്, മുട്ടം പറപ്പാതോട്, കമ്പ്രയാർ, പെരുംതോട്, പൂനൂർപുഴ തുടങ്ങി മലിനമായി കിടന്ന ജലസ്രോതസുകൾ ശുദ്ധീകരിച്ചു; 390 കി.മീറ്റർ പുഴകളും 36,323 കി.മീറ്റർ നീർച്ചാലുകളും പുനരുജ്ജീവിപ്പിച്ച് നീരൊഴുക്ക് സാധ്യമാക്കി.
- പുനരുജ്ജീവിപ്പിച്ച നദികളുടെ സുസ്ഥിരത ഉറപ്പാക്കാൻ രണ്ടാംഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചു:
ആദിപമ്പ-വരട്ടാർ പുനരുദ്ധാരണത്തിന്റെ രണ്ടാംഘട്ട മാസ്റ്റർപ്ലാൻ തയ്യാറാക്കി; കാനാമ്പുഴ മാസ്റ്റർപ്ലാൻ തയ്യാറാക്കി തുടർപ്രവർത്തനങ്ങൾ ആരംഭിച്ചു; പെരും തോടിൽ പ്രത്യേക പദ്ധതിക്ക് അനുമതി.
- മീനച്ചിലാർ - മീനന്തലയാർ- കൊടൂരാർ പുനസംയോജനം സാധ്യമാക്കി; വൃഷ്ടി പ്രദേശങ്ങളാൽ 800 ഹെക്ടർ കൃഷി.
- കൊട്ടാരക്കര പാണ്ടിവയൽ തോട് പുനരുജ്ജീവിപ്പിച്ച് പ്രദേശത്തെ നെൽകൃഷി പുനരാരംഭിച്ചു.



## ജല സമൃദ്ധിക്ക് നാടൊരുമിച്ച്

- സർക്കാർ പദ്ധതികൾ സംയോജിപ്പിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ 53,745 കിണറുകൾ റീചാർജ് ചെയ്തു; 22,252 കിണറുകൾ നിർമ്മിച്ചു; 13942 കിണറുകൾ നവീകരിച്ചു.
- 13738 കുളങ്ങൾ നിർമ്മിച്ചു; 15381 എണ്ണം നവീകരിച്ചു; 80,66,058 ഘനമീറ്റർ അധിക ജലസംഭരണശേഷി സാധ്യമാക്കി.
- കൊല്ലം, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ ജലസേചന കനാലുകളിലെ ജലം ഉപയോഗിച്ച് കുളങ്ങൾ റീചാർജ്ജ് ചെയ്യാനും കൃഷി വ്യാപിപ്പിക്കാനും



# ഇനി ഞാൻ ഒഴുകട്ടെ

നീർച്ചാലുകളുടെ ജനകീയ വീണ്ടെടുപ്പ്

▸ എല്ലാ പഞ്ചായത്ത്/ നഗരസഭകളിലും ഒരു തോടോ നീർച്ചാലോ തെരഞ്ഞെടുത്ത് ശുചീകരിച്ച് പുനരുജ്ജീവിപ്പിക്കുന്ന ജനകീയ കാമ്പെയിൻ. ▸ ഇതിന്റെ ഭാഗമായി 1,006 നീർച്ചാലുകളിലെ 2034.49 കി.മീ. ശുചീകരിച്ചു; 1,62295 പേർ പങ്കെടുത്തു. ▸ ശുചീകരിച്ച നീർത്തോടുകളുടെ പരിപാലനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ തൊഴിലുറപ്പ് പദ്ധതിയുടെ സഹായത്തോടെ നടത്തും. ▸ വാർഡുകളിൽ പ്രത്യേക പ്രാദേശിക സംഘാടക സമിതി. നീർച്ചാലുകൾ വീണ്ടും മലിനപ്പെടാതിരിക്കാൻ ബോധവൽക്കരണം. ▸ പാർശ്വ സംരക്ഷണത്തിന് ജൈവ രീതികൾ. കൈവഴികളുടെയും വൃഷ്ടിപ്രദേശത്തിൻറെയും സംരക്ഷണത്തിന് നീർത്തട ആസൂത്രണം. ▸ വരൾച്ചയെ പ്രതിരോധിക്കാൻ നീർത്തടങ്ങളിൽ തടയണ.

വിവിധ വകുപ്പ് പ്രതിനിധികളെ ഉൾപ്പെടുത്തി ഫോക്കസ് ഗ്രൂപ്പുകൾ.

▸ ജനപ്രതിനിധികളുടെ നേതൃത്വത്തിൽ വാർഡ് അടിസ്ഥാനത്തിൽ ജല പാർലമെന്റുകൾ; ജല മിതവ്യയ ബോധവത്കരണത്തിന് ജലമാണ് ജീവൻ കാമ്പയിൻ; കാട്ടാക്കട മണ്ഡലത്തിൽ നടപ്പിലാക്കിയ 'വറ്റാത്ത ഉറവയ്ക്ക് ജലസമൃദ്ധി' പദ്ധതി ദേശീയ ശ്രദ്ധയിൽ.

▸ പാറക്വാറികളിലെ ജല സമ്പത്ത് ഉപയോഗപ്പെടുത്താൻ പദ്ധതി; കുളങ്ങളിലും നീർച്ചാലുകളിലും സ്റ്റെയിലുകൾ സ്ഥാപിച്ച് ജലസമ്പത്ത് തിട്ടപ്പെടുത്താൻ നടപടി;' എല്ലാ ജില്ലയിലും തെരഞ്ഞെടുത്ത ബ്ലോക്ക് പഞ്ചായത്തിൽ ജലബജറ്റ്.

▸ ഹയർസെക്കണ്ടറി സ്കൂളിലെ രസതന്ത്ര ലാബിൽ കുടിവെള്ള ഗുണനിലവാര പരിശോധനയ്ക്ക് സൗകര്യം: ആദ്യ ലാബുകൾ ധർമ്മടം, ചിറ്റൂർ, ചിറയിൻകീഴ് അസംബ്ലി മണ്ഡലങ്ങളിൽ. സഹായത്തിന് അത്യാധുനിക സാങ്കേതികവിദ്യയും

### ഹരിതദൃഷ്ടി മൊബൈൽ ആപ്ലിക്കേഷൻ

▸ ജലസംരക്ഷണം, മാലിന്യസംസ്കരണം, കൃഷി എന്നീ മേഖലകളിലെ പ്രവർത്തനങ്ങൾക്ക് ഇ മോണിട്ടറിങ് - മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ജലസേചന വകുപ്പ്, കാർഷിക വികസന കർഷക ക്ഷേമവകുപ്പ്, മണ്ണ് സംരക്ഷണ വകുപ്പ്, ഭൂഗർഭ ജല വകുപ്പ്, സംസ്ഥാന ഭൂവിനിയോഗ ബോർഡ്, കുടുംബശ്രീ തുടങ്ങിയ വകുപ്പുകളും ഏജൻസികളും നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ അടിസ്ഥാന വിവരശേഖരണം നടത്തുന്നതിനും റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും മോണിട്ടർ ചെയ്യുന്നതിനും മൊബൈൽ ആപ്പും വെബ് ആപ്ലിക്കേഷനും ഉൾപ്പെടുന്ന ഇ-മോണിറ്ററിംഗ് സംവിധാനം.

▸ എല്ലാ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലും സമഗ്ര നീർത്തട വികസനത്തിന് മാസ്റ്റർ പ്ലാൻ.

### ഹരിത അവാർഡ്

മണ്ണ് - ജല സംരക്ഷണ പ്രവർത്തനങ്ങളുടെ മികവിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മുഖ്യമന്ത്രിയുടെ ഹരിത അവാർഡ്. ഒന്നാം സ്ഥാനക്കാർക്ക് 10 ലക്ഷം രൂപയും ഫലകവും സാക്ഷ്യപത്രവും; രണ്ടാം സ്ഥാനത്തിന് 7 ലക്ഷം രൂപ; മൂന്നാം സ്ഥാനം നേടുന്നവർക്ക് 5 ലക്ഷം രൂപ. ജില്ലാതല വിജയികൾക്ക് 3 ലക്ഷം രൂപ. □

*വിവരങ്ങൾക്ക് കടപ്പാട്: ഹരിതകേരളംമിഷൻ*

### ജലസംരക്ഷണത്തിന് ബന്ധാരകൾ; കിഫ്ബി വഴി പണം

ഏറ്റവും ജലക്ഷാമം അനുഭവിക്കുന്ന നാല് ജില്ലകളിൽ ബന്ധാര മാതൃകയിലുള്ള വേനൽക്കാല ജലസംഭരണികൾ നിർമ്മിക്കുന്നതിന് കിഫ്ബി വഴി പണം കണ്ടെത്തും: സംസ്ഥാനത്ത് 34 ബന്ധാരകൾക്ക് നിർമ്മാണാനുമതി-

ഭവാനിപ്പുഴയിൽ 13, ഉതപ്പുഴയിൽ 6, ചന്ദ്രഗിരിയിൽ 9, അച്ചൻകോവിൽ ആറിൽ 6 ; തളിപ്പറമ്പ് നിയോജക മണ്ഡലത്തിൽ എം.എൽ.എ. യുടെ പ്രാദേശിക ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ബന്ധാര നിർമ്മിച്ച് ജലസംഭരണം സാധ്യമാക്കി. കോൺക്രീറ്റ് തടയണയ്ക്കു പകരം പുഴയ്ക്കു കുറുകെ തൂണുകൾ നിർമ്മിച്ച് അതിൽ എടുത്തുമാറ്റാവുന്ന ഫൈബർ ഷീറ്റുകൾ സ്ഥാപിച്ച് വെള്ളം തടഞ്ഞ് സംഭരിക്കുന്നതാണ് ബന്ധാര പദ്ധതി.

# Kerala is a Beacon to the World, Global Media sing the praises

# കൊവിഡ് -19 നെതിരായ കേരളത്തിന്റെ പോരാട്ടം

## ലോകത്തിന് പഠിക്കാൻ ഏറെ

**സോണിയ ഫലേറോ**

..അന്ന് വൈകുന്നേരത്തോടെ സംസ്ഥാന ആരോഗ്യ മന്ത്രി കെ.കെ. ശൈലജ തലസ്ഥാനത്തു നിന്നെത്തി. സയൻസ് അധ്യാപിക കൂടി യായിരുന്ന അവർ സംസ്ഥാനത്ത് കൊറോണ സ്ഥിരീകരിച്ചതിനു ശേഷമുള്ള സാഹചര്യം കൃത്യതയോടെയും കാര്യക്ഷമമായും കൈകാര്യം ചെയ്ത് അതിനകം തന്നെ പ്രശംസ പിടിച്ചുപറ്റിയിരുന്നു. "കൊറോണ വൈറസിന്റെ അന്തക " എന്നൊരു വിളിപ്പേരും മാധ്യ മങ്ങൾ അവർക്ക് ചാർത്തി നൽകിയിരുന്നു. ബ്രിട്ടൻ, യു.എസ്. തുടങ്ങിയ രാജ്യങ്ങളെ പോലെ ഇന്ത്യയുടെ മറ്റ് ഭാഗങ്ങളും രോഗ വ്യാപനം തടയുന്നതിനുള്ള മാർഗമെന്ന നിലയിൽ ജനങ്ങളുടെ സഞ്ചാരം നിയ ന്ത്രിക്കുന്നതിന് കർശന നടപടികൾ സ്വീകരിക്കാൻ പിന്നെയും രണ്ടു മാസം കാത്തിരുന്നപ്പോൾ, ജനവരി മുതൽക്കു തന്നെ സംസ്ഥാനത്തെ നാല് രാജ്യാന്തര വിമാനത്താവളങ്ങളിലുമെത്തുന്ന യാത്രക്കാരെ പരിശോധിക്കാൻ ശൈലജ ഉത്തരവു നൽകിയിരുന്നു. ..

രോഗലക്ഷണങ്ങൾ കാണിച്ച എല്ലാവരെയും സർക്കാർ സൗകര്യ ങ്ങളുപയോഗിച്ച് പരിശോധനയ്ക്ക് വിധേയരാക്കി, ഐസൊലേഷനിൽ പാർപ്പിച്ചു. അവരുടെ സ്രവ സാമ്പിളുകൾ 700 മൈൽ അകലെയുള്ള നാഷണൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ അയച്ച് പരിശോധിപ്പിച്ചു. ഫെബ്രുവരിയോടു കൂടി മുഴുവൻ സംസ്ഥാനത്തുമുള്ള പൊലീസിനെയും മറ്റ് ഉദ്യോഗസ്ഥരെയും ഇതിനു വേണ്ടി ഏകോപിപ്പിച്ചു പ്രവർത്തിക്കുന്ന ഒരു 24 അംഗ സ്റ്റേറ്റ് റെസ്പോൺസ് ടീം അവർ സജ്ജമാക്കി. ഇത് പൊതുവിൽ പറഞ്ഞാൽ അസാധാരണമാണ്. എന്നാൽ, പല സന്ദർ ഭങ്ങളിലും കേരളത്തിന്റെ വഴി രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളുടേതിൽ നിന്ന് വേറിട്ടതായിരുന്നിട്ടുണ്ട്. ..

......കൊവിഡ് 19 ന് എന്ന പോലെ നിപ്പയ്ക്കും പ്രതിരോധ വാക്സിനോ ഫലപ്രദമായ ചികിൽസയോ ഉണ്ടായിരുന്നില്ല. പതിനേഴ് പേരാണ് അന്ന് മരണമടഞ്ഞത്. എന്നിരുന്നാലും സാങ്കേതികമായ പോരായ്മകൾ ഉണ്ടായിരുന്നിട്ടു കൂടിയും ഒരു മാരക ദുരന്തമാകുമായിരുന്ന നിപ്പയുടെ വ്യാപനം പൊതുജനാരോഗ്യ സംവിധാനത്തിന്റെ മികച്ച പ്രവർത്ത നത്തിലൂടെ തടഞ്ഞ കേരളത്തിന്റെ നേട്ടത്തെ ഒരു വിജയഗാഥയെ ന്നാണ് ലോകാരോഗ്യ സംഘടന വിശേഷിപ്പിച്ചത്.

*MIT Technology Review,*
*Cambridge, Massachusetts, April13, 2020*

## കേരള മാതൃക കേരളത്തിന്റെ മാതൃക

**ദേവിക ദേശായി**

........മാർച്ച് 10ന് സംസ്ഥാനത്തെ എല്ലാ കോളേജുകളും ഏഴാം തരം വരെയുള്ള സ്കൂളുകളും അടച്ചു. പ്രധാനമന്ത്രി നരേന്ദ്ര മോദി 21 ദിവസത്തെ രാജ്യവ്യാപക ലോക്ക് ഡൗൺ പ്രഖ്യാപിക്കുന്നതിന് ഒരു ദിവസം മുമ്പ്, മാർച്ച് 23ന്, സംസ്ഥാനത്ത് ലോക്ക് ഡൗൺ നടപ്പിലാക്കി. ആയിരിക്കണക്കിന് കുടിയേറ്റ തൊഴിലാളികളെ ഭക്ഷണമില്ലാതെ അലയാൻ വിട്ട കേന്ദ്ര ലോക്ക് ഡൗണിൽ നിന്ന് വ്യത്യസ്തമായി, ലോക്ക് ഡൗൺ കാലത്ത് സഹായവും പിന്തുണയും ആവശ്യ മുള്ളവർക്കു വേണ്ടി കേരളം ഒരു സാമൂഹ്യ സഹായ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിൽ വരുത്തിയിരുന്നു

. അതിഥി തൊഴിലാളികൾക്കു വേണ്ടി യുള്ള 18,828 ക്യാമ്പുകളും ദിവസം 2,80,000 ഭക്ഷണപ്പൊതികൾ വിതരണം ചെയ്യുന്ന 1,255 സമൂഹ അടുക്കളകളും നടത്തുകയും 3.69 ദശലക്ഷം കുടുംബങ്ങൾക്ക് സൗജന്യ റേഷൻ കിറ്റുകൾ നൽകുകയും ചെയ്യുന്ന 2,50,000 സന്നദ്ധ പ്രവർത്തകരുൾപ്പെടുന്ന സംവിധാനം മാർച്ച് ഇരുപത്തി ആറോടെ സജ്ജമായി.....

ശക്തമായ ആരോഗ്യരക്ഷാ സംവിധാനവും മികച്ച ആശയ വിനിമയ രീതികളും ഫലപ്രദമായി ഉപയോഗപ്പെ ടുത്തി പ്രവർത്തിക്കുന്ന കേരളത്തെ കൊവിഡ് മഹാമാരിക്കെതിരായ ആഗോള യുദ്ധത്തിലെ റോൾ മോഡലെന്ന് ലോക മാധ്യമങ്ങൾ പുക ഴ്ത്തുന്നു.

*National Post, Toronto,*
*Canada, April 23*

## വൈറസിനെതിരായ കേരളത്തിന്റെ വീരോചിത പോരാട്ട കഥകൾ

**നിധീഷ് എം.കെ**

വാക്സിൻ നിലവിൽ ഇല്ലാത്തതും അപായകാരിയുമായ നിപാ വൈറസിനെ
വിജയകരമായി നേരിട്ടതിന്റെ കീർത്തി കൊവിഡ് 19 മഹാമാരി വരുന്നതിനു
മുമ്പുതന്നെ കേരളത്തിലെ ആരോഗ്യ വകുപ്പിന് ഉണ്ടായിരുന്നു. എന്നാൽ, കഴിഞ്ഞ
ഏതാനും ആഴ്ചകളായി പൊതുജനാരോഗ്യ വൃത്തങ്ങൾ മാത്രമല്ല കൊറോണ
വൈറസിനെ നേരിടുന്നതിനുള്ള പ്രവർത്തനങ്ങളുമായി രംഗത്തുള്ളത്. ആരോ
ഗ്യരംഗത്തെ പ്രവർത്തനങ്ങൾക്ക് സമാന്തരമായി ജനങ്ങളുടെ ജീവനോപാധികൾ
കൂടി സംരക്ഷിക്കാതെ ഈ വിജയഗാഥ പൂർണ്ണമാകുമായിരുന്നില്ല. ലോക്ക്
ഡൗണിന് രണ്ട് ദിവസം മുമ്പു തന്നെ ഇന്ത്യയിലെ ഏതെങ്കിലും സംസ്ഥാനത്തെ
ഏറ്റവും വലിയ സഹായ പാക്കേജ് ( 20000 കോടി രൂപയുടേത് ) കേരള
സർക്കാർ പ്രഖ്യാപിച്ചിരുന്നു. ഐസൊലേഷനിലുള്ളവരും ആവശ്യക്കാരുമായ
ലക്ഷക്കണക്കിനു പേർക്ക് ഭക്ഷണമെത്തിക്കാൻ സംസ്ഥാനത്ത് സമൂഹ
അടുക്കളകൾ തുറന്നു. സമൂഹ അടുക്കളകൾ നടത്താൻ മുഖ്യമന്ത്രി പിണറായി
വിജയൻ ഒരു സന്നദ്ധ സേന രൂപീകരിച്ചു; ഒരാഴ്ചയ്ക്കകം അതിന്റെ അംഗബലം
2,50,000 കടന്നു. മറ്റ് പല സംസ്ഥാനങ്ങളിലെയും കുടിയേറ്റ തൊഴിലാളികൾ
ക്ക് ദേശീയ പാതകളിലൂടെ വലിയ ദൂരങ്ങൾ കാൽനടയായി സഞ്ചരിക്കേണ്ടി
വന്നപ്പോൾ, വലിയ കഷ്ടപ്പാടുകൾക്ക് വിധേയരാകുമായിരുന്ന അത്തരക്കാർ
അടക്കമുള്ള വിഭാഗങ്ങളെക്കൂടി കേരളം കരുതി. അവർക്ക് സൗജന്യ ഭക്ഷണവും
താമസവും ഒരുക്കി. ഭക്ഷണം ഇഷ്ടപ്പെടാതെ വന്നവർക്ക് പാചകം ചെയ്യാതെ
ഭക്ഷ്യവസ്തുക്കൾ ലഭ്യമാക്കി. കേരളത്തിലെ കുടിയേറ്റ തൊഴിലാളികൾ
അധികമായി സംസാരിക്കുന്ന അഞ്ച് ഭാഷകളിലും സംസ്ഥാന
സർക്കാരും സന്നദ്ധ സംഘടനകളും ചേർന്ന് കോൾ
സെന്റർ സൗകര്യം സജ്ജീകരിച്ചു.

*The Mint , New Delhi, 20 April 2020,*

## കേരളത്തിന്റെ കൊവിഡ് വിജയഗാഥ പകർത്താനാവാത്തത്

**എം.കെ. ഭദ്രകുമാർ**

കേരളത്തിന്റെ വിജയാനുഭവം ഇങ്ങനെ സംഗ്രഹിക്കാം. കൊവിഡ് 19 ന്റെ സാഹചര്യത്തിൽ കേരളത്തിലെ മികവാർന്ന ആരോഗ്യരക്ഷാ സംവിധാനം ആധികാരികതയുള്ള രാഷ്ട്രീയ നേതൃത്വത്തിൻ കീഴിൽ യുദ്ധകാലാടിസ്ഥാനത്തിൽ ഉണർന്നു പ്രവർത്തിച്ചു. മഹാമാരിയുടെ ഗൗരവവും അപായകരമായ സ്വഭാവവും സംബന്ധിച്ച് സാക്ഷരതയിൽ ഉയർന്ന കേരള ജനതയ്ക്കുള്ള വ്യക്തമായ അവബോധം ലോക്ക് ഡൗണും വിശദമായ സമ്പർക്ക വിവരശേഖരണവും വലിയൊരു സംഖ്യ വരുന്ന ആളുകളെ ക്വാറന്റൈയിനിൽ പാർപ്പിക്കുന്നതും അടക്കമുള്ള സർക്കാരിന്റെ പ്രവർത്തനങ്ങളെ സമൂഹത്തിന്റെ എല്ലാ തട്ടിലും എത്തിച്ച് വിജയമാക്കുന്നതിൽ അതിപ്രധാന പങ്കുവഹിച്ചു. തെരഞ്ഞെടുക്കപ്പെട്ട ഭരണനേതൃത്വത്തിന്റെ ആധികാരികതയും സർക്കാർ സംവിധാനത്തിൽ ജനങ്ങൾക്കുള്ള വിശ്വാസവും കേരളത്തിന്റെ വിജയത്തിൽ ഒരു മൗലിക ഘടകമായി പ്രവർത്തിച്ചു.

മുകളിൽ പറഞ്ഞ നാലു ഘടകങ്ങളിൽ ഏതെങ്കിലും ഒരെണ്ണം മാറ്റിയാൽ ഈ എടുപ്പ് ദുർബ്ബലമാവും. സമത്വത്തിന്റെയും സാമൂഹ്യനീതിയുടെയും തത്ത്വങ്ങളിൽ ഊന്നുന്ന പ്രതികരണ ക്ഷമതയുള്ള രാഷ്ട്രീയമാണ് ഇന്ത്യയിലെ വടക്കൻ സംസ്ഥാനങ്ങൾക്ക് ഇല്ലാത്തത്. ഈ ഗുരുതരമായ പോരായ്മ കേവലമൊരു വെട്ടിയൊട്ടിപ്പു കൊണ്ട് നികത്താനാവില്ല.

*Indian Punchline*
*April 19, 2020*

## കേരളം കൊവിഡ് ഗ്രാഫ് താഴ്ത്തിയത് ഇങ്ങനെ

**എസ്. നഫീസ**

പ്രവർത്തനങ്ങളിലെ സുതാര്യതയും വിശ്വാസ്യതയുമാണ് കേരളം ഏറ്റവും കൂടുതൽ ഊന്നൽ നൽകിക്കാണുന്ന രണ്ടു കാര്യങ്ങൾ. മുഖ്യമന്ത്രിയുടെ എന്നുമുള്ള വാർത്താ സമ്മേളനം ഭയത്തിന് അടിമപ്പെടാതെയും ജാഗ്രത കൈവിടാതെയും ഈ സാഹചര്യം നേരിടാൻ ജനങ്ങളെ സഹായിക്കുന്നു. കിംവദന്തികൾക്ക് ഇടം നൽകാതെ, വൈറസ് വ്യാപനത്തിന്റെ കൃത്യമായ വിവരങ്ങൾ മുഖ്യമന്ത്രി തന്നെ നേരിട്ട് ജനങ്ങളെ അറിയിക്കുന്നത് പരിഭ്രാന്തിയുടെ സാഹചര്യം ഒഴിവാക്കുകയും അതേസമയം, ജനങ്ങളെ ജാഗ്രതപ്പെടുത്തുകയും ചെയ്യുന്നു. വ്യാജ വാർത്തകളുടെ കുത്തൊഴുക്ക് തടയാനും ഇതിലൂടെ സർക്കാരിന് കഴിയുന്നു. മുഖ്യമന്ത്രിയുടെ വിമർശകർ ഉൾപ്പെടെ സംസ്ഥാനത്തെ ജനങ്ങൾ അദ്ദേഹത്തിന്റെ 6.00 മണിക്കുള്ള വാർത്താ സമ്മേളനത്തിനായി ഓരോ ദിവസവും കാത്തിരിക്കുന്നു. ഈ ദിവസങ്ങളിലെ മലയാള ചാനലുകളിൽ ഏറ്റവും കൂടുതൽ ആളുകൾ കാണുന്ന പരിപാടിയായി റേറ്റ് ചെയ്യപ്പെട്ടിട്ടുള്ളത് ഈ വാർത്താ സമ്മേളനമാണ്. ചോദ്യോത്തരങ്ങളടക്കം 40- 50 മിനിട്ട് നീളുന്ന ഈ വാർത്താസമ്മേളനത്തിൽ സർക്കാരിന്റെ നയങ്ങളും തീരുമാനങ്ങളും മഹാമാരിയുടെ സാഹചര്യം നേരിടാൻ കൈക്കൊള്ളുന്ന ക്ഷേമ നടപടികളും വ്യക്തമായി വിശദീകരിക്കുന്നു.

"ഈ മനുഷ്യന് എന്തൊരു കരുതലാണ്" എന്നത് മലയാള സാമൂഹ്യ മാധ്യമങ്ങളിലെ ജനപ്രിയ ടാഗ് ലൈൻ ആയിരിക്കുന്നു. പ്രവാസികൾ, കുടിയേറ്റ തൊഴിലാളികൾ, തെരുവിൽ കഴിയുന്നവർ തുടങ്ങി വ്യത്യസ്ത വിഭാഗങ്ങളിൽ പെട്ടവരെ സഹായിക്കുന്നതിനുള്ള നടപടികൾ മുതൽ ഭക്ഷണം കിട്ടാതായ തെരുവുനായ്ക്കളുടെ വിശപ്പകറ്റുന്നതു വരെയുള്ള കാര്യങ്ങൾ അദ്ദേഹം എണ്ണിയെണ്ണി പറയും. ലോകമെങ്ങുമുള്ള മലയാളികൾ ശ്രദ്ധിക്കുന്ന ഈ വാർത്താ സമ്മേളനം 4 ലക്ഷം പേർ ഫേസ്ബുക്കിൽ ലൈവായി കാണുന്നു.

*The Federal*
*14 April 2020*

## കൊവിഡ് 19 നെതിരായ പോരാട്ടത്തിൽ കേരള സംസ്ഥാനം ലോക മാതൃക

**സുബിൻ ഡെന്നീസ്, വിജയപ്രസാദ്**

2008- 2009 ലെ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനു വേണ്ടി സർക്കാർ കൈക്കൊണ്ട തീരുമാനങ്ങളുടെ ഫലമായി ലോകമെങ്ങും പൊതുജനാരോഗ്യ സംവിധാനങ്ങൾ ദുർബലമായിത്തീർന്ന വേളയിൽ അതിൽ നിന്ന് വ്യത്യസ്തമായി, 2006 - 2011 ൽ കേരളം ഭരിച്ച ഇടതുപക്ഷ സർക്കാർ കൈക്കൊണ്ട നടപടികൾ സംസ്ഥാനത്തെ പൊതുജനാരോഗ്യ സംവിധാനത്തിന് പുതിയ ഉണർവ് നൽകിയിരുന്നു. യുദ്ധത്തിലും പണത്തിലും മാത്രം താൽപര്യം കാണിക്കുന്ന ഭരണകൂടമാണ് യഥാർത്ഥ ജനാധിപത്യ ഭരണകൂടമെന്നും ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്താൻ സർക്കാർ ശക്തമായ സംവിധാനങ്ങൾ ഒരുക്കുന്നത് അമിതാധികാര വാഴ്ചയാണെന്നും വരുത്തിത്തീർക്കാൻ കഴിഞ്ഞതാണ് നിയോലിബറലിസത്തിന്റെ ഏറ്റവും വലിയ വിജയങ്ങളിൽ ഒന്ന്. വലിയ അളവിൽ ചൈനയും ഇന്ത്യാ യൂണിയനിലെ ഒരു സംസ്ഥാനമെന്ന നിലയിൽ കേരളവും കൊറോണ വ്യാപനത്തെ വിജയകരമായി നേരിട്ടത് എങ്ങനെയെന്ന് മനസ്സിലാക്കുന്നതിൽ ലോകത്തിന് പരാജയം സംഭവിക്കുന്നത് ഈ പശ്ചാത്തലത്തിലാണ്.

ചൈനയിലും കേരളത്തിലും ജനകീയ സംവിധാനങ്ങൾ താരതമ്യേന കുറ്റമറ്റതാണ്. മാത്രവുമല്ല, സോഷ്യലിസ്റ്റ് പാർട്ടികൾ സജീവമായ ഈ ഭാഗങ്ങളിൽ കൊറോണ വൈറസിനെതിരെ പോരാടുന്നതിനുള്ള സന്നദ്ധ പ്രവർത്തനങ്ങൾക്കായി സമയവും ഊർജവും നീക്കിവയ്ക്കാനുള്ള രാഷ്ട്രീയ നേതൃത്വത്തിന്റെ ആഹ്വാനം ചെവിക്കൊള്ളാൻ ആളുണ്ടായി.....

*New frame Johannesburg,*
*South Africa.,*
*1 Apr 2020*

## കേരളത്തിലെ സാമൂഹ്യ സംഘാടനത്തിന്റെ കരുത്ത്

**പാട്രിക്ക് ഹെല്ലർ**

കഴിഞ്ഞ രണ്ട് ദശാബ്ദങ്ങളിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ശാക്തീകരണം ഇതിൽ ഗുണം ചെയ്തുവെന്ന് വ്യക്തമാണ്. ഹോട്ട് സ്പോട്ടുകളിലെ നിയന്ത്രണങ്ങൾ സൂക്ഷ്മതലത്തിൽ നടപ്പിലാക്കുന്നതിലും കുടിയേറ്റ തൊഴിലാളികൾ, പ്രായം ചെന്നവർ, ഭിന്നശേഷിക്കാർ എന്നിങ്ങനെ സർക്കാരിന്റെ പ്രത്യേക സഹായം ആവശ്യമുള്ളവരെ കണ്ടെത്തി വിപുലമായ സർക്കാർ സേവനങ്ങൾ അവരിൽ എത്തിക്കുന്നതിലും പഞ്ചായത്ത്, ജില്ല, മുനിസിപ്പാലിറ്റി തലങ്ങളിലെ സർക്കാർ സംവിധാനങ്ങൾക്കും പൗരസമൂഹത്തിനും ഇടയിലുള്ള യോജിപ്പും ഏകോപനവും പ്രധാനമാണ്; അത് ഉറപ്പാക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മുഖ്യ പങ്കുണ്ട്.

ജനങ്ങൾക്ക് സർക്കാരിലുള്ള വിശ്വാസം അളക്കാൻ എളുപ്പമല്ല. എന്നാൽ, ഞാനും എന്റെ സഹപ്രവർത്തകരും ബംഗളൂരുവിലെ ജനാഗ്രഹ എന്ന സർക്കാരിതര സംഘടനയുമായി ചേർന്ന് കൊച്ചിയടക്കമുള്ള പത്ത് ഇന്ത്യൻ നഗരങ്ങളിലെ എല്ലാ ജാതി, മത, വർഗ വിഭാഗങ്ങളിലും നടത്തിയ വിശദമായ സർവേയിൽ മനസ്സിലാക്കാൻ കഴിഞ്ഞതനുസരിച്ച്, മറ്റു സംസ്ഥാനങ്ങളിലെ ജനങ്ങളെ അപേക്ഷിച്ച് മലയാളികൾക്ക് അവരുടെ സ്ഥാപനങ്ങളിലും അവർ തെരഞ്ഞെടുത്ത തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളിലും വളരെ കൂടിയ വിശ്വാസമുണ്ട്. ഇത് മറ്റെന്തിലുമുപരി, കേരളത്തിലെ സാമൂഹ്യ സംഘാടനത്തിന്റെ കരുത്താണ് കാണിക്കുന്നത്.

*Patrick Heller is Lyn Crost Professor of Social Sciences and Professor of Sociology and International Affairs, Brown University, US-*
*The Hindu , 18 April 2020*

## കൊവിഡ് 19- കേരളത്തിലെ പൊതുജനാരോഗ്യ സംവിധാനവും തദ്ദേശ സ്വയംഭരണവും

**ടി.എം. തോമസ് ഐസക്, രാജീവ് സദാനന്ദൻ**

ദുരന്തനിവാരണം എല്ലാ കാലത്തും അധികാരശ്രേണീബദ്ധമായ ഒരു കേന്ദ്രീകൃത പ്രക്രിയ ആയിരുന്നു; ഇനിയും അത് അങ്ങനെ തന്നെ ആയിരിക്കുകയും ചെയ്യും. എന്നാൽ, വിശാല ചട്ടക്കൂടിനുള്ളിൽ മേൽത്തട്ടിൽ നിന്ന് നിയന്ത്രിക്കുന്ന പ്രവർത്തനങ്ങൾക്കൊപ്പം, ദുരന്തങ്ങളുടെ ആഘാതം കുറയ്ക്കുന്നതിലും പ്രവർത്തനങ്ങൾ നീതിപൂർവകമാക്കുന്നതിലും പ്രാദേശിക ആസൂത്രണവും സംഘാടനവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇടപെടലും എത്രമാത്രം പ്രധാനമാണെന്ന് കേരളത്തിന്റെ അനുഭവം വ്യക്തമാക്കുന്നു. പ്രാദേശിക ദുരന്തനിവാരണ പദ്ധതി തയ്യാറാക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങളെ അധികാരപ്പെടുത്തുന്ന സർക്കാർ ഉത്തരവ്വ വന്നതോടെ, ഈ പുതിയ ഉത്തരവാദിത്വത്തിന് ഔദ്യോഗിക അംഗീകാരമായി. പഞ്ചായത്ത് / മുനിസിപ്പാലിറ്റി തല ദുരന്തനിവാരണ പദ്ധതി റിപ്പോർട്ടുകൾ സമീപകാല പ്രകൃതി ദുരന്തങ്ങളുടെ, വിശേഷിച്ച് വെള്ളപ്പൊക്ക ദുരന്തങ്ങളുടെ, അനുഭവം വിലയിരുത്തി, തദ്ദേശഭരണ സ്ഥാപനതലത്തിലും സർക്കാരിന്റെ കൂടുതൽ ഉയർന്ന തലങ്ങളിലും നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ നിർദ്ദേശിക്കുന്നു. ദുരന്തം ഉണ്ടായാലുള്ള തൽസമയ നടപടികളും ഇതിൽ ഉൾപ്പെടും. ജനസംഖ്യയിലെ 100 പേർക്ക് കുറഞ്ഞത് ഒരാളെ ഉൾപ്പെടുത്തി ഒരു സന്നദ്ധ സേനയും സർക്കാർ രൂപീകരിക്കുന്നുണ്ട്. ദുരന്ത വേളയിൽ ഈ സന്നദ്ധ സേവകർ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഏകോപനത്തിൻ കീഴിൽ പ്രവർത്തിക്കും. പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും ഈ ദുരന്ത മാനേജ്മെന്റ് ചട്ടക്കൂടിന് നന്നായി ഇണങ്ങുന്നതാണ് കൊവിഡ് 19 കാലത്തെ പ്രവർത്തനവും.

*Economic & Political Weekly*
*2020 May 23*

അരങ്ങൊഴിഞ്ഞ വീട്ടുനന്മകൾ–7

# ശുചിത്വ സംസ്കാരത്തിന്റെ ഓർമ്മപ്പെടുത്തലായി കോളാമ്പി



■ മുരളീധരൻ തഴക്കര

**പൊതുസ്ഥലത്തു തുപ്പുന്നത് ശിക്ഷാർഹമായ കുറ്റമാണെന്ന് വിധിക്കുകയും അത് നിരോധിച്ചുകൊണ്ട് കോടതി ഉത്തരവിടുകയും ചെയ്യുമ്പോഴാണ് പഴമയുടെ ഈ നന്മയ്ക്ക് ഏറെ പ്രസക്തി കൈവരുന്നത്. പ്രത്യേകിച്ച് കൊറോണ പോലെയുള്ള മാരകവൈറസുകൾ മനുഷ്യജീവന് ഭീഷണിയായി മാറുമ്പോൾ അതിന് കാലികപ്രസക്തി കൈവരികയും ചെയ്യുന്നു.**

"തുപ്പരുത്, തോറ്റുപോകും" കൊറോണ വൈറസ് സർവ്വനാശം വിതയ്ക്കുന്ന ഈ കാലത്ത് പൊതുസമൂഹത്തോടുള്ള ഈ ഉപദേശം മാധ്യമങ്ങളിലൂടെ നാം നിരന്തരം കേൾക്കുകയാണ്. മൂന്ന് ലക്ഷത്തിലധികം മനുഷ്യജീവനുകൾ കവർന്ന ഈ മഹാവ്യാധിക്ക് മരുന്നില്ലാത്ത സാഹചര്യത്തിൽ എല്ലാവിധ ശുചിത്വമാർഗ്ഗങ്ങളും അവലംബിച്ചുകൊണ്ട് അരൂപിയായ ഈ വൈറസിനെ അകറ്റിനിർത്തുകയെന്ന പ്രായോഗികസമീപനമാണ് നാം സ്വീകരിച്ചിരിക്കുന്നത്. സോപ്പിട്ട് നിരന്തരം കൈകഴുകുക, മാസ്ക് അഥവാ മുഖാവരണം ധരിക്കുക, പൊതുസ്ഥലത്ത് തുപ്പാതിരിക്കുക, തുമ്മുകയും മൂക്കു ചീറ്റുകയും ചെയ്യുമ്പോൾ കർച്ചീഫ് ഉപയോഗിക്കുക തുടങ്ങിയ ശുചിത്വശീലങ്ങൾ ഒരു നിഷ്ഠയായി മാറിയിരിക്കുന്നു.

ഇതാ, ഇവിടെയാണ് ഏറെ പുരാതനമായ മലയാളിയുടെ ശുചിത്വബോധത്തിന്റെ പ്രതീകമായ 'കോളാമ്പി'യുടെ പ്രാധാന്യം. പണ്ട് പഴയ തറവാടുകളിൽ മാത്രമല്ല മിക്കവാറും എല്ലാ വീടുകളിലും പ്രായമായവരുടെ കട്ടിലിനടിയിൽ ഒരു കോളാമ്പിയുണ്ടാകുമായിരുന്നു. സാമ്പത്തികശേഷിയുള്ളവർ ഓട്ടുകോളാമ്പി ഉപയോഗിക്കുമ്പോൾ മറ്റുള്ളവർ അലുമിനിയം കൊണ്ടുള്ള കോളാമ്പിയാണ് ഉപയോഗിക്കുക. എന്നാൽ അതിനും പാങ്ങില്ലാത്തവർ വലിയ ചിരട്ടയിൽ മണ്ണിട്ട് അത് കോളാമ്പിക്കു പകരം ഉപയോഗിച്ചിരുന്നു. ശുചിത്വപാലനത്തിന്റെ കാര്യത്തിൽ സമ്പന്നരെന്നോ സാധാരണക്കാരെന്നോ വ്യത്യാസമില്ലായിരുന്നു. ഏതൊരു മലയാളിയെ സംബന്ധിച്ചും പരമ്പരാഗത ശീലമായിരുന്നു ഇത്.

വായ്‌വട്ടമുള്ള മേൽഭാഗവും മധ്യഭാഗം ഒതുങ്ങി അടിവശം പരന്ന് സവിശേഷ ഘടനയുള്ള ലോഹപാത്രമാണിത്. 'തുപ്പാനുള്ള ഓട്ടുപാത്രം' എന്നാണ് ശബ്ദതാരാവലിയിൽ കോളാമ്പിയുടെ അർത്ഥം. കട്ടിലിലിരുന്ന് കാലാട്ടരുത്, അത് ദോഷമാണെന്ന് കാരണവൻമാർ കുട്ടികളെ ഉപദേശിക്കാറുണ്ട്. ഇവർ കിടക്കുന്ന കട്ടിലിലിരുന്ന് കാലാട്ടുമ്പോൾ ഒരുപക്ഷെ കാലുതട്ടി കോളാമ്പി മറിഞ്ഞേന്നിരിക്കും. ഇതൊഴിവാക്കുക എന്ന പ്രായോഗിക യുക്തിയാകാം ഈ ഉപദേശത്തിന്റെ പൊരുൾ. 'വെറ്റില മുറുക്കുമായി ബന്ധപ്പെട്ട് മുറുക്കി തുപ്പാനാണ് കോളാമ്പി പ്രധാനമായും ഉപയോഗിച്ചിരുന്നത്. രോഗാവസ്ഥയിൽ ശയ്യാവലംബികളായവർക്കും വാർദ്ധക്യത്തിലെത്തിയവർക്കും കോളാമ്പി കൂട്ടായിരുന്നു!

സി.വി.രാമൻപിള്ള, അദ്ദേഹത്തിന്റെ കൃതികളിൽ കോളാമ്പിയുമായി ബന്ധപ്പെടുത്തി ഒട്ടുവളരെ പുതിയ പ്രയോഗങ്ങൾ നടത്തിയിട്ടുണ്ട്. ഏതു നേരവും വെറ്റില മുറുക്കുന്ന ധർമ്മരാജായിലെ മാമാവെങ്കിടനെ 'കോളാമ്പിവായൻ' എന്നാണ് പരിഹസിക്കുന്നത്. പഴയ സമ്പന്നതറവാടുക

## എന്റെ വായനക്കാർ

### ജനസൗഹൃദമാണെന്ന് അടിവരയിടുന്നു

ലോകമഹായുദ്ധമുയർത്തിയ ഭീതിയേക്കാൾ എത്രയോ ഇരട്ടി ഭീതി ജനങ്ങൾക്കിടയിൽ പരത്താൻ ശ്രമിക്കുന്ന ഒന്നാണല്ലോ കൊവിഡ്-19. എന്നാൽ ലോകത്തിനു കേരളം നൽകുന്ന പാഠം ഭരണകൂടവും ജനതയും ഒന്നായ് മാറുന്നിടത്ത് വൈറസ് ബാധ നിരോധിക്കപ്പെടും എന്നു തന്നെയാണ്. സർക്കാർ സംവിധാനങ്ങൾ ഗുണപരമായും ഫലപ്രദമായും ഉണർന്നു പ്രവർത്തിച്ചതിനാൽ മറ്റ് സംസ്ഥാനങ്ങളെക്കാളും രാജ്യങ്ങളെക്കാളും കൊറോണ വിരുദ്ധ പോരാട്ടത്തിൽ നാം മുന്നിലാണ്. മുഖ്യമന്ത്രിയുടെ പ്രചോദനസന്ദേശത്തിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പങ്ക് ഊന്നിപ്പറയുന്നുണ്ട്. സമകാലജനതയെ മാത്രമല്ല, വരുംതലമുറകളെക്കൂടി ഈ മഹാവിപത്തിൽ നിന്നു രക്ഷിക്കുവാനുള്ള കർമ്മ പരിപാടികളും പ്രായോഗികനിർദ്ദേശങ്ങളുമാണ് മുഖ്യമന്ത്രി ചൂണ്ടിക്കാണിക്കുന്നത്. ഒരു ജനതയ്ക്ക് അവരർഹിക്കുന്ന ഭരണാധികാരിയെ കിട്ടും എന്ന മഹത്‌വചനം പോലെ മലയാളിസമൂഹത്തിന് ഉത്തമമായ ഒരു ഭരണകൂടത്തെയും ഭരണനായകനെയുമാണ് ലഭിച്ചിരിക്കുന്നതെന്ന് നിസ്സംശയം പറയാം.

ഏപ്രിൽ ലക്കം ഫോക്കസ് ചെയ്യുന്ന ഈ സുപ്രധാനവിഷയങ്ങൾ മാസിക എത്രത്തോളം ജനസൗഹൃദമാണെന്നു അടിവരയിടുന്നു. ഭാവുകങ്ങൾ.

**രജനി**
**മലയിൻകീഴ്**

പഞ്ചായത്ത് രാജ് മാസികയിലേക്കുള്ള ലേഖനങ്ങളും കത്തുകളും prmdp2020@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അയക്കേണ്ടതാണ്.

ളിലെ ഉഗ്രപ്രതാപികളായ നാടുവാഴികളും മറ്റും യാത്ര പോകുമ്പോൾ വെറ്റിലച്ചെല്ലവും കോളാമ്പിയും എടുക്കുന്നതിന് വാല്യക്കാരെക്കൂടെ കൂട്ടുമായിരുന്നത്രേ. രാജകൊട്ടാരങ്ങളിൽ സ്വർണ്ണ കോളാമ്പി ഉപയോഗിച്ചിരുന്നതായി പറയുന്നുണ്ട്. യാത്രയിൽ പോലും കോളാമ്പി ചുമക്കുന്നതിനായി ഒരു വാല്യക്കാരനെനിയോഗിച്ചിരുന്നുവെന്നത് ഇന്നു കേൾക്കുമ്പോൾ അരോചകമായി തോന്നാം. മാത്രമല്ല, അതിരുകവിഞ്ഞ ആഢ്യത്വവുമാണ്. എന്നാൽ മുറുക്കി തുപ്പുന്നത് വഴിയോരങ്ങളിലും പൊതു ഇടങ്ങളിലും ആകരുതെന്നുള്ള ഒരു നന്മയുടെ അംശം ഇവിടെ പ്രകടമാകുന്നു എന്നു സമാധാനിക്കാം.

കോളാമ്പിയിലെ വെറ്റിലച്ചണ്ടിയും മാലിന്യവുമെല്ലാം വീടിന്റെ അടുത്തുനിന്നു മാറി ഏതെങ്കിലും ഒഴിഞ്ഞ ഭാഗത്ത് ചെറിയ കുഴിയുണ്ടാക്കി അതിൽ നിക്ഷേപിക്കും. മാത്രമല്ല, ദിവസവും കോളാമ്പി തേച്ചുകഴുകി വൃത്തിയാക്കുകയും ചെയ്യും. വലിയ വായ്‌വട്ടമുള്ള കോളാമ്പിയുടെ ആകൃതിയുള്ളതു കൊണ്ടാകാം ഉച്ചഭാഷിണിയുടെ ഹോണിന് കോളാമ്പി മൈക്കെന്ന് വിളിപ്പേരുവന്നത്. പഴയ തുപ്പൽ കോളാമ്പിയുടെ ആധുനിക രൂപപരിണാമമാണ് ഇന്നത്തെ നമ്മുടെ വാഷ്ബേസിനുകൾ. കോളാമ്പി ഉപയോഗിച്ചു നടത്തിയിരുന്ന എല്ലാ കാര്യങ്ങളും ഇപ്പോൾ വാഷ്ബേസിനുകളിൽ നടത്തുന്നു! അതുമാത്രമല്ല, വീടിനു പുറത്തു നാം നടത്തിയിരുന്ന എല്ലാ പ്രവൃത്തികളും വീടിനകത്തായിരിക്കുന്നു. രാവിലത്തെ പ്രാഥമിക പ്രഭാതകൃത്യങ്ങളെല്ലാം കിടപ്പുമുറിയോടു ചേർന്നുള്ള ബാത്ത്റൂമിൽ തന്നെ ചെയ്യുന്നു. പല്ലു തേയ്ക്കുന്നതും നാവ് വൃത്തിയാക്കുന്നതും വസ്ത്രങ്ങൾ അലക്കുന്നതും കുളിക്കുന്നതുമെല്ലാം വീടിനുള്ളിൽ തന്നെ! എന്നാൽ വീടിനകത്ത് ചെയ്തിരുന്ന പ്രധാനപ്രവൃത്തി വീടിനു പുറത്തായി. അടുക്കളയിൽ ഭക്ഷണം പാകം ചെയ്തു കഴിക്കുന്ന രീതിയാണ് മാറിയത്. കഴിയുമെങ്കിൽ മൂന്നുനേരവും അതു പുറത്തുനിന്നായി - ഹോട്ടലിലോ തട്ടുകടയിലെ നിന്ന് ഭക്ഷണം വാങ്ങുകയും കഴിക്കുകയും ചെയ്യുക! ഇതാണ് പുതിയ കാലത്തിന്റെ രീതി. വൻകിട ചെറുകിട വ്യവസായം കണക്കേ കേരളത്തിൽ ആശുപത്രികളുടെയും മെഡിക്കൽ സ്റ്റോറുകളുടെയും സംഖ്യാബലം വർദ്ധിച്ചു എന്നതാണ് ഇതിന്റെ മറുവശം.

ഇന്നും പുരാതനകുടുംബങ്ങളിൽ ഓട്ടുകൊണ്ടും പിത്തള കൊണ്ടുമുള്ള പഴയ കോളാമ്പികൾ ക്ലാവ് പിടിച്ചുകിടക്കുന്നുണ്ടാകും! അവ തേച്ചുമിനുക്കി വീണ്ടും പൂമുഖത്ത് വെയ്ക്കണമെന്നില്ല - പക്ഷെ പോയ കാലത്തെ ശുചിത്വ സംസ്കാരത്തിന്റെ ഓർമ്മപ്പെടുത്തലായി - അതിനായുള്ള ആഹ്വാനമായി നാം അതിനെ കാണുകയും കരുതുകയും വേണം.

വിദ്യാഭ്യാസത്തിലും വായനയിലും ഏറെ ഔന്നത്യത്തിലെത്തിയ നമ്മൾ കേരളീയർക്ക് ശുചിത്വബോധത്തിന്റെ കാര്യത്തിൽ മുൻതലമുറ അനുവർത്തിച്ച നന്മകളെ നിലനിർത്താൻ സാധിക്കുന്നുണ്ടോ? പരിസരബോധമില്ലാതെ എവിടെയും മുറുക്കിത്തുപ്പുകയും ചുമച്ചുതുപ്പുകയും മൂക്കു ചീറ്റുകയും ചെയ്യുന്ന നാം പൂർവ്വികരുടെ കോളാമ്പി സംസ്കാരത്തെ പഴഞ്ചനെന്ന് പുച്ഛിക്കുമെങ്കിലും അതിന്റെ പിന്നിലെ ആരോഗ്യ അവബോധത്തെയും ഉദ്ദേശശുദ്ധിയെയും കാണാതിരുന്നുകൂടാ. പൊതുസ്ഥലത്തു തുപ്പുന്നത് ശിക്ഷാർഹമായ കുറ്റമാണെന്ന് വിധിക്കുകയും അത് നിരോധിച്ചുകൊണ്ട് കോടതി ഉത്തരവിടുകയും ചെയ്യുമ്പോഴാണ് പഴമയുടെ ഈ നന്മയ്ക്ക് ഏറെ പ്രസക്തി കൈവരുന്നത്. പ്രത്യേകിച്ച് കൊറോണ പോലെയുള്ള മാരകവൈറസുകൾ മനുഷ്യജീവന് ഭീഷണിയായി മാറുമ്പോൾ അതിന് കാലികപ്രസക്തി കൈവരികയും ചെയ്യുന്നു.

ഇന്നും പുരാതനകുടുംബങ്ങളിൽ ഓട്ടുകൊണ്ടും പിത്തളകൊണ്ടുമുള്ള പഴയ കോളാമ്പികൾ ക്ലാവ് പിടിച്ചുകിടക്കുന്നുണ്ടാകും! അവ തേച്ചുമിനുക്കി വീണ്ടും പൂമുഖത്ത് വെയ്ക്കണമെന്നില്ല - പക്ഷെ പോയ കാലത്തെ ശുചിത്വസംസ്കാരത്തിന്റെ ഓർമ്മപ്പെടുത്തലായി - അതിനായുള്ള ആഹ്വാനമായി നാം അതിനെ കാണുകയും കരുതുകയും വേണം. □





## പരസ്യ നിരക്ക്

| | |
|---|---|
| കവർ (അവസാന പുറം) കളർ | ₹ 12000 |
| കവർ (ഉൾവശം) കളർ | ₹ 10000 |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | ₹ 8000 |
| മറ്റു പേജുകൾ (കളർ) | ₹ 8000 |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | ₹ 6000 |
| അരപേജ് (കളർ) | ₹ 5000 |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 3000 |

**പഞ്ചായത്ത്‌രാജ്**

വാർഷിക വരിസംഖ്യ ₹ 120



**PANCHAYAT RAJ (Monthly)** May 2020
Annual Subscription ₹120, Published on 20 May 2020

RNI. No. : 7959/61
Postal Reg. No. KL/TV(N) 391/2018-20
Licensed to post without prepayment No. KL/TV(N) WPP/85/2018-20




Printed & Published by Dr.P.K. Jayasree IAS, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Gramalakshmi Mudralayam, Kanjikodu, Palakkad, Kerala and
Published at Directorate of Panchayats, Museum P.O., Thiruvananthapuram - 695 033, Kerala. Editor: Dr.P.K. Jayasree IAS